**പതിനഞ്ചാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## നാല്പത്തിമൂന്നാമത് റിപ്പോർട്ട്

(2023 ആഗസ്റ്റ് മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2016 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.1 അടിസ്ഥാനമാക്കി തയ്യാറാക്കിയത്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

നാല്പത്തിമൂന്നാമത് റിപ്പോർട്ട്

(2023 ആഗസ്റ്റ് മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച
2016 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ്
റിപ്പോർട്ടിലെ ഖണ്ഡിക 3.1 അടിസ്ഥാനമാക്കി
തയ്യാറാക്കിയത്]

887/2023.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | .. | 111 |
| അനുബന്ധം II : | | |
| സർക്കാർ സ്വീകരിച്ച നടപടി | .. | 116 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

**ഘടന**

<u>അധ്യക്ഷൻ</u> :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

<u>അംഗങ്ങൾ</u> :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അനിൽകുമാർ ബി., അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2021-23)യുടെ നാല്പത്തി മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2016 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.1 - എഡിബി സഹായത്തോടെയുള്ള കേരള സുസ്ഥിര നഗര വികസന പദ്ധതി-ന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2023 ആഗസ്റ്റ് മാസം 8-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,

*അധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,

2023 ആഗസ്റ്റ് 10.

# റിപ്പോർട്ട്

## കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2016 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.1 അടിസ്ഥാനമാക്കി തയ്യാറാക്കിയത്

## എഡിബി സഹായത്തോടെയുള്ള കേരള സുസ്ഥിര നഗരവികസന പദ്ധതി

പ്രസക്ത ഭാഗങ്ങൾ

കേരള സുസ്ഥിര നഗര വികസന പദ്ധതി (കെ.എസ്.യു.ഡി.പി.) അതിൽപ്പെട്ട നഗരപ്രദേശങ്ങളിൽ താമസിക്കുന്ന ആളുകളുടെ നഗര പരിസ്ഥിതി, സാമ്പത്തിക സ്ഥിതി, ജീവിത സ്ഥിതി എന്നിവ മെച്ചപ്പെടുത്താനുദ്ദേശിച്ചുള്ള ഒരു ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്ക് (എഡിബി) വായ്പ പദ്ധതി ആണ്. കേരളത്തിലെ അഞ്ച് മുനിസിപ്പൽ കോർപ്പറേഷനുകളായ തിരുവനന്തപുരം (റ്റിവിഎം), കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നു. ആകെ പദ്ധതി തുകയായ ₹ 1422.50 കോടിയിൽ $221.20 ദശലക്ഷം (₹995.40 കോടി) എഡിബി വായ്പയും ബാക്കി തുക $59.8 ദശലക്ഷം (₹ 269.1 കോടി) കേരള സർക്കാരും $35.1 ദശലക്ഷം (₹158 കോടി) കോർപ്പറേഷനുകളും നൽകേണ്ടിയിരുന്നു. വായ്പ പ്രാബല്യത്തിൽ വന്ന തീയതി 2007 ഫെബ്രുവരി 8 ആണ്. അഞ്ച് വർഷത്തെ അവധി കാലയളവ് ഉൾപ്പെടെ തിരിച്ചടവ് കാലാവധി 25 വർഷമാണ്. 2012 ജൂൺ 30-ന് പൂർത്തിയാക്കാൻ ആദ്യം ലക്ഷ്യമിട്ട പദ്ധതി 2016 ജൂൺ 30 വരെ നീട്ടിവയ്ക്കപ്പെട്ടു.

**പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ പ്രധാന കണ്ടെത്തലുകൾ താഴെപ്പറയുന്നു:**

**അഞ്ച് കോർപ്പറേഷനുകളിലായി നടപ്പിലാക്കാൻ ഏറ്റെടുത്ത 24 പദ്ധതികളിൽ ഏഴെണ്ണം മാത്രമാണ് പൂർത്തിയാക്കിയത്.**

(ഖണ്ഡിക 3.1.6)

**കേരള തദ്ദേശഭരണ വികസന ഫണ്ട് (കെഎൽജിഡിഎഫ്) പ്രവർത്തനസജ്ജം ആക്കാത്തത് മൂലം 'പാർട്ട് സി-തദ്ദേശഭരണ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ' എന്ന ഘടകം റദ്ദ ചെയ്ത് സംസ്ഥാനത്തെ 53 മുനിസിപ്പാലിറ്റികളിലെ അടിസ്ഥാന സൗകര്യ പദ്ധതികൾക്കായുള്ള ₹67.50 കോടിയുടെ എഡിബി വായ്പ നഷ്ടപ്പെടാൻ ഇടയായി.**

(ഖണ്ഡിക 3.1.7.1)

**₹330.12 കോടിയുടെ 15 കരാറുകൾ ഇടയ്ക്കുവച്ച് അവസാനിപ്പിച്ചത് കാരണം ഈ പദ്ധതികൾക്ക് വേണ്ടി ചെലവാക്കിയ ₹77.34 കോടി ഫലപ്രദമല്ലാതായി.**

**96 ശതമാനം കരാറുകൾ ഇനിയും പൂർത്തിയാക്കേണ്ടതായിട്ടുള്ള അഴുക്കുചാൽ നിർമ്മാണ ഘടകത്തിന്റെ നടപ്പാക്കൽ വളരെ മോശമായിരുന്നു.**

(ഖണ്ഡിക 3.1.8.1)

**കൊല്ലം അഴുക്കുചാൽ പദ്ധതികൾക്ക് അനുവദനീയമായ 10 ശതമാനത്തിനു പകരം ക്രമരഹിതമായി 73 ശതമാനം വർദ്ധനവ് അനുവദിച്ചത് ₹3.85 കോടിയുടെ ക്രമരഹിത വിതരണത്തിന് കാരണമായി.**

(ഖണ്ഡിക 3.1.9.2)

**തിരുവനന്തപുരം കോർപ്പറേഷനിലെ അഴുക്കുചാൽ പാക്കേജുമായി ബന്ധപ്പെട്ട് കരാറുകാരനിൽ നിന്നും നഷ്ടപരിഹാരമായി ശേഖരിച്ച ₹1.62 കോടി തിരികെ കൊടുക്കാനുള്ള എംപവേർഡ് കമ്മിറ്റിയുടെ തീരുമാനം കരാർ വ്യവസ്ഥകളുടെ ലംഘനമായിരുന്നു.**

(ഖണ്ഡിക 3.1.9.3)

**പുനരധിവാസ പദ്ധതികൾ നടപ്പിലാക്കുന്നതിലെ പോരായ്മകൾ കാരണം കൊല്ലം റോഡ് മെച്ചപ്പെടുത്തൽ പണിക്ക് നൽകിയ ₹13.10 കോടിയുടെ വായ്പ എഡിബി തിരിച്ചെടുത്തു.**

(ഖണ്ഡിക 3.1.11.1)

**പദ്ധതിയുമായി ബന്ധപ്പെട്ട് ആർജ്ജിച്ച ₹37.46 കോടിയുടെ ആസ്തി ഉപയോഗശൂന്യമായി കിടക്കുന്നു**

(ഖണ്ഡിക 3.1.12)

**പദ്ധതികാലയളവ് നാല് വർഷം കണ്ട് നീട്ടിയിട്ടും ആദ്യം അനുവദിച്ച വായ്പയുടെ 51.48 ശതമാനം മാത്രമാണ് കോർപ്പറേഷനുകൾക്ക് നേടിയെടുക്കുവാൻ കഴിഞ്ഞത്.**

(ഖണ്ഡിക 3.1.14.1)

**എഡിബി സമയാനുക്രമമുള്ള ഓർമ്മപ്പെടുത്തലുകൾ നൽകിയിട്ടും, നിശ്ചിത കാലയളവിനുള്ളിൽ പൂർത്തീകരിക്കാൻ സാദ്ധ്യതയില്ലാത്ത പദ്ധതികൾക്കുള്ള വായ്പ റദ്ദ് ചെയ്യുന്നതിൽ കേരള സർക്കാർ പരാജയപ്പെട്ടത് കാരണം ₹43.68 കോടിയുടെ കമ്മിറ്റ്മെന്റ് ചാർജ്ജ് എഡിബിയ്ക്ക് നൽകേണ്ടിവന്നു.**

(ഖണ്ഡിക 3.1.14.2)

**കോർപ്പറേഷനുകൾ പദ്ധതിക്കായുള്ള ഫണ്ടുകൾ നൽകിയില്ല. പദ്ധതി വിഹിതത്തിന്റെ ഭാഗമായി ₹50.67 കോടി കോർപ്പറേഷനുകൾ കേരള സർക്കാരിന് നൽകാനുണ്ട്.**

(ഖണ്ഡിക 3.1.14.3)

**പദ്ധതി നടത്തിപ്പിനായി നൽകിയ ₹1.96 കോടിയുടെയും ₹17.32 കോടിയുടെയും ഉപയോഗിക്കാത്ത നിക്ഷേപങ്ങൾ യഥാക്രമം കേരള ജല അതോറിറ്റിയും പിഡബ്ള്യൂഡിയും കൈവശം വച്ചു.**

(ഖണ്ഡിക 3.1.14.4)

**ഇടയ്ക്ക് വച്ച് നിറുത്തേണ്ടി വന്നതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ പണിയുമായി ബന്ധപ്പെട്ട് കരാറുകാർക്ക് നൽകിയ ₹19.46 കോടിയുടെ മൊബിലിസേഷൻ അഡ്വാൻസ് തിരിച്ച് പിടിച്ചില്ല.**

(ഖണ്ഡിക 3.1.14.5)

### 3.1.1 ആമുഖം

ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്ക് (എഡിബി) ഗണ്യമായി ഫണ്ട് ചെയ്യുന്ന (₹995.40 കോടി) ഒരു പദ്ധതിയായ ₹1422.50 കോടിയുടെ കേരള സുസ്ഥിര നഗരവികസന പദ്ധതി (കെഎസ്‌യുഡിപി) സംസ്ഥാനത്തെ അഞ്ച്[1] മുനിസിപ്പൽ കോർപ്പറേഷനുകളിൽ (കോർപ്പറേഷനുകൾ) താമസിക്കുന്നവരുടെ നഗര പരിസ്ഥിതി, സാമ്പത്തിക സ്ഥിതി, ജീവിത സ്ഥിതി എന്നിവ മെച്ചപ്പെടുത്താൻ ഉദ്ദേശിച്ചുള്ളതാണ്. ബാക്കി പദ്ധതി ചെലവ് കേരള സർക്കാരും (ജിഒകെ) (₹269.10 കോടി) മുനിസിപ്പൽ കോർപ്പറേഷനുകളും ( ₹158 കോടി) ആണ് വഹിക്കേണ്ടത്. ഭാരത സർക്കാരും (ജിഒഐ) എഡിബിയും തമ്മിൽ വായ്പാ ഉടമ്പടി 2006 ഡിസംബർ 8-ന് ഒപ്പുവയ്ക്കുകയും കെഎസ്‌യുഡിപിയ്ക്ക് വേണ്ടി എഡിബി വായ്പ എടുക്കുന്നതിനുള്ള പ്രസ്തുത പദ്ധതി ഉടമ്പടി കേരള സർക്കാർ അംഗീകരിക്കുകയും (2007 മാർച്ച്) ചെയ്തു.

---

1 തിരുവനന്തപുരം(റ്റിവിഎം),കൊല്ലം,കൊച്ചി,തൃശ്ശൂർ, കോഴിക്കോട്

2007 ജൂലൈയിൽ പദ്ധതിക്ക് കേരള സർക്കാർ ഭരണാനുമതി നൽകി. വായ്പയുടെ പ്രാബല്യ തീയതി 2007 ഫെബ്രുവരി 8 ആണ്. പലിശയടക്കമുള്ള[2] ലോണിന്റെ തിരിച്ചടവ് കേരള സർക്കാർ 2011 ജനവരി മുതൽ തുടങ്ങിയിട്ടുള്ളതും ആയത് 20 വർഷക്കാലയളവിൽ പൂർത്തിയാക്കേണ്ടതുമാണ്. 2012 ജൂൺ 30-ന് പൂർത്തിയാക്കാൻ തുടക്കത്തിൽ ലക്ഷ്യമിട്ടിരുന്ന പദ്ധതി ആദ്യം 2014 ജൂൺ 30 വരെയും പിന്നീട് 2016 ജൂൺ 30 വരെയും[3] രണ്ട് പ്രാവശ്യം നീട്ടി വയ്ക്കപ്പെട്ടു.

### 3.1.2 സംഘടനാ രൂപം

പദ്ധതിയുടെ നിർവ്വഹണ ഏജൻസി (ഇഎ)കേരള സർക്കാരിന്റെ തദ്ദേശസ്വയംഭരണ വകുപ്പ് (തസ്വഭ വകുപ്പ്) ആണ്. വായ്പാ ഉടമ്പടി നൽകൽ, എഡിബിയുമായുള്ള വായ്പാ ധാരണാപത്രങ്ങളുടെ നടപ്പാക്കലിന്റെ മേൽ നിരീക്ഷണം, അനുമതികൾ, അംഗീകാരങ്ങൾ, എന്നിവ ഉൾപ്പെടെ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും തീരുമാനിക്കാനുള്ള അധികാരം എൽഎസ്ജിഡി മന്ത്രിയുടെ നേതൃത്വത്തിലുള്ള സംസ്ഥാനതല എംപവേഡ് കമ്മിറ്റിക്ക് (ഇസി) ആയിരുന്നു. സംസ്ഥാനത്തെ പദ്ധതി നടത്തിപ്പ്, മേൽ നിരീക്ഷണം, മേൽനോട്ടം എന്നിവയുടെ പൊതുവെയുള്ള ഉത്തരവാദിത്തം പ്രോജക്റ്റ് ഡയറക്ടർ (പിഡി)തലവനായുള്ള പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിനായിരുന്നു (പിഎംയു). പ്രിൻസിപ്പൽ സെക്രട്ടറി തലവനായുള്ള സംസ്ഥാനതല ഏകോപന സമിതി (സിസി)യാണ് പദ്ധതിയുടെ സുഗമമായ നടത്തിപ്പ് ഉറപ്പുവരുത്തേണ്ടത്. പദ്ധതിയുടെ നടപ്പാക്കൽ ഏജൻസികൾ മുനിസിപ്പൽ കോർപ്പറേഷനുകളാണ്. വിവിധ മേഖലകളിലുള്ള പ്രഗത്ഭർ ഉൾപ്പെട്ട ഒരു പ്രോജക്റ്റ് ഇംപ്ളിമെന്റേഷൻ യൂണിറ്റ് (പിഐയു) ഓരോ കോർപ്പറേഷനിലുമുണ്ട്. കൂടാതെ എഡിബിയുമായുള്ള കരാറിൽ ടെക്നിക്കൽ സപ്പോർട്ട് യൂണിറ്റ് (റ്റിഎസ്‌യു), ഡിസൈൻ ആന്റ് സൂപ്പർവിഷൻ കൺസൾട്ടന്റ് (ഡിഎസ്‌സി), പ്രോജക്റ്റ് പെർഫോമൻസ് മോണിറ്ററിംഗ് സിസ്റ്റം കൺസൾട്ടന്റ് സർവ്വീസുകൾ (പിപിഎംഎസ്) എന്നിങ്ങനെ മൂന്ന് കൺസൾട്ടൻസി സർവ്വീസുകൾ രൂപീകരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. വിവിധ അതോറിറ്റികളുടെയും കൺസൾട്ടന്റുകളുടെയും രൂപീകരണം പദ്ധതി നടത്തിപ്പിൽ അവരുടെ കടമകൾ എന്നിവ അനുബന്ധം IX-ൽ വിവരിച്ചിരിക്കുന്നു.

2 കാലാകാലങ്ങളിൽ പിൻവലിക്കുന്ന ലോൺ തുകയ്ക്ക് ലണ്ടൻ ഇന്റർ ബാങ്ക് പലിശ നിരക്കും (ലിബോർ)അധികമായി 0.60 ശതമാനവും എന്ന നിരക്കിന് തുല്യമായ നിരക്ക് ബാധകമാണ്.

3 2016 ജൂൺ 30 വരെയുള്ള എല്ലാ അർഹമായ ചെലവും തിരികെ നൽകികൊണ്ട് 2016 നവംബർ 25 ന് എഡിബി വായ്പാ അക്കൗണ്ട് ക്ലോസ് ചെയ്തു.

## അനുബന്ധം IX

### ഭരണവും നിർവ്വഹണ സജ്ജീകരണങ്ങളും

| സ്ഥാപനം | വിശദാംശങ്ങൾ |
|---|---|
| നിർവ്വഹണ ഏജൻസി (ഇഎ) | പദ്ധതിയുടെ ഇഎ ആയ തദ്ദേശസ്വയംഭരണ വകുപ്പാണ് (എൽഎസ്ജിഡി), കേരള സർക്കാർ, പദ്ധതിയുടെ മൊത്തത്തിലുള്ള തന്ത്രപരമായ മാർഗ്ഗനിർദ്ദേശം, സാങ്കേതിക മേൽനോട്ടം, നടപ്പാക്കൽ എന്നിവയുടെ ഉത്തരവാദിത്വവും എഡിബിയുടെ വായ്പാ വ്യവസ്ഥകൾ അനുവർത്തിക്കുന്നത് ഉറപ്പുവരുത്തേണ്ടതും. |
| പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് (പിഎംയു) | മൊത്തത്തിലുള്ള പ്രോജക്റ്റ് നിർവ്വഹണം, മേൽനിരീക്ഷണം, മേൽനോട്ടം എന്നിവയ്ക്ക് ഒരു മുഴുവൻ സമയ പ്രോജക്റ്റ് ഡയറക്ടർ നയിക്കുന്ന സാങ്കേതികവിദഗ്ധർ അടങ്ങുന്ന സംസ്ഥാനതല പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിനാണ് (പിഎംയു) ഉത്തരവാദിത്വം പിഎംയു എൽഎസ്ജിഡി സെക്രട്ടറിയ്ക്ക് നേരിട്ട് റിപ്പോർട്ട് ചെയ്യേണ്ടതായിട്ടുണ്ട്. 2005 ഒക്ടോബറിലാണ് സംസ്ഥാന സർക്കാർ പദ്ധതിക്ക് വേണ്ടി പിഎംയു രൂപീകരിച്ചത്. |
| എംപവേർഡ് കമ്മിറ്റി (ഇസി) | 2007 മാർച്ചിൽ തദ്ദേശസ്വയംഭരണ മന്ത്രി ചെയർമാനും ബന്ധപ്പെട്ട വകുപ്പുകളുടെ സെക്രട്ടറിമാർ, കുടുംബശ്രീയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ, പ്രോജക്റ്റ് നഗരങ്ങളുടെ മേയർമാർ, പ്രോജക്റ്റ് ഡയറക്ടർ (കെഎസ്‌യുഡിപി), ഡയറക്ടർ (നഗരകാര്യം), ചീഫ് ടൗൺ പ്ളാനർ എന്നിവർ മെമ്പർമാരുമായി ബിഒകെ രൂപീകരിച്ച ഒരു സംസ്ഥാനതല എംപവേർഡ് കമ്മിറ്റി പ്രോജക്റ്റുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനം എടുത്തു. |
| കോഓർഡിനേഷൻ കമ്മിറ്റി (സിസി) | എൽഎസ്ജിഡി, ധനകാര്യം, ആസൂത്രണം, സർക്കാർ പരിപാടികളുടെ നവീകരണം, എന്നിവയുടെ സെക്രട്ടറിമാരും പ്രോജക്റ്റ് ഡയറക്ടർ കൺവീനറുമായി 2005 ഒക്ടോബറിൽ രൂപീകരിച്ച ഒരു സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പദ്ധതിയുടെ സുഗമമായ നടത്തിപ്പ് ഉറപ്പുവരുത്തി. |

| | |
|---|---|
| പ്രോജക്റ്റ് ഇംപ്ളിമെന്റേഷൻ യൂണിറ്റുകൾ (പിഐയു) | മുനിസിപ്പൽ കോർപ്പറേഷനുകളാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസികൾ. ഓരോ കോർപ്പറേഷനിലും പ്രോജക്റ്റ് മാനേജർ തലവനായും ജലവിതരണം, അഴുക്കുചാൽ, സിവിൽ എഞ്ചിനിയറിംഗ്, ഖരമാലിന്യം കൈകാര്യം ചെയ്യൽ, നഗരാസൂത്രണം,വാങ്ങൽ, പരിസ്ഥിതി, ധനകാര്യവും കണക്കും, സാമൂഹ്യ കമ്മ്യൂണിറ്റി വികസനം എന്നീ മേഖലകളിലെ വിദഗ്ധരുടെ സഹായത്തോടെയും ഒരു പ്രോജക്റ്റ് ഇംപ്ളിമെന്റേഷൻ യൂണിറ്റ് (പിഐയു) ഉണ്ട്. പിഐയുകൾ ചുമതലപ്പെട്ടിരുന്നത് (1) വിശദമായ സർവ്വേ നിരീക്ഷണങ്ങൾ, എഞ്ചിനീയറിംഗ് രൂപരേഖകൾ എന്നിവ നടപ്പാക്കുക, (2) ടെണ്ടറുകൾ ക്ഷണിക്കുക, ലേലം മൂല്യ നിർണ്ണയം നടത്തുക, പണികൾ നൽകുക, കരാർ നിർവ്വഹണവും മേൽനോട്ടവും ഗുണനിയന്ത്രണം എന്നിവ ചെയ്യുക. (3) കരാറുകാർ ചെയ്ത പണിയുടെ മൂല്യ നിർണ്ണയവും പണം നൽകൽ സാക്ഷ്യപ്പെടുത്തുകയും ചെയ്യുക (4) പൊതുജനാവബോധ പരിപാടികളും പങ്കാളിത്ത പരിപാടികളും നടത്തുക (5) പോസ്റ്റ് പെർഫോമൻസ് മോണിറ്ററിംഗ് സിസ്റ്റം (പിപിഎംഎസ് ) സർവ്വേകൾ നടത്തുക (6) പാരിസ്ഥിതിക മൂല്യ നിർണ്ണയം നടത്തുക (7) കോർപ്പറേഷൻ എഡിബി വായ്പ വ്യവസ്ഥകൾ അനുവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുക (8) പ്രതിമാസ റിപ്പോർട്ടുകൾ തയ്യാറാക്കുക മുതലായവയുമാണ്. 2007 മേയിലാണ് അഞ്ച് കോർപ്പറേഷനുകൾക്ക് വേണ്ടി സംസ്ഥാന സർക്കാർ പിഐയുകൾ രൂപീകരിച്ചത്. ജലവിതരണം, അഴുക്കുചാൽ പ്രോജക്റ്റുകളുടെ നടത്തിപ്പിലായി കേരള ജല അതോറിറ്റിയുമായി കേരള സർക്കാർ (2007 നവംബർ) മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് (എംഒയു) ഒപ്പു വച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ അതാത് നഗരത്തിന്റെ സൂപ്രണ്ടിംഗ് എഞ്ചിനിയർ (കെഡബ്ള്യൂഎ) അഡീഷണൽ പ്രോജക്റ്റ് മാനേജർ പിഐയു എന്ന നിലയിൽ കരാറുകാരനുമായി കരാർ ഉടമ്പടി വയ്ക്കുന്നു . |
| നഗരതല സ്റ്റിയറിംഗ് കമ്മിറ്റികൾ (എസ്‌സി) | മേയർ, കോർപ്പറേഷൻ സെക്രട്ടറി, ജില്ലാകലക്ടർ, പൊതുമരാമത്ത് വകുപ്പിന്റെ പ്രതിനിധികൾ, കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ്, കെഡബ്ള്യൂഎ, മലിനീകരണ നിയന്ത്രണ ബോർഡ്, സ്റ്റാന്റിംഗ് ചെയർപേഴ്സണുകൾ മുതലായവരുൾപ്പെട്ട ഒരു നഗരതല സ്റ്റിയറിംഗ് കമ്മിറ്റി പിഐയുവിനെ വഴികാട്ടുന്നു. പദ്ധതിയുടെ പുരോഗതി |

| | |
|---|---|
| | വിലയിരുത്തുക, പ്രാദേശിക പ്രശ്നങ്ങൾ പരിഹരിക്കുക. നയപരമായ കാര്യങ്ങളിൽ ഉപദേശങ്ങൾ കൊടുക്കുക തുടങ്ങിയവ എസ് സി ചെയ്യുന്നു . |
| ടെക്നിക്കൽ സപ്പോർട്ട് യൂണിറ്റ് (ടിഎസ്‌യു) | ഒരു അന്താരാഷ്ട്ര കൺസൾട്ടിംഗ് സ്ഥാപനം ആയിട്ടാണ് ടിഎസ്‌യുവിനെ വിഭാവനം ചെയ്തിട്ടുള്ളത്. തദ്ദേശ കൺസൾട്ടിംഗ് സ്ഥാപനങ്ങളുമായി ചേർന്ന് മൊത്തം പദ്ധതി കൈകാര്യം ചെയ്യുന്നതിന് ഇത് പിഎയുവിനെ സഹായിക്കും. പദ്ധതി രൂപീകരണം, കൈകാര്യം ചെയ്യൽ, മേൽനിരീക്ഷണവും മൂല്യനിർണ്ണയവും, ധനകാര്യവും പരിസ്ഥിതിയും കൈകാര്യം ചെയ്യൽ, ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളുടെ നടത്തിപ്പ്, യുഎൽബികളെ ഉപപ്രോജക്ടുകൾ തെരഞ്ഞെടുക്കൽ എന്നീ കാര്യങ്ങളിലും പിഎംയുവിനെയും പിഐയുവിനെയും ടിഎസ്‌യു സഹായിക്കും. ഡിഎസ്‌സികൾ, പിപിഎംഎസ് കൺസൾട്ടന്റുകൾ എന്നിവർ നൽകുന്ന വിവരങ്ങൾ ടിഎസ്‌യു അവലോകനം നടത്തുകയും പിഎംയുവിനെയും പിഐയുവിനെയും അതനുസരിച്ച് ഉപദേശിക്കുകയും ചെയ്യും. പദ്ധതിയുടെ ടിഎസ്‌യുവായി മെസ.വിൽബർ സ്മിത്ത് അസോസിയേറ്റ്സ് കൺസോർഷ്യത്തിനെ ആണ് കേരള സർക്കാർ (2007 മേയ്) നിയമിച്ചത്. ആദ്യ നിയമന കാലാവധി രണ്ടു വർഷം ആയിരുന്നു. അത് അവസാനമായി 2016 ഡിസംബർ 31 വരെ എട്ട് തവണ നീട്ടിക്കൊടുത്തു . |
| രൂപകൽപ്പന, മേൽനോട്ട കൺസൾട്ടൻസി (ഡിഎസ്‌സി) | വിശദമായ എഞ്ചിനീയറിംഗ് രൂപരേഖ നടത്തുക, സാധനങ്ങളുടേയും സേവനങ്ങളുടേയും സമ്പാദനം, നിർമ്മാണ മേൽനോട്ടം, ഗുണനിലവാര നിയന്ത്രണം, പൊതുജനാവബോധം, ദാരിദ്ര്യം കുറയ്ക്കുന്നതിനുള്ള പരിപാടികൾ എന്നിവയിൽ കോർപ്പറേഷനുകളിൽ ഉള്ള പിഐയുകളെ സഹായിക്കുന്നതിനു വേണ്ടി രണ്ട് തദ്ദേശ കൺസൾട്ടിംഗ് സ്ഥാപനങ്ങളെ രൂപരേഖ മേൽനോട്ട കൺസൾട്ടന്റുകളായി (ഡിഎസ്‌സി) ഏർപ്പെടുത്തേണ്ടിയിരുന്നു. മെസ. കൺസൾട്ടിംഗ് എഞ്ചിനീയറിംഗ് സർവ്വീസ് (പ്രൈവറ്റ്) ലിമിറ്റഡ് കൺസോർഷ്യത്തെ (സിഇഎസ്) തിരുവനന്തപുരം, കൊല്ലം കോർപ്പറേഷനുകൾക്ക് വേണ്ടി ഡിഎസ്‌സി1 ആയും മെസ. വാട്ടർ ആന്റ് പവർ കൺസൾട്ടൻസി സർവ്വീസ് (ഇൻഡ്യ) ലിമിറ്റഡ് കൺസോർഷ്യത്തെ (ഡബ്ള്യുഎപിസി ഒഎസ്) കൊച്ചി, തൃശ്ശൂർ, |

| | |
|---|---|
| | കോഴിക്കോട് കോർപ്പറേഷനുകൾക്ക് വേണ്ടി ഡിഎസ്സി 2 ആയും കേരള സർക്കാർ നിയമിച്ചു (2007 മാർച്ച്). ആദ്യ നിയമന കാലാവധി 2011 മേയ് വരെ നാല് വർഷത്തേയ്ക്കായിരുന്നെങ്കിലും പിന്നീട് 2013 ജൂൺ വരെ നീട്ടിക്കൊടുത്തു. പദ്ധതി നടത്തിപ്പിലെ അവരുടെ കുറഞ്ഞ പങ്ക് കണക്കിലെടുത്ത് 2013 ജൂൺ 30 മുതൽ ഡിഎസ്സികളുടെ സേവനം നിറുത്തലാക്കി . |
| പ്രോജക്റ്റ് പെർഫോമൻസ് മോണിട്ടറിംഗ് സിസ്റ്റം കൺസൾട്ടൻസി (പിപിഎംഎസ്) | പ്രോജക്റ്റ് പെർഫോമൻസ് മോണിട്ടറിംഗ് സിസ്റ്റത്തിന് (പിപിഎംഎസ്) കീഴിലുള്ള പ്രവർത്തനങ്ങൾ ചെയ്യാൻ ഒരു തദ്ദേശസ്ഥാപനം /വ്യക്തിഗത കൺസൾട്ടന്റിനെ നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. പ്രതീക്ഷിച്ച സേവനം നൽകുന്നത് മേൽ നിരീക്ഷിക്കുകയും പ്രയോജനം അവ ലഭിക്കുന്ന മുറയ്ക്ക് അളക്കുകയും ആണ് പിപിഎംഎസ് കൺസൾട്ടൻസിയുടെ ഉദ്ദേശ്യം. പിപിഎംഎസ് ചെയ്യുന്നതിനുള്ള ജോലി ടിഎസ്യുവിനെ ആണ് സർക്കാർ ഏൽപ്പിച്ചത് |

### 3.1.3 ഓഡിറ്റിന്റെ ഉദ്ദേശ്യങ്ങൾ

പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ ഉദ്ദേശ്യം താഴെപ്പറയുന്നവ ഉറപ്പുവരുത്തുകയായിരുന്നു.

- പദ്ധതി വിഭാവനം ചെയ്ത സ്ഥാപന സജ്ജീകരണങ്ങൾ നേരാംവണ്ണമായിരിക്കുകയും അവ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്തുവോ
- പ്രവൃത്തികൾ തിരിച്ചറിഞ്ഞ് നടപ്പിലാക്കിയത് നിയമപ്രകാരം ചെലവു ചുരുക്കിയും കാര്യക്ഷമവും ഫലപ്രദവും ആയിട്ടായിരുന്നുവോ

### 3.1.4 ഓഡിറ്റ് മാനദണ്ഡം

താഴെപ്പറയുന്നവയിൽ നിന്നാണ് ഓഡിറ്റ് മാനദണ്ഡങ്ങൾ ഉരുത്തിരിഞ്ഞത്

- കേരള മുനിസിപ്പാലിറ്റി നിയമം 1994
- എഡിബി പദ്ധതിയുടെ പദ്ധതി ഭരണ മെമ്മോറാണ്ടം (പിഎഎം)
- കേരള പൊതുമരാമത്ത് വകുപ്പ് ( കെപിഡബ്ല്യുഡി ) മാനുവൽ
- കൺസൾട്ടന്റുകൾ/കരാറുകാർ/നടപ്പാക്കൽ ഏജൻസികൾ ഇവരുമായി ഉണ്ടാക്കിയ ഉടമ്പടികൾ
- കേരള സർക്കാർ ഇറക്കിയ ഉത്തരവുകളും സർക്കുലറുകളും

### 3.1.5 ഓഡിറ്റിന്റെ വ്യാപ്തിയും പ്രവർത്തനരീതിയും

2007-08 മുതൽ 2016-17 വരെയുള്ള കാലയളവിലെ എഡിബി സഹായത്തോടെയുള്ള കേരള നഗരവികസന പദ്ധതിയുടെ പ്രവർത്തനക്ഷമതാ ഓഡിറ്റ് 2016 ജൂൺ മുതൽ നടത്തുകയുണ്ടായി. പ്രിൻസിപ്പൽ സെക്രട്ടറി എൽഎസ്ജിഡിയുമായുള്ള ഒരു പ്രാഥമിക യോഗത്തോടെ (2016 ജൂൺ) പ്രവർത്തനക്ഷമതാ ഓഡിറ്റ് ആരംഭിക്കുകയും അവിടെ ഓഡിറ്റിന്റെ ഉദ്ദേശ്യം, മാനദണ്ഡം, ഓഡിറ്റ് സമ്പ്രദായം എന്നിവ വിശദമായി ചർച്ച ചെയ്യുകയും ചെയ്തു. തെരഞ്ഞെടുത്ത ഓഫീസുകളിലെയും ധനകാര്യ വകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ് (എൽഎസ്ജിഡി) കേരള ജല അതോറിറ്റി (കെഡബ്ള്യുഎ) എന്നിവയിലെയും രേഖകളുടെ പരിശോധന, സ്ഥല പരിശോധന തുടങ്ങിയവ ഓഡിറ്റ് സമ്പ്രദായത്തിൽ ഉൾപ്പെട്ടിരുന്നു. പദ്ധതി നടപ്പാക്കുന്ന ആകെയുള്ള അഞ്ച് കോർപ്പറേഷനുകളും ഓഡിറ്റിനായി തെരഞ്ഞെടുത്തു. കെഎസ്‌യുഡിപിയിൽ നാല് ഘടകങ്ങളുണ്ട്.

എ. ജലവിതരണം, അഴുക്കുചാലും ശുചീകരണവും, ഖരമാലിന്യം കൈകാര്യം ചെയ്യൽ, പട്ടണത്തിലെ ജലനിർഗ്ഗമന സംവിധാനം മുതലായ നഗര അടിസ്ഥാന സൗകര്യവും സേവനങ്ങളും മെച്ചപ്പെടുത്തൽ

ബി. നഗര സാമൂഹ്യ ഉന്നമനം[4],

സി. തദ്ദേശ ഭരണ അടിസ്ഥാന സൗകര്യ വികസനം[5]

ഡി. കാര്യശേഷി നിർമ്മാണത്തിനും പദ്ധതി നിർവ്വഹണത്തിനുമുള്ള സഹായം. ജലവിതരണം, അഴുക്കുചാൽ, ഖരമാലിന്യം കൈകാര്യം ചെയ്യൽ, നഗര റോഡ് ഗതാഗതം എന്നീ ഘടകം-എയിൽ ഉൾപ്പെട്ട നഗര അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട 74 കരാർ പാക്കേജുകളിൽ അനുബന്ധം X-ൽ വിശദീകരിച്ചിരിക്കുന്നത് പോലെ സിസ്റ്റമാറ്റിക് സാംപ്ളിംഗ് സമ്പ്രദായം ഉപയോഗിച്ച് 41 പാക്കേജുകൾ ഞങ്ങൾ വിശദമായ പരിശോധനക്കായി തെരഞ്ഞെടുക്കുകയും പദ്ധതി പ്രകാരം ഏറ്റെടുത്ത ബി, സി, ഡി എന്നീ ഘടകങ്ങളിൽ ഒരു പൊതു പരിശോധന നടത്തുകയും ചെയ്തു. 2017 മാർച്ചിൽ സെക്രട്ടറി, എൽഎസ്ജിഡിയുമായി നടത്തിയ അന്തിമയോഗത്തിൽ ഓഡിറ്റ് നിരീക്ഷണങ്ങൾ വിശദമായി ചർച്ച ചെയ്തു.

---

4 പാവപ്പെട്ട വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെയും സേവനങ്ങളുടെ മെച്ചപ്പെടുത്തലിനും ജീവനോപാധി വർദ്ധിപ്പിക്കുന്നതിനുമുള്ള സമഗ്ര ഇടപെടലുകൾ

5 കേരളത്തിലെ അഞ്ച് കോർപ്പറേഷനുകൾ അല്ലാതെയുള്ള യുഎൽബികൾക്ക് അടിസ്ഥാന സൗകര്യവുമായി ബന്ധപ്പെട്ട് ഉപ പദ്ധതികൾ നടപ്പാക്കാൻ ധനസഹായം നൽകാൻ ഉദ്ദേശിച്ചിട്ടുള്ളത്.

# അനുബന്ധം X

വിശദമായ സൂക്ഷ്മനിരീക്ഷണത്തിനായി തെരഞ്ഞെടുത്ത പാക്കേജുകൾ

| ക്രമ നമ്പർ | പാക്കേജ് | നഗരം | പാക്കേജിന്റെ വിവരണം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | TVM-SS-03 (PCSS No.0066) | തിരുവനന്തപുരം | മലിനജല സംസ്കരണ പ്ലാന്റ് |
| 2 | TSR-WS-01 (PCSS No.0065) | തൃശ്ശൂർ | ഇൻടേക്കിന്റെ പുനഃസ്ഥാപനം, ഡബ്ല്യൂറ്റിപി, ജലസംഭരണി, പ്രസരണ മെയിനുകളുടെ നന്നാക്കൽ/പകരം വയ്ക്കൽ |
| 3 | KZD-RT-01 (PCSS No.0023) | കോഴിക്കോട് | റോഡ്, പാലം നന്നാക്കൽ പണികൾ |
| 4 | TSR-RT-01 (PCSS No.0026) | തൃശ്ശൂർ | റോഡ് നന്നാക്കൽ പണികൾ |
| 5 | TSR-WS-02 (PCSS No.0126) | തൃശ്ശൂർ | വിതരണശൃംഖലയുടെയും സർവ്വീസ് കണക്ഷനുകളുടെയും പുനഃസ്ഥാപനവും കൂട്ടലും |
| 6 | KLM-RT-01A (PCSS No.0058) | കൊല്ലം | റോഡ് നവീകരണവും ജംഗ്ഷൻ നന്നാക്കലും - പാർട്ട് - 1 |
| 7 | KCH-RT-01B (PCSS No.0062) | കൊച്ചി | റോഡ് നവീകരണം പണികൾ - ഇടപ്പള്ളി ഹൈക്കോടതി റോഡ് |
| 8 | KZD-SW-P2-E6 | കോഴിക്കോട് | രണ്ടാം സംഭരണവും ഗതാഗതവും കരസ്ഥമാക്കൽ (ഘട്ടം 2) |

| (1) | (2) | (3) | (4) |
|---|---|---|---|
| 9 | KZD-SS-02B (PCSS No.0106) | കോഴിക്കോട് | നിലവിലുള്ള മലിനജല സമ്പ്രദായത്തിന്റെ പുനഃസ്ഥാപനവും മേഖല ബി യിലേക്ക് മലിനജല സമ്പ്രദായത്തിന്റെ നീട്ടലും - (പാർട്ട് - ബി) |
| 10 | KLM-SS-02 (PCSS No.0123) | കൊല്ലം | നിലവിലുള്ള മലിനജല സമ്പ്രദായത്തിന്റെ പുനഃസ്ഥാപനവും മേഖല എ 1 ലേയ്ക്കുള്ള മലിനജല സമ്പ്രദായത്തിന്റെ നീട്ടലും - (പാർട്ട് - 2) |
| 11 | KCH-DR-01A (PCSS No.0100) | കൊച്ചി | കൊച്ചിയുടെ മധ്യഭാഗത്തുള്ള ഓവ് ചാലുകളുടെ നഗര ഡ്രെയിനേജ് നന്നാക്കൽ പണികൾ (കുഴിക്കൽ, പാർശ്വഭിത്തി, ഓവ് ചാലുകളുടെയും കലുങ്കുകളുടെയും കവർ സ്ലാബ്) |
| 12 | KLM-RT-01C (PCSS No.0059) | കൊല്ലം | ചിന്നക്കട അണ്ടർപാസ് വികസനം പാർട്ട് - 2 |
| 13 | TVM-RT-01A1 (PCSS No.0076) | തിരുവനന്തപുരം | തിരുവനന്തപുരം റോഡ് നന്നാക്കൽ (അട്ടക്കുളങ്ങര മുതൽ മണക്കാട് വഴി തിരുവനന്തപുരത്തുള്ള എൻഎച്ച് ബൈപാസ് വരെ) |
| 14 | KZD-DR-01A (PCSS No.0104) | കൊച്ചി | നഗര ഓവ് ചാൽ നന്നാക്കൽ - ഘട്ടം I |
| 15 | TSR-DR-01B (PCSS No.0131) | തൃശ്ശൂർ | നഗര ഓവ് ചാൽ നന്നാക്കൽ |
| 16 | KZD-DR-01B (PCSS No.0133) | കോഴിക്കോട് | നഗര ഓവ് ചാൽ നന്നാക്കൽ - ഘട്ടം II |
| 17 | KLM-SW-01C (PCSS No.0052) | കൊല്ലം | ഖരമാലിന്യം കൈകാര്യം ചെയ്യൽ പണികൾ - അടിസ്ഥാന സൗകര്യം |

| (1) | (2) | (3) | (4) |
|---|---|---|---|
| 18 | KZD-SW-P1-E2 (PCSS No.0055) | കോഴിക്കോട് | എസ്ഡബ്ല്യുഎമ്മിനു വേണ്ടി പ്രാഥമിക ശേഖരണ ഉപകരണം കരസ്ഥമാക്കൽ (ആട്ടോ 3 വീലർ ബിന്നുകൾ 60 ലിറ്റർ സംഭരണശേഷി) |
| 19 | KCH-SS-03 (PCSS No.0137) | കൊച്ചി | കൊച്ചി കോർപ്പറേഷനിലെ പടിഞ്ഞാറെ കൊച്ചി മേഖല 3, 8, 9 ന വേണ്ടിയുള്ള മലിനജല സമ്പ്രദായത്തിന്റെ നിർമ്മാണം - ഘട്ടം I |
| 20 | KLM-DR-01A (PCSS No.0068) | കൊല്ലം | നഗര ഓവ് ചാൽ പണികൾ - ഘട്ടം I |
| 21 | TSR-SW-01 (PCSS No.0024) | തൃശ്ശൂർ | ഖരമാലിന്യം കൈകാര്യം ചെയ്യൽ - ജൈവവള പ്ലാന്റ് മണ്ണ് നികത്തൽ, കണ്ടയിനർ പ്ലാറ്റ്ഫോമുകൾ |
| 22 | KLM-WS-02 (PCSS No.0124) | കൊല്ലം | വിതരണ ശൃംഖലയുടെയും സർവ്വീസ് കണക്ഷനുകളുടെയും പുനഃസ്ഥാപനവും കൂട്ടലും |
| 23 | TVM-DR-01 (PCSS No.0120) | തിരുവനന്തപുരം | മഴവെള്ള ഡ്രെയിനേജ് പഴവങ്ങാടി തോടിന്റെയും തമ്പാനൂർ പ്രദേശത്തിന്റെയും നന്നാക്കൽ - ഘട്ടം I |
| 24 | KLM-DR-01B (PCSS No.0069) | കൊല്ലം | നഗര ഓവുചാൽ നന്നാക്കൽ പണികൾ - ഘട്ടം II |
| 25 | KZD-SW-01 (PCSS No.0054) | കോഴിക്കോട് | ഖരമാലിന്യം കൈകാര്യം ചെയ്യൽ - ജൈവവള പ്ലാന്റ്, മണ്ണ് നികത്തൽ, കണ്ടയിനർ പ്ലാറ്റ് ഫോമുകൾ |
| 26 | KCH-SS-02 (PCSS No.0134) | കൊച്ചി | കൊച്ചി കോർപ്പറേഷൻ പടിഞ്ഞാറെ കൊച്ചി മേഖല 4, 6 ന വേണ്ടി മലിനജല സമ്പ്രദായ നിർമ്മാണം – ഘട്ടം II |

| (1) | (2) | (3) | (4) |
|---|---|---|---|
| 27 | KCH-WS-02A (PCSS No.0102) | കൊച്ചി | വിതരണ ശൃംഖലയുടെയും സർവ്വീസ് കണക്ഷനുകളുടെയും പുനഃസ്ഥാപനവും കൂട്ടലും - പാർട്ട് എ |
| 28 | KLM-SS-01 (PCSS No.0122) | കൊല്ലം | നിലവിലുള്ള മലിനജല സമ്പ്രദായത്തിന്റെ പുനഃസ്ഥാപനവും മേഖല എ 1 ലേയ്ക്കുള്ള മലിനജല സമ്പ്രദായത്തിന്റെ നീട്ടലും - പാർട്ട് 2 |
| 29 | TVM-RT-01B (PCSS No.0056) | തിരുവനന്തപുരം | തിരുവനന്തപുരത്തിന്റെ റോഡ് നന്നാക്കൽ പണികൾ - പാർട്ട് II (പൂജപ്പുര റൗണ്ട് മുതൽ തിരുമല വരെയും വലിയ വിള മുതൽ പേയാട് വരെയും ഉള്ള റോഡുകൾ) |
| 30 | KCH-SW-P1-E2 (PCSS No.0041) | കൊച്ചി | എസ്ഡബ്ല്യുഎമ്മിനു വേണ്ടി പ്രഥമ ശേഖര ഉപകരണം കരസ്ഥമാക്കൽ (ആട്ടോ 3 വീലർ, 4 വീലറുകൾ) |
| 31 | KCH-WS-02B (PCSS No.0114) | കൊച്ചി | വിതരണ ശൃംഖലയുടെയും സർവ്വീസ് കണക്ഷനുകളുടെയും പുനഃസ്ഥാപനവും കൂട്ടലും (വെണ്ണലയും എളമക്കരയും ഉൾപ്പെടെ) - പാർട്ട് ബി |
| 32 | KLM-RT-01D (PCSS No.0078) | കൊല്ലം | തെരുവ് വിളക്ക് |
| 33 | KCH-RT-01A (PCSS No.0061) | കൊച്ചി | റോഡ് നവീകരണ പണികൾ - എസ്എറോഡ് |
| 34 | KCH-SS-04A (PCSS No.0101) | കൊച്ചി | പടിഞ്ഞാറെ കൊച്ചിയിലെ മുണ്ടൻവേലിയിലുള്ള മലിനജല സംസ്കരണ പ്ലാന്റിനു വേണ്ടിയുള്ള മണ്ണ് നികത്തുന്ന പണികൾ |

| (1) | (2) | (3) | (4) |
|---|---|---|---|
| 35 | KLM-DR-01C (PCSS No.0140) | കൊല്ലം | നഗര ഓവുചാൽ നന്നാക്കൽ പണികൾ - ഘട്ടം III |
| 36 | KLM-SW-01A (PCSS No.0050) | കൊല്ലം | ഖരമാലിന്യം കൈകാര്യം ചെയ്യുന്ന പണികൾ - ജൈവ വള പ്ലാന്റ് |
| 37 | KCH-WS-02C (PCSS No.0127) | കൊച്ചി | പോർട്ട് ബ്രിസ്റ്റോ റോഡ് മുതൽ മട്ടാഞ്ചേരി പാലത്തിന്റെ കിഴക്കേ അറ്റം വരെയുള്ള പഴയ കേടുപറ്റിയ 700 മി.മി പ്രിമോ പൈപ്പ് മാറ്റി 700 മി.മി ഡി.ഐ കെ9 പൈപ്പും 710 എച്ച് ഡിപിഇ പൈപ്പും സ്ഥാപിക്കൽ |
| 38 | KCH-WS-03 (PCSS No.0115) | കൊച്ചി | എസ്എ. റോഡിൽ വിതരണ സർവ്വീസ് കണക്ഷനുകളുടെ പുനഃസ്ഥാപനം (എസ്എറോഡിന്റെ റൈഡർ സർവ്വീസ് ലൈനുകൾ നൽകുന്നതിന് (7000 മി) |
| 39 | TSR-SW-P1-E1 (PCSS No.0079) | തൃശ്ശൂർ | എസ്ഡബ്ല്യുഎമ്മിനു വേണ്ടിയുള്ള പ്രാഥമിക ശേഖരണ ഉപകരണം കരസ്ഥമാക്കൽ |
| 40 | KLM-WS-01 (PCSS No.0107) | കൊല്ലം | ഡബ്ല്യു.റ്റി.പി., പ്രസരണ മെയിനുകൾ, പുതിയ ഒ എച്ച് റ്റി കളുടെ പുനഃസ്ഥാപനം. |
| 41 | KZD-SW-P1-E3-Lot1 (PCSS No.0093) | കോഴിക്കോട് | ദ്വിതീയ സംഭരണ ഗതാഗത ഉപകരണം കരസ്ഥമാക്കൽ (ഡംബ്ലർ കൺടെയ്നർ ഡംബ്ലർ 3.5 ക്യൂ.മി. കപ്പാസിറ്റി 20 എണ്ണം, ഡ്യുവൽ ഡംബ്ലർ പ്ലേസർ 2 എണ്ണം.) |

### 3.1.6 കെ.എസ്.യു.ഡി.പി. നടത്തിപ്പിന്റെ സ്ഥിതിയുടെ പൊതുവായ അവലോകനം

കെ.എസ്.യു.ഡി.പി. യുടെ കീഴിൽ അഞ്ചു കോർപ്പറേഷനുകൾ പാർട്ട് എ നഗര അടിസ്ഥാന സൗകര്യവും സേവനവും മെച്ചപ്പെടുത്താനായി അഴുക്കുചാൽ, ജലവിതരണ സംവിധാനം എന്നിവയുടെ നിർമ്മാണവും/പുനരധിവാസവും നീട്ടലും, മഴവെള്ളം നിർഗ്ഗമന സംവിധാനം, ഖരമാലിന്യം കൈകാര്യം ചെയ്യൽ, റോഡുകളും പാലങ്ങളും മെച്ചപ്പെടുത്തൽ പോലുള്ള പ്രവൃത്തികൾക്കായി 24 പദ്ധതികൾ **അനുബന്ധം XI-**ൽ കാണിച്ചിരിക്കുന്നത് പോലെ 102 പാക്കേജുകളിലായി നിർദ്ദേശിച്ചിരുന്നത് പ്രകാരം ഏറ്റെടുത്തു. ഖണ്ഡിക 3.1.7.3-ൽ ചർച്ച ചെയ്യുന്നത് പോലെ വായ്പാ കാലാവധി തീർന്നപ്പോൾ, 102 പാക്കേജിൽ 55 എണ്ണം പൂർത്തീകരിക്കുകയുണ്ടായെന്നും 28 പാക്കേജുകൾ ഏറ്റെടുത്തിട്ടില്ലെന്നും ഞങ്ങൾ നിരീക്ഷിച്ചു. താഴെ കൊടുത്തിരിക്കുന്നത് പോലെ പദ്ധതി കാലയളവിൽ കോർപ്പറേഷനുകൾ പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം വളരെ കുറവുമായിരുന്നു.

**പട്ടിക 3.1: പദ്ധതികളുടെ നടത്തിപ്പ് പുരോഗതി**

| കോർപ്പറേഷന്റെ പേര് | ലക്ഷ്യമിട്ട പദ്ധതികൾ | പൂർത്തീകരിച്ച പദ്ധതികൾ | കരാർ തുക (₹ കോടിയിൽ) | യഥാർത്ഥ ചെലവ് (₹ കോടിയിൽ) | ചെലവായ ശതമാനം |
|---|---|---|---|---|---|
| തിരുവനന്തപുരം | 3 | 1 | 162.07 | 84.83 | 52.34 |
| കൊല്ലം | 6 | 2 | 185.52 | 87.37 | 47.09 |
| കൊച്ചി | 5 | 0 | 307.09 | 113.16 | 36.85 |
| തൃശ്ശൂർ | 5 | 3 | 119.67 | 104.64 | 87.44 |
| കോഴിക്കോട് | 5 | 1 | 224.79 | 80.47 | 35.80 |
| **ആകെ** | **24** | **7** | **999.14** | **470.47** | **47.09** |

താഴെയുള്ള ഖണ്ഡികകളിൽ കാണിച്ചിരിക്കുന്നത് പോലെ ചെയ്യാൻ ഉദ്ദേശിച്ച പണികൾ തീർക്കുന്നതിൽ പരാജയപ്പെട്ടു എന്നത് കൂടാതെ പ്രോജക്റ്റ് നടത്തിപ്പിലെ പോരായ്മകൾ കേരള സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കി എന്ന് ഞങ്ങൾ നിരീക്ഷിച്ചു.

# അനുബന്ധം XI

## നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ

| നഗരസഭയുടെ പേര് | പദ്ധതിയുടെ പേര് | ലക്ഷ്യമിട്ട പ്രവർത്തികളുടെ എണ്ണം | തുക (₹ കോടിയിൽ) | പൂർത്തിയായവ | പ്രവർത്തനം നിറുത്തി വച്ചവ | നടപ്പിലുള്ളവ | മാറ്റി വച്ചവ | ആകെ ചെലവ് (₹ കോടിയിൽ) | ഫലം/ അഭിപ്രായം |
|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | സ്വീവറേജ് - സംസ്കരണ പ്ലാന്റിന്റെ നിർമ്മാണവും നിലവിലുള്ള സ്വീവറേജ് സംവിധാനത്തിന്റെ പുനരുദ്ധാരണവും സ്വീവറേജ് സംവിധാനത്തിന്റെ വ്യാപനം | 5 | 109.40 | 1 | 2 | | 2 | 52.12 | കരാറുകാരന്റെ മോശമായ പ്രവർത്തനം/ പൊതുജന പ്രതിഷേധം മൂലം സ്വീവറേജ് ലൈനുകൾ സ്ഥാപിക്കൽ/ വീടുകളിലേക്കുള്ള കണക്ഷൻ നൽകൽ എന്നീ രണ്ടു പാക്കേജുകളുടെ പ്രവർത്തനം നിർത്തി വച്ചു. എസ്ടിപിയുടെ നിർമ്മാണം പൂർത്തി യായി. എന്നാൽ കെഡബ്ല്യൂഎയ്ക്ക് |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | മുകളിൽ പറഞ്ഞ രണ്ട് സ്വീവറേജ് പ്രവർത്തികൾ പൂർത്തിയാക്കാൻ സാധിക്കാത്ത തിനാൽ പ്ലാന്റിന്റെ പരമാവധി ശേഷിയിൽ പ്രവർത്തിപ്പി ക്കാൻ പര്യാപ്ത മായില്ല. എസ്‌ടിപിയിൽ സംസ്കരിക്കുന്ന തിനായി 40-43 എംഎൽഡി സ്വീവറേജ് മാത്രമാണ് ശേഖരിച്ചിരു ന്നതും സ്വീവറേജ് ലൈൻ മുഖേന എത്തിച്ചിരു ന്നതും. പ്ലാന്റിന്റെ ശേഷിയുടെ ഏകദേശം 42 ശതമാനം |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | മാത്രമാണ് ഉപയോഗി ച്ചിരുന്നത്. അതോടൊ പ്പം 69,289 ഓളം വരുന്ന ജന സംഖ്യ വീടുകളിലേ ക്കുള്ള കണക്ഷൻ നൽകാൻ കഴിയുമെന്നു ള്ള ഉദ്ദിഷ്ട ഗുണം കൈവരിച്ചില്ല. |
| | മഴവെള്ളം ഡ്രെയിനേജ് പഴവങ്ങാടി തോടിനും തമ്പാനൂർ ഭാഗത്തിനു മുള്ള മെച്ചപ്പെടു ത്തൽ | 1 | 11.26 | 1 | | | | 11.01 | റെയിൽവേ കലുങ്കി ന്റെ തടസ്സവും ഓടയുടെ ഗതി തിരിച്ചു വിടുന്ന സംവിധാന വും നടപ്പിലാ ക്കാത്തതു മൂലം വെള്ളം കെട്ടൽ ഇപ്പോഴും നിലനിൽ ക്കുന്നു. |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | നഗര റോഡുകളും ഗതാഗതവും തിരുവനന്തപുരം റോഡ് വികസനം (അട്ടകുളങ്ങര മുതൽ തിരുവല്ലം എൻ എച്ച് ബൈപ്പാസ് വരെ), ഭാഗം 2 (പൂജപ്പുര റൗണ്ട് മുതൽ തിരുമല വരെയുള്ള റോഡും വലിയവിള മുതൽ പേയാട് വരെയുള്ള റോഡും) | 3 | 41.41 | 2 | - | - | 1 | 21.71 | രണ്ട് റോഡുകൾ മെച്ചപ്പെട്ടുത്തി. |
| കൊല്ലം | ജലവിതരണം ഡബ്ല്യു ടിപിമുഖ്യ വിതരണ സംവിധാനം,പുതിയ ഒഎച്ച്ടികൾ എന്നിവയുടെ | 2 | 9.19 | 2 | | | | 9.46 | പദ്ധതി പ്രദേശത്തിന്റെ കുറഞ്ഞത് 50 ശതമാനമെങ്കിലും 24 മണിക്കൂറും ജലവിതരണം നടപ്പാക്കാൻ |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | പുനരുദ്ധാരണവും വിതരണ ശൃംഖലയുടെയും സർവ്വീസ് കണക്ഷന്റെയും ഏകീകരണവും | | | | | | | | ലക്ഷ്യമിട്ടുവെങ്കിലും എട്ട് മണിക്കൂർ മുതൽ 10 മണിക്കൂർ വരെ മാത്രമേ കൈവരിക്കാൻ സാധിച്ചുള്ളൂ. |
| | സ്വീവറേജ് നിലവിലുള്ള സ്വീവറേജ് ശൃംഖലയുടെ പുനരുദ്ധാരണവും മേഖല എ 1- കൊല്ലം നഗരസഭയുടെ ഭാഗം 1 ഉം 2 ഉം വരെ ദീർഘിപ്പിക്കലും | 3 | 107.91 | | | 2 | 1 | 28.41 | പൊതുജന പ്രതിഷേധം / റോഡ് മുറിക്കാൻ അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം കാരണം നിലവിലുള്ള സ്വീവറേജ് ശൃംഖലയുടെ പുനരുദ്ധാരണം ഭാഗികമായേ നടന്നിട്ടുള്ളൂ. 69,289 ഓളം വരുന്ന |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | ജനസംഖ്യക്ക് വീടുകളിലേക്കുള്ള കണക്ഷൻ നൽകുകയെന്ന ഉദ്ദിഷ്ട ഗുണം കൈവരിച്ചില്ല. |
| | മഴവെള്ള ഡ്രെയിനേജ് നഗര ഡ്രെയിനേജിന്റെ മെച്ചപ്പെടുത്തൽ ജോലികൾ | 3 | 18.14 | 3 | | | | 14.85 | പ്രളയ സാധ്യത അല്ലെങ്കിൽ വെള്ളക്കെട്ട് ഭാഗികമായി കുറഞ്ഞു. |
| | ഖരമാലിന്യ സംവിധാനം ഖര മാലിന്യ സംവിധാന ജോലികൾ - കമ്പോസ്റ്റ് പ്ലാന്റ്, ലീച്ചേറ്റ് സംസ്കരണ പ്ലാന്റ്, ചുറ്റുമതിൽ | 3 | 9.71 | - | 3 | | | 6.17 | പൊതുജന പ്രതിഷേധം / സിആർ ഇസഡ് പ്രശ്നങ്ങൾ കാരണം പ്രസ്തുത ജോലികൾ നേരത്തേ നിർത്തുകയും 55 ഓട്ടോ |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | എന്നിവയുടെ നിർമ്മാണവും സ്ഥലം നികത്തലും | | | | | | | | ടിപ്പറുകൾ വെറുതെ ഇട്ടിരിക്കുകയുമായിരുന്നു . |
| | എസ്ഡബ്ല്യു എം ഉപകരണം എട്ട് സ്ഥലങ്ങളിലെ ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണവും വാഹനങ്ങൾ വാങ്ങലും | 14 | 5.27 | 10 | | | 4 | 2.47 | 1,01,370 വീട്ടുമാലിന്യം ശേഖരിക്കാൻ ലക്ഷ്യമിട്ട സ്ഥാനത്ത് 95,000 മാത്രമാണ് കൈവരിച്ചത്. കൂടാതെ ഒരാഴ്ചയിൽ ഏഴ് ദിവസം മാലിന്യം ശേഖരിക്കാൻ ലക്ഷ്യമിട്ടെങ്കിലും മാലിന്യ ശേഖരണം സ്ഥിരമായി നടന്നില്ല. എട്ട് ബയോഗ്യാസ് പ്ലാന്റുകളിൽ |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | ആറെണ്ണം പ്രവർത്തി ക്കുന്നില്ലെന്ന് സംയുക്ത സ്ഥല പരി ശോധനയിൽ കണ്ടെത്തി. |
| | നഗരറോ ഡുകളും ഗതാഗതവും റോഡുകളുടെ ഉന്നമനവും ജംഗ്ഷനു കളുടെ മെച്ചപ്പെടു ത്തലും ഭാഗം I ഉം ചിന്നക്കട അണ്ടർപാ സിന്റെ പുരോഗതിയും - ഭാഗം 3 ഉം | 5 | 35.31 | 3 | | | 2 | 26.00 | രണ്ട് ജോലിയും പൂർത്തിയാ യി. പീക്ക് ഹവർ ട്രാഫിക് അളവ് - ശേഷി അനുപാതം മെച്ചപ്പെട്ടു. |
| കൊച്ചി | ജലവിതരണം ഇൻടേക്ക്, ജലസംസ്ക രണ പ്ലാന്റ് പ്രസരണ മെയിനുകൾ | 6 | 30.53 | 3 | 2 | 1 | | 24.13 | കരാറുകാര ന്റെ മോശം പ്രകടനം / രൂപകൽപ്പ നയുടെ അപര്യാപ്തത |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | എന്നിവയുടെ പുനരുദ്ധാരണം | | | | | | | | മൂലം രണ്ട് - പ്രവൃത്തികൾ നേരത്തേ മതിയാക്കി (ഒരു പ്രവൃത്തി കെഡബ്ല്യൂഎ മുഖേന പിന്നീട് നടപ്പാക്കി) പുരോഗമിച്ചു കൊണ്ടിരുന്ന ഒരു ജോലി കരാറുകാരന്റെ ഉത്തരവാദിത്വത്തിലും ബാധ്യതയിലും അവസാനിപ്പിച്ചു. (2016 ഡിസംബർ) |
| | സ്വീവറേജ് -സ്വീവറേജ് സംസ്കരണ പ്ലാന്റ്, ഇലക്ട്രിക്കൽ, മെക്കാനിക്കൽ ജോലികൾ ഉൾപ്പെടെ | 7 | 223.65 | 1 | 4 | | 2 | 41.18 | നാല് പ്രവൃത്തികൾ പൊതുജന പ്രതിഷേധം മൂലം നേരത്തേ അവസാനിപ്പിച്ചു. 1,92,000 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | യുള്ള പമ്പ് ഹൗസുകൾ, പമ്പിംഗ് മെയിൻ എന്നിവയുടെ നിർമ്മാണവും നിലവിലുള്ള സ്വീവറേജ് ശൃംഖലയുടെ പുനരുദ്ധാര ണവും പടിഞ്ഞാറെ കൊച്ചിയിലെ സ്വീവറേജ് ശൃംഖലയുടെ ദീർഘിപ്പി ക്കലും | | | | | | | | ജനങ്ങൾക്ക് പ്രയോജനം ലഭിക്കത്തക്ക രീതിയിൽ 40,000 വീടു കളിലേക്ക് കണക്ഷൻ നൽകാൻ ലക്ഷ്യമിട്ടത് നടപ്പായില്ല. |
| | മഴവെള്ള ഡ്രെയിനേജ് ഓടകളുടെ നഗരഡ്രെ യിനേജ് മെച്ചപ്പെടു ത്തൽ ജോലികൾ (കുഴിക്കൽ, ചുറ്റുമതിൽ, കൊച്ചിയുടെ | 2 | 13.87 | 1 | | | 1 | 13.08 | പ്രളയ സാധ്യത അല്ലെങ്കിൽ വെള്ളക്കെട്ട് ഭാഗികമായി കുറഞ്ഞു. |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | മധ്യഭാഗ ങ്ങളിൽ ഓടകളും കൾവർട്ടുകളും മൂടാനുള്ള സ്ലാബുകൾ) | | | | | | | | |
| | എസ്ഡ ബ്ല്യൂ എം - ഉപകരണ ങ്ങളുടെ വാങ്ങലും അവയുടെ കൊണ്ടു പോകലും | 6 | 9.41 | 4 | | | 2 | 5.15 | എസ്ഡബ്ല്യൂ എമ്മിനായി വാങ്ങിയ 17 ഇരുചക്ര വഹനങ്ങളും 25 നാല് ചക്ര വാഹനങ്ങളും ഒരു ജീപ്പും വെറുതെ ഇട്ടിരിക്കുന്നു . 1,62,000 വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കാൻ ലക്ഷ്യമിട്ടിട ത്ത് 1,15,000 മാത്രമേ കൈവരി ക്കാൻ സാധിച്ചുള്ളൂ. |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | നഗര റോഡുകളും ഗതാഗതവും റോഡ് നന്നാക്കാൻ ജോലികൾ എസ്എ റോഡും ഇടപ്പള്ളി ഹൈക്കോടതി റോഡും എസ്എ റോഡിലെ പുതിയ പാലവും | 3 | 29.62 | 3 | - | | | 29.62 | പീക്ക് ഹവർ ട്രാഫിക് അളവ് - ശേഷി അനുപാതം മെച്ചപ്പെട്ടു. |
| തൃശ്ശൂർ | ജലവിതരണം 1. ഇൻടേക്ക്, ഡബ്ല്യുടിപി സ്റ്റോറേജ് റിസർവോയറുകൾ എന്നിവയുടെ പുനരുദ്ധാരണവും പ്രസരണ മെയിനുകളുടെ | 2 | 63.47 | 2 | | | | 58.72 | ഒരു വ്യക്തിയ്ക്ക് പ്രതിദിനം 70-135 ലിറ്റർ ലക്ഷ്യമിട്ടിടത്ത് 80-90 എൽപിസിഡി മാത്രമേ കൈവരിക്കാൻ സാധിച്ചുള്ളൂ. |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | അറ്റകുറ്റപണിയും മാറ്റിവയ്ക്കലും 2. വിതരണ ശൃംഖലയുടെയും സർവ്വീസ് കണക്ഷന്റെയും പുനരുദ്ധാരണവും ഏകീകരിക്കലും | | | | | | | | |
| | മഴവെള്ള ഡ്രെയിനേജ് നഗര ഡ്രെയിനേജ് മെച്ചപ്പെടുത്തൽ | 2 | 16.18 | 2 | | | | 12.94 | പ്രളയ സാധ്യത അല്ലെങ്കിൽ വെള്ളക്കെട്ട് ഭാഗികമായി കുറഞ്ഞു. |
| | ഖരമാലിന്യ സംവിധാനം കമ്പോസ്റ്റ് പ്ലാന്റ്, മണ്ണ് നികത്തൽ, കണ്ടെയിനർ പ്ലാറ്റ്ഫോമുകൾ | 1 | 4.92 | | 1 | | | 1.92 | പൊതുജന പ്രതിഷേധം, തുടർന്ന് പ്രസ്തുത ജോലി നേരത്തേ മതിയാക്കുകയും ശേഖരണത്തിനും |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | എസ്. ഡബ്ല്യു. എം - ഉപകരണം സംഭരണ ഉപകരണ ങ്ങളുടെയും വാഹനങ്ങ ളുടെയും വാങ്ങൽ | 7 | 6.53 | 4 | | | 3 | 2.51 | സംഭരണ ത്തിനുമായി വാങ്ങിയ 14 ഓട്ടോ ടിപ്പറും ഖരമാലിന്യ ഉപകരണ ങ്ങളും വെറുതെ കിടക്കുന്നു. 67,200 വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കാൻ ലക്ഷ്യമിട്ടിരു ന്നുവെങ്കിലും 36,000 എണ്ണം മാത്രമേ കൈവരി ക്കാൻ സാധിച്ചുള്ളൂ. അതോടൊപ്പം ആഴ്ചയിൽ ആറ് ദിവസം മാലിന്യ |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | ശേഖരണം ഉദ്ദേശിച്ചുവെങ്കിലും ആയത് സാധിച്ചില്ല. |
| | നഗര റോഡുകളും ഗതാഗതവും - റോഡ് മെച്ചപ്പെടുത്തൽ ജോലികൾ | 1 | 28.56 | 1 | | | | 28.55 | പീക്ക് ഹവർ ട്രാഫിക് അളവ് - ശേഷി അനുപാതം മെച്ചപ്പെട്ടു. |
| | സ്വീവറേജ് - എസ്ടിപി, സ്വീവറേജ് ശൃംഖല, കിണറുകൾ, പമ്പിംഗ് സ്റ്റേഷനുകൾ, മുഖ്യ പമ്പിംഗ് എന്നിവയുടെ നിർമ്മാണവും നിലവിലുള്ള സ്വീവറേജ് | 6 | 140.81 | | 3 | 1 | 2 | 17.68 | നാല് ജോലികൾ ഏറ്റെടുത്തതിൽ പൊതുജന പ്രതിഷേധം കാരണം മൂന്ന് പ്രവൃത്തികൾ നേരത്തേ മതിയാക്കുകയും പരിസ്ഥിതി പ്രശ്നങ്ങളാൽ എസ്ടിപിയുടെ പ്രവൃത്തി മാറ്റി |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| കോഴിക്കോട് | ശൃംഖലയുടെ പുനരുദ്ധാരണവും സ്വീവറേജ് ശൃംഖലയുടെ വ്യാപനം | | | | | | | | വയ്ക്കുകയും ചെയ്തു. 1,75,133 ഓളം വരുന്ന ജനസംഖ്യക്ക് വീടുകളിലേക്കുള്ള കണക്ഷൻ നൽകുകയെന്ന ഉദ്ദിഷ്ടഗുണം കൈവരിച്ചില്ല. |
| | മഴവെള്ള ഡ്രെയിനേജ് - നഗര ഡ്രെയിനേജ് മെച്ചപ്പെടുത്തൽ | 3 | 29.49 | 2 | | | 1 | 18.10 | പ്രളയ സാധ്യത അല്ലെങ്കിൽ വെള്ളക്കെട്ട് ഭാഗികമായി കുറഞ്ഞു. |
| | ഖരമാലിന്യ സംവിധാനം - കമ്പോസ്റ്റ് പ്ലാന്റും സ്ഥലം നികത്തലും കണ്ടെയി | 2 | 3.36 | 2 | | | - | 2.61 | കെ എസ് പി സി ബി യുടെ അനുമതി ലഭിക്കാത്തതിനാൽ എൽടിപി പ്രാവർത്തി |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | നർ പ്ലാറ്റ് ഫോമുകളും എൽടിപി പ്രവൃത്തികളും | | | | | | | | കമായില്ല. ഇതിനായി വാങ്ങിയ 12 വാഹനങ്ങൾ വെറുതെ കിടക്കുന്നു. 99,000 വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കാൻ ലക്ഷ്യമിട്ടു വെങ്കിലും 92,000 മാത്രമേ സാധിച്ചുള്ളൂ. ആഴ്ചയിൽ ആറ് ദിവസം മാലിന്യ ശേഖരണം ലക്ഷ്യമിട്ടത് നടപ്പിലായില്ല. |
| | എസ്ഡബ്ല്യു എം - ഉപകരണം - സംഭരണ ഉപകരണങ്ങളുടെയും വാഹനങ്ങളുടെയും വാങ്ങൽ | 11 | 6.19 | 7 | | | 4 | 4.37 | |
| | നഗര റോഡുകളും ഗതാഗതവും - റോഡും | 4 | 44.95 | 1 | | | 3 | 37.71 | പീക്ക് ഹവർ ട്രാഫിക് അളവ് - |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | പാലവും മെച്ചപ്പെടു ത്തൽ ജോലികൾ | | | | | | | | ശേഷി അനുപാതം മെച്ചപ്പെട്ടു |
| | ആകെ | 102 | 999.14 | 55 | 15 | 4 | 28 | 470.47 | |

**ഓഡിറ്റ് കണ്ടെത്തലുകൾ**

### 3.1.7 പദ്ധതികളുടെ രൂപീകരണവും നടത്തിപ്പും

### 3.1.7.1 'തദ്ദേശഭരണ അടിസ്ഥാന സൗകര്യ വികസനം' എന്ന ഘടകത്തിന്റെ റദ്ദാക്കൽ

കെ എസ് യു ഡി പി യിലുള്ള നാല് ഘടകങ്ങളിൽ ഒന്നായ 'ഘടകം സി തദ്ദേശസ്വയം ഭരണ അടിസ്ഥാന സൗകര്യ വികസനം' അഞ്ച് കോർപ്പറേഷനുകൾ ഒഴികെ സംസ്ഥാനത്തെ 53 മുനിസിപ്പാലിറ്റികളിൽ ജലവിതരണം, ശുചിത്വം, ഖരമാലിന്യം കൈകാര്യം ചെയ്യൽ, റോഡുകൾ, ഗതാഗതം മറ്റു നഗര അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിൽ ഉപപദ്ധതികൾ വികസിപ്പിക്കാനും ധനസഹായം നൽകാനും ഉദ്ദേശിച്ചുള്ളതായിരുന്നു. നഗരങ്ങളിലെ ജനങ്ങളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്താൻ ഈ പ്രവൃത്തികൾ സഹായിക്കുമെന്നു ഇതിൽ വിഭാവനം ചെയ്തിരുന്നു. പ്രസ്തുത ഘടകത്തിൽ ഗുണനിലവാരമുള്ള നഗര അടിസ്ഥാന സൗകര്യങ്ങളുടെ സൃഷ്ടിയ്ക്കും പരിപാലനത്തിനും വേണ്ടി ദീർഘകാല വിഭവങ്ങൾ കരസ്ഥമാക്കുന്നതിനും തങ്ങളുടെ പ്രദേശങ്ങളിൽ കാര്യശേഷി നിർമ്മാണം, സ്ഥായിയായ വികസനം എന്നിവയ്ക്കു വേണ്ടി സർക്കാർ സർക്കാരിതര ഏജൻസികളുമായി സാധ്യമായതും സ്ഥായിയായതുമായ പങ്കാളിത്തം ഉണ്ടാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിനായി കേരള തദ്ദേശ ഭരണ വികസന ഫണ്ട് (കെ എൽ ജി ഡി എഫ്) രൂപീകരിക്കുമെന്ന് വിഭാവനം ചെയ്തിരുന്നു. ഘടകത്തിനായി വിലയിരുത്തിയ $54 ദശലക്ഷത്തിൽ എ ഡി ബിയുടെ വിഹിതം $15 ദശലക്ഷം ആയിരുന്നു. ബാക്കിയുള്ള $39 ദശലക്ഷം കെ എൽ ജി ഡി എഫിലൂടെ ധനകാര്യ മദ്ധ്യവർത്തിയായി കേരള സർക്കാരാണ് മുടക്കേണ്ടിയിരുന്നത്.

കെ എൽ ജി ഡി എഫ് രൂപീകരിച്ചുവെങ്കിലും (2010 ജനുവരി) കെ എൽ ജി ഡി എഫിന്റെ ആസ്തികളും നിക്ഷേപങ്ങളും കൈകാര്യം ചെയ്യുന്നതിന്, നിലവിലുള്ള കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷനെ (കെ യു ആർ എഫ് സി) ഒരു ആസ്തി കൈകാര്യ കമ്പനിയായി (എ.എം.സി) പുനർ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം നടപ്പായില്ല എന്ന് ഞങ്ങൾ നിരീക്ഷിച്ചു. കെ എൽ ജി ഡി എഫ് നടപ്പിലാക്കുന്നതിലുള്ള കേരള സർക്കാരിന്റെ പരാജയം, എ.ഡി.ബി. ഘടകം റദ്ദുചെയ്യുന്നതിനും ₹67.50[6] കോടിയുടെ തത്തുല്യമായ വായ്പാ വിഹിതം റദ്ദുചെയ്യുന്നതിനും കാരണമായി. അങ്ങനെ, 53 മുനിസിപ്പാലിറ്റികളിലെ നഗരവാസികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള കെ.എസ്.യു.ഡി.പിയിലെ ഒരേ ഒരു ഘടകം നടപ്പിലായില്ല.

എ.ഡി.ബി. ഫണ്ട് യു.എൽ.ബി.കളിലേയ്ക്ക് എത്തിക്കുന്നതിന് ഒരു ലഘൂകരിച്ച സംവിധാനത്തിനുള്ള സാധ്യത പരിഗണിച്ചിരുന്നുവെങ്കിലും നടപടിക്രമങ്ങളിലെ താമസം മൂലം ഇതുവരെ പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ലെന്ന് കേരള സർക്കാർ മറുപടി നൽകി.

### 3.1.7.2 പ്രോജക്റ്റുകളുടെ മന്ദഗതിയിലുള്ള നടപ്പാക്കൽ

കെ.എസ്.യു.ഡി.പി.യുടെ 'എ-നഗര അടിസ്ഥാന സൗകര്യവും സേവനങ്ങളും മെച്ചപ്പെടുത്തലിനുള്ള' ജലവിതരണം, അഴുക്കുചാൽ, മഴവെള്ള നിർഗ്ഗമനം, ഖരമാലിന്യം കൈകാര്യം ചെയ്യൽ, ഖരമാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള ഉപകരണം, നഗര റോഡ് ഗതാഗതം തുടങ്ങി ആറ് ഉപഘടകങ്ങളിലെ വിശദമായ പരിശോധന ഓഡിറ്റ് നടത്തുകയുണ്ടായി. നടപ്പിലാക്കുന്നതിലെ പുരോഗതി നില (2016 നവംബർ) താഴെ കൊടുക്കുന്നു.

6 $15 ദശലക്ഷം - ലോൺ എഗ്രിമെന്റ് സമയത്ത് നിലിവിലുണ്ടായിരുന്ന രൂപ ഡോളർ വിനിമയ നിരക്ക് ₹45 പ്രകാരം

**പട്ടിക 3.2:ഘടകം എ-നഗര അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തലിൽ ഏറ്റെടുത്ത പണികളുടെ നില**

(₹ കോടിയിൽ)

| ഘടകം | ആകെ | | പണികളുടെ നില | | | | | |
|---|---|---|---|---|---|---|---|---|
| | | | പൂർത്തിയാക്കിയത് | | തുടരുന്നവ | മാറ്റിവച്ചവ[7] | ഇടയ്ക്ക് വച്ച് നിർത്തിയത്[8] | 2016 നവംബർ 30 ലെ ചെലവ് |
| | കരാറുകളുടെ എണ്ണം | വിലയിരുത്തിയ തുക | കരാറുകളുടെ എണ്ണം | പൂർത്തിയാക്കിയ ശതമാനം | കരാറുകളുടെ എണ്ണം | കരാറുകളുടെ എണ്ണം | കരാറുകളുടെ എണ്ണം | |
| ജലവിതരണം | 10 | 103.18 | 7 | 70 | 1 | - | 2 | 92.31 |
| അഴുക്കുചാൽ | 21 | 581.77 | 2 | 10 | 3 | 7 | 9 | 139.39 |
| മഴവെള്ള നിർഗമനം | 11 | 88.94 | 9 | 82 | - | 2 | - | 69.98 |

7 മാറ്റിവച്ച പണികൾ - കോർപ്പറേഷന്റെ മറ്റു പദ്ധതികളിൽ നടപ്പിലാക്കുവാനോ നിർദ്ദേശിച്ചതോ അല്ലെങ്കിൽ കോർപ്പറേഷൻ നടപ്പിലാക്കാത്തതുമൂലം നടപ്പിലാക്കുവാൻ സാധിക്കാത്ത പണികൾ

8 പരിസ്ഥിതി പ്രശ്നം, പൊതുജന പ്രതിഷേധം തുടങ്ങിയ പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണം നിർത്തിവച്ച പദ്ധതികൾ

| ഘടകം | ആകെ | | പണികളുടെ നില | | | | | |
|---|---|---|---|---|---|---|---|---|
| | | | പൂർത്തിയാക്കിയത് | | തുടരുന്നവ | മാറ്റി വെച്ചത് | ഇടയ്ക്ക് വച്ച് നിർത്തിയത് | 2018 നവംബർ 30 ലെ ചെലവ് |
| | കരാറുകളുടെ എണ്ണം | വിലയിരുത്തിയ തുക | കരാറുകളുടെ എണ്ണം | പൂർത്തിയാക്കിയ ശതമാനം | കരാറുകളുടെ എണ്ണം | കരാറുകളുടെ എണ്ണം | കരാറുകളുടെ എണ്ണം | |
| ഖരമാലിന്യം കൈകാര്യം ചെയ്യൽ | 6 | 17.99 | 2 | 33 | - | - | 4 | 10.70 |
| ഖരമാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള ഉപകരണം | 38 | 27.40 | 25 | 66 | - | 13 | - | 14.50 |
| റോഡുകളും ഗതാഗതവും | 16 | 179.86 | 10 | 63 | - | 6 | - | 143.59 |
| **ആകെ** | **102** | **999.14** | **55** | **54** | **4** | **28** | **15** | **470.47** |

നഗര അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തലിൻ കീഴിലുള്ള ആറ് ഉപഘടകങ്ങൾ പൂർത്തിയാക്കാൻ 102 കരാറുകൾ നൽകിയതിൽ 55 കരാറുകൾ മാത്രമാണ് പൂർത്തിയാക്കിയതെന്ന് (2016 നവംബർ) കാണാൻ കഴിയും. നാല് പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുകയും, 43 പ്രവൃത്തികൾ മാറ്റിവെയ്ക്കുകയോ ഇടയ്ക്ക് വെച്ച് നിറുത്തുകയോ ചെയ്തു. വായ്പ കാലാവധിയ്ക്ക് ശേഷം പൂർത്തിയാക്കാനുണ്ടായിരുന്ന നടന്നുകൊണ്ടിരുന്ന പണികൾ, ഇടയ്ക്ക് വെച്ച് നിറുത്തിയ പണികൾ, മാറ്റിവെച്ച പണികൾ എന്നിവയെക്കുറിച്ചുള്ള ഞങ്ങളുടെ നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

ഉയർന്ന ടെണ്ടർ നിരക്ക്, ഭൂമി ലഭ്യമാക്കുന്നതിനുള്ള കോർപ്പറേഷനുകളുടെ താമസം, തീരുമാനം എടുക്കുന്നതിന് എംപവേർഡ് കമ്മിറ്റിയ്ക്കുണ്ടായ കാലതാമസം, ചില കരാറുകാരുടെ മോശം പ്രകടനം, പ്രോജക്റ്റ് ഡയറക്ടറുടെയും പിഐയു സ്റ്റാഫിന്റെയും കൂടെക്കൂടെയുള്ള മാറ്റം, കെഡബ്ള്യുഎയുടെ ഉടമസ്ഥതയില്ലായ്മ മുതലായവ പ്രോജക്റ്റ് മോശമായി നടപ്പിലാക്കുന്നതിന് ഹേതുവായി എന്ന് കേരള സർക്കാർ മറുപടി പറഞ്ഞു.

## എ) ഇടയ്ക്ക് വച്ച് നിറുത്തിയ പണികൾ

പ്രോജക്റ്റ് അഡ്മിനിസ്ട്രേഷൻ മെമ്മോറാണ്ടം (പിഎം) അനുസരിച്ച് പ്രോജക്റ്റ് പ്രവർത്തനങ്ങളുടെ ക്രമമായ മേൽ നിരീക്ഷണവും പ്രോജക്റ്റ് നടപ്പിലാക്കൽ സമയത്തുണ്ടാകാവുന്ന തടസ്സങ്ങൾ നീക്കുന്നതിനുള്ള തീരുമാനം എടുക്കുന്നതിനുള്ള ചുമതലയും പ്രിൻസിപ്പൽ സെക്രട്ടറി, എൽഎസ്ജിഡി അദ്ധ്യക്ഷനായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റിയ്ക്കാണ്. പൊതുജനങ്ങളുടെ എതിർപ്പ്, പരിസ്ഥിതി പ്രശ്നങ്ങൾ, റോഡ് മുറിക്കുന്നതിനുള്ള അനുമതി കിട്ടാനുള്ള താമസം മുതലായ കാരണങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ₹330.12 കോടിയുടെ പതിനഞ്ച് കരാറുകൾ ഇടയ്ക്ക് വച്ച് നിറുത്തുകയോ ഉപേക്ഷിക്കുകയോ ചെയ്തുവെന്ന് ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു. കോ-ഓർഡിനേഷൻ കമ്മിറ്റി തങ്ങളിൽ അർപ്പിതമായ ഉത്തരവാദിത്തം നിറവേറ്റുന്നതിൽ പരാജയപ്പെട്ടതുകാരണം അനുബന്ധം XII ൽ കാണിച്ചിരിക്കുന്നതുപോലെ ഈ പ്രോജക്റ്റുകൾക്കായി ചെലവഴിച്ച ₹77.34 കോടി ഫലപ്രദമല്ലാതായി.

### അനുബന്ധം XII

### ഇടയ്ക്ക് വെച്ച് നിർത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | പാക്കേജ് നമ്പർ/ പ്രവൃത്തികളുടെ വിശദാംശങ്ങൾ | കരാർ മൂല്യം | ചെലവ് | കാരണം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | KLM_SW-01A ഖരമാലിന്യ സംസ്കരണ പ്രവൃത്തികൾ- കൊല്ലം | 4.79 | 3.79 | പൊതുജന പ്രതിഷേധം/ സി ആർ ഇസഡ് പ്രശ്നങ്ങൾ |
| 2 | KLM-SW-01B ഖരമാലിന്യ സംസ്കരണ പ്രവൃത്തികൾ-ലാൻഡ് ഫിൽ- കൊല്ലം | 2.03 | 0.98 | പൊതുജന പ്രതിഷേധം/സി ആർ ഇസഡ് പ്രശ്നങ്ങൾ |
| 3 | KLM-SW-01C ഖരമാലിന്യ സംസ്കരണ പ്രവൃത്തികൾ- അടിസ്ഥാന സൗകര്യം- കൊല്ലം | 2.89 | 1.50 | പൊതുജന പ്രതിഷേധം/സി ആർ ഇസഡ് പ്രശ്നങ്ങൾ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4 | TSR-SW-01 ഖരമാലിന്യ സംസ്കരണ കമ്പോസ്റ്റ് പ്ലാന്റ്, ലാന്റ് ഫിൽ മുതലായവ തൃശ്ശൂർ | 4.92 | 1.92 | പൊതുജന പ്രതിഷേധം |
| 5 | KCH-SS-02 വെസ്റ്റ് കൊച്ചി മേഖല 4, 6 ലെ അഴുക്കുചാൽ സംവിധാനത്തിന്റെ നിർമ്മാണം-ഘട്ടം II | 57.60 | 11.39 | പൊതുജന പ്രതിഷേധം |
| 6 | KCH-SS-02 വെസ്റ്റ് കൊച്ചി മേഖല 4, 6 ന വേണ്ടിയുള്ള വൈദ്യുത യാന്ത്രിക പ്രവൃത്തികൾ പമ്പിംഗ് മെയിൻ അടക്കമുള്ള പമ്പ് ഹൗസുകളുടെ നിർമ്മാണം -ഘട്ടം II | 16.42 | 3.49 | പൊതുജന പ്രതിഷേധം |
| 7 | KCH-SS-03 വെസ്റ്റ് കൊച്ചി മേഖല 3, 8, 9-ന വേണ്ടിയുള്ള അഴുക്കുചാൽ സംവിധാനത്തിന്റെ നിർമ്മാണം -ഘട്ടം 1 | 64.74 | 12.96 | പൊതുജന പ്രതിഷേധം |
| 8 | KCH-SS-03 വെസ്റ്റ് കൊച്ചി മേഖല 3, 8, 9 ന വേണ്ടിയുള്ള വൈദ്യുത-യാന്ത്രിക പ്രവൃത്തികൾ, പമ്പിംഗ് മെയിൻ അടക്കമുള്ള പമ്പ് ഹൗസുകളുടെ നിർമ്മാണം -ഘട്ടം 1 | 26.43 | 11.81 | പൊതുജന പ്രതിഷേധം |
| 9 | KZH-SS-03A ഭൂവികസനം, എസ്.റ്റി. പി.ക്കുള്ള അപ്രോച്ച് റോഡ്, കോഴിക്കോട് | 7.49 | 0.60 | പൊതുജന പ്രതിഷേധം |
| 10 | KZD-SS-03A അഴുക്കുചാൽ പ്രവൃത്തികൾ കോഴിക്കോട് | 36.18 | 5.89 | പൊതുജന പ്രതിഷേധം/ഭൂമി ഏറ്റെടുക്കലിലെ കാലതാമസം |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 11 | KZD-SS-02B അഴുക്കുചാൽ പ്രവൃത്തികൾ കോഴിക്കോട് | 27.67 | 6.96 | റോഡ് കട്ടിംഗിന് അനുമതി ലഭിക്കുന്നതിനുണ്ടായ കാലതാമസം |
| 12 | KCH-WS-02K ജലവിതരണം കൊച്ചി | 10.45 | 4.68 | റോഡ് കട്ടിംഗിന് അനുമതി ലഭിക്കുന്നതിനുണ്ടായ കാലതാമസം |
| 13 | KCH-WS-03 ജലവിതരണം കൊച്ചി | 3.65 | 1.14 | പൊതുജന പ്രതിഷേധം, കരാറുകാരന്റെ മോശം പ്രകടനം |
| 14 | TVM-SS-01 അഴുക്കുചാൽ പ്രവൃത്തികൾ തിരുവനന്തപുരം | 12.56 | 2.30 | പൊതുജന പ്രതിഷേധം, കരാറുകാരന്റെ മോശം പ്രകടനം |
| 15 | 29TVM-SS-02 അഴുക്കുചാൽ പ്രവൃത്തികൾ തിരുവനന്തപുരം | 52.30 | 7.93 | പൊതുജന പ്രതിഷേധം, കരാറുകാരന്റെ മോശം പ്രകടനം |
| | **ആകെ** | **330.12** | **77.34** | |

**ബി) നടന്നുകൊണ്ടിരിക്കുന്ന പണികൾ**

എഡിബി വായ്പാ അക്കൗണ്ട് ക്ളോസ് ചെയ്ത സമയത്ത് താഴെപ്പറയുന്ന നാല് പ്രോജക്റ്റുകൾ പൂർത്തിയാക്കാനുണ്ടായിരുന്നു.

## പട്ടിക 3.3: നടന്നുകൊണ്ടിരിക്കുന്ന പണികളുടെ വിവരങ്ങൾ

(₹കോടിയിൽ)

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിവരം | കരാർ തുക | ചെലവ് | മുടങ്ങിക്കിടക്കുന്നതിന്റെ കാരണം |
|---|---|---|---|---|
| 1 | കൊല്ലം കെഎൽഎം-എസ് എസ് 01 അഴുക്കുചാൽ | 34.05 | 13.51 | പൊതുജനങ്ങളുടെ എതിർപ്പ് പരിഹരിച്ചു കൊണ്ടിരിക്കുന്നു |
| 2 | കൊല്ലം കെഎൽഎം-എസ് എസ് 02 അഴുക്കുചാൽ | 55.91 | 18.05 | |
| 3 | കൊച്ചി കെസിഎച്ച്ഡബ്ല്യുഎസ്- 01 ജലവിതരണം | 14.35 | 8.95 | കരാറുകാരന്റെ മോശം പ്രകടനം |
| 4 | കോഴിക്കോട് കെഇസഡ് ഡി-എസ് എസ് 03 ബി സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് | 29.08 | 4.68 | ബഹു ഹൈക്കോടതിയുടെയും ദേശീയ ഹരിത ട്രൈബ്യൂണലിന്റെയും ഇടപെടൽ |
| | **ആകെ** | **133.39** | **45.19** | |

പ്രവൃത്തികൾ അനുവദിച്ചു നൽകിയ നിരക്കുകളുടെ അടിസ്ഥാനത്തിൽ നടന്നുകൊണ്ടിരുന്ന നാല് പ്രോജക്റ്റുകളും ഇടയ്ക്ക് നിറുത്തിയ 15 പ്രോജക്റ്റുകളും പൂർത്തിയാക്കാൻ ₹340.98 കോടി[9] വേണ്ടിവരും.

അടുത്ത മൂന്ന് മുതൽ അഞ്ച് വരെ വർഷങ്ങൾക്കകം എല്ലാ പൂർത്തിയാക്കാത്തതും ഇടയ്ക്ക് വെച്ച് നിറുത്തിയതുമായ പണികൾ പൂർത്തിയാക്കാൻ ₹710 കോടി വേണ്ടിവരുമെന്ന് പിഎംയു കണക്കാക്കി.

ശുപാർശ 1: ഇടയ്ക്ക് വെച്ച് നിറുത്തിയതും പൂർത്തിയാക്കാത്തതുമായ എല്ലാ പ്രോജക്റ്റുകളും ശരിയായ ധനസ്രോതസ്സുകൾ കണ്ടെത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഒരു കൃത്യമായ പദ്ധതി സർക്കാർ ആവിഷ്കരിക്കണം.

9 ₹88.20 കോടി മുടങ്ങികിടക്കുന്ന പ്രോജക്റ്റുകളുമായി ബന്ധപ്പെട്ടതും ₹ 252.78 കോടി ഇടയ്ക്കുവച്ച് നിർത്തിയ പ്രോജക്റ്റുകളുമായി ബന്ധപ്പെട്ടതും.

### 3.1.7.3 മാറ്റിവെച്ച പണികൾ

ഘടകം 'പാർട്ട് എ-നഗര അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തലിന്റെ' കീഴിൽ നടപ്പിലാക്കാൻ വിഭാവനം ചെയ്ത 102 കരാറുകളിൽ ഇരുപത്തിയെട്ടെണ്ണം ഏറ്റെടുക്കാതെ മാറ്റി വെച്ചു. മാറ്റിവെച്ച പാക്കേജുകളുടെ വിവരം താഴെ കൊടുക്കുന്നു.

| കോർപ്പറേഷന്റെ പേര് | ആദ്യമുണ്ടായിരുന്ന പാക്കേജുകൾ | മാറ്റിവെച്ച പാക്കേജുകൾ | |
|---|---|---|---|
| | | എണ്ണം | കണക്കാക്കിയ തുക (₹കോടിയിൽ) |
| തിരുവനന്തപുരം | 9 | 3 | 19.52 |
| കൊല്ലം | 30 | 7 | 29.31 |
| കൊച്ചി | 24 | 5 | 60.67 |
| തൃശ്ശൂർ | 13 | 3 | 4.02 |
| കോഴിക്കോട് | 26 | 10 | 65.36 |
| **ആകെ** | **102** | **28** | **178.88** |

കോർപ്പറേഷന്റെ മറ്റു പദ്ധതികളിൽ ഉൾപ്പെടുത്തുക, ഭൂമി ഏറ്റെടുക്കൽ പ്രശ്നങ്ങൾ, പുനരധിവാസ/പാരിസ്ഥിതിക പ്രശ്നങ്ങൾ മുതലായവ കാരണമാണ് പണികൾ മാറ്റിവച്ചത്. ഈ പാക്കേജുകൾ മാറ്റിവെച്ചത് കാരണം ₹125.22 കോടി (എഡിബിയുടെ വിഹിതം 70 ശതമാനം) യുടെ എഡിബി വായ്പ എടുക്കാനുള്ള അവസരം കേരള സർക്കാരിന് നഷ്ടപ്പെട്ടു.

### 3.1.8 അഴുക്കുചാൽ പണികളുടെ നടത്തിപ്പിന്റെ നില

പാർട്ട് എ-നഗര അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തലിലെ ആകെയുള്ള കരാർ തുകയായ ₹999.14 കോടിയിൽ ₹581.77 കോടി (58 ശതമാനം) അഴുക്കുചാൽ പണികൾക്കായി ചെലവഴിക്കാനാണ് വിഭാവനം ചെയ്തിരുന്നത്. താഴെയുള്ള ഖണ്ഡികകളിൽ കാണിച്ചിരിക്കുന്നത് പോലെ പണിയുടെ നടത്തിപ്പ് തൃപ്തികരമല്ല.

### 3.1.8.1 അയോഗ്യരായ ഏജൻസിയെ അഴുക്കുചാൽ പണി ഏൽപിക്കൽ

നാല്[10] കോർപ്പറേഷനുകളിലെ അഴുക്കുചാൽ ശൃംഖലയുടെ പുനരധിവാസവും വികാസവും കൂടാതെ മലിനജല സംസ്കരണ പ്ലാന്റുകളുടെ (എസ്. റ്റി. പി.) നിർമ്മാണവും പിഎംഎം-ൽ വിഭാവനം ചെയ്യുന്നു. കെഡബ്ള്യുഎയുമായി ഒപ്പ് വച്ച ധാരണാപത്രം

10 തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട്

(2007 നവംബർ) പ്രകാരം കെഎസ്‌യുഡിപിയിൻ കീഴിൽ നിലവിലുള്ള അഴുക്കുചാലുകളുടെയും ജലവിതരണ പദ്ധതികളുടെയും പുനരധിവാസവുമായി ബന്ധപ്പെട്ടുള്ള പണികളുടെ നടത്തിപ്പ് കേരള സർക്കാർ കെഡബ്ല്യുഎയെ ആണ് ഏൽപ്പിച്ചത്. താഴെയുള്ള പട്ടികയിൽ കാണുന്നതുപോലെ 96 ശതമാനം കരാറുകളും പൂർത്തിയാക്കാതിരുന്ന (2016 നവംബർ)അഴുക്കുചാൽ ഘടകത്തിന്റെ നടത്തിപ്പ് പുരോഗതി വളരെ മോശം ആയിരുന്നു.

പട്ടിക 3.5: അഴുക്കുചാൽ പാക്കേജുകളുടെ നടത്തിപ്പ് പുരോഗതി

| കോർപ്പറേഷന്റെ പേര് | ഏറ്റെടുത്ത പാക്കേജുകളുടെ എണ്ണം | കരാർ തുക (₹കോടിയിൽ) | പൂർത്തിയാക്കിയ പാക്കേജുകളുടെ എണ്ണം | ഇടയ്ക്കു വച്ച് നിറുത്തിയ പാക്കേജുകളുടെ എണ്ണം | നടന്നു കൊണ്ടിരിക്കുന്ന പാക്കേജുകളുടെ എണ്ണം | മാറ്റിവെച്ച പാക്കേജുകളുടെ എണ്ണം | ആകെ ചെലവ് (₹കോടിയിൽ) |
|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 5 | 109.40 | 1 | 2 | - | 2 | 52.12 |
| കൊല്ലം | 3 | 107.91 | - | 0 | 2 | 1 | 28.41 |
| കൊച്ചി | 7 | 223.65 | 1 | 4 | 0 | 2 | 41.18 |
| കോഴിക്കോട് | 6 | 140.81 | - | 3 | 1 | 2 | 17.68 |
| **ആകെ** | **21** | **581.77** | **2** | **9** | **3** | **7** | **139.39** |

₹581.77 കോടിയുടെ 21 അഴുക്കുചാൽ കരാറുകളിൽ, ₹42.70 കോടിയുടെ മുട്ടത്തറയുള്ള (റ്റിവിഎം കോർപ്പറേഷൻ) എസ്.റ്റി.പി.-യുടെ നിർമ്മാണം, ₹2.87 കോടിയുടെ മുണ്ടൻവേലി, വെസ്റ്റ് കൊച്ചിയിലെ എസ് റ്റി പി യ്ക്ക് വേണ്ടിയുള്ള മണ്ണ് നികത്തൽ പണി എന്നീ രണ്ട് കരാറുകൾ മാത്രമാണ് പൂർത്തിയാക്കിയത്. മറ്റു 12 അഴുക്കുചാൽ കരാറുകളിൽ (മൂന്നു നടന്നുകൊണ്ടിരിക്കുന്നതും ഒൻപത് ഇടയ്ക്ക് വച്ച് നിറുത്തിയതോ/ അവസാനിപ്പിച്ചതോ ആയ കരാറുകൾ ഉൾപ്പെടെ) നടത്തിപ്പിലെ ഭൗതികപുരോഗതി പൂജ്യത്തിനും 40 ശതമാനത്തിനും ഇടയിലായിരുന്നു (2016 ഡിസംബർ). മറ്റു ഘടകങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അഴുക്കുചാലിന്റെ ചെലവ് വളരെ കൂടുതലാണെങ്കിലും ചെലവിന്റെ 78 ശതമാനവും യഥാർത്ഥത്തിൽ പൈപ്പ് വാങ്ങൽ, മൊബിലൈസേഷൻ അഡ്വാൻസ്, റോഡ് മുറിക്കുന്നതിനുള്ള തുക നൽകൽ എന്നിവയുമായി ബന്ധപ്പെട്ടതാണെന്നും അതേസമയം പൈപ്പിടുക, അഴുക്കുചാൽ കണക്ഷൻ കൊടുക്കുക തുടങ്ങി സിവിൽ പണികൾക്ക് ചെലവാക്കിയത് വെറും 22 ശതമാനം മാത്രമാണ് എന്നും ഞങ്ങൾ നിരീക്ഷിച്ചു.

## അനുബന്ധം XIII

## അഴുക്ക്ചാൽ പദ്ധതികളുടെ ചെലവ്

| പ്രവൃത്തികളുടെ വിശദാംശങ്ങൾ | കരാറുകളുടെ പേര് | നൽകിയ തീയതി/ നിർത്തിയ തീയതി | കരാർ തുക | ചെലവഴിച്ച തുക (₹ കോടിയിൽ) | | | | |
|---|---|---|---|---|---|---|---|---|
| | | | | പൈപ്പുകളുടെ വാങ്ങൽ | മൊബിലൈസേഷൻ അഡ്വാൻസ് | റോഡ് കട്ടിംഗ് ചാർജ് | യഥാർത്ഥ ആഭ്യന്തര പ്രവൃത്തികളുടെ ചെലവ് | മൊത്തം ചെലവ് |
| **കൊച്ചി** | | | | | | | | |
| KCH-SS-02 അഴുക്കുചാൽ | മെസ്സേഴ്സ് അഭിരാം ഇൻഫ്രാ പ്രോജക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് | 22-11-2013 18-2-2016 | 57.60 | 4.66 | 3.73 | 3.00 | 0 | 11.39 |
| KCH-SS-02A അഴുക്കുചാൽ | ---do-- | --do-- | 16.42 | 0.78 | 1.21 | 1.50 | 0 | 3.49 |
| KCH-SS-03 അഴുക്കുചാൽ | ---do-- | 29-11-2013 18-2-2016 | 64.74 | 5.39 | 4.06 | 3.50 | 0 | 12.95 |
| KCH-SS-03A sewerage അഴുക്കുചാൽ | മെസ്സേഴ്സ് മേരിമാതാ കൺസ്ട്രക്ഷൻ കമ്പനി | 26-11-2013 18-2-2016 | 26.43 | 7.98 | 1.36 | 2.00 | 0.47 | 11.81 |
| **കോഴിക്കോട്** | | | | | | | | |
| KZD-SS-02A അഴുക്കുചാൽ | മെസ്സേഴ്സ് ശ്രീരാം ഇപിസി ലിമിറ്റഡ് | 19-10-2011 18-2-2016 | 36.18 | 2.62 | 2.07 | 0 | 1.20 | 5.89 |
| KZD-SS-02B അഴുക്കുചാൽ | മെസ്സേഴ്സ് ശ്രീരാം ഇപിസി ലിമിറ്റഡ് | 19-6-2011 18-2-2016 | 27.67 | 2.70 | 0.73 | 0 | 3.53 | 6.96 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| **കൊല്ലം** | | | | | | | | |
| KLM-SS-01 അഴുക്കുചാൽ | മെസ്സേഴ്സ് ടോം കോ എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ് | 20-6-2012 നടന്നുകൊണ്ടിരിക്കുന്നു. | 34.05 | 6.91 | 0.21 | 2.18 | 4.21 | 13.51 |
| KLM-SS-02 അഴുക്കുചാൽ | മെസ്സേഴ്സ് ടോം കോ എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ് | 20-6-2012 നടന്നുകൊണ്ടിരിക്കുന്നു. | 55.91 | 5.15 | 0.44 | 4.29 | 8.17 | 18.05 |
| **തിരുവനന്തപുരം** | | | | | | | | |
| TVM-SS-01 അഴുക്കുചാൽ | മെസ്സേഴ്സ് അഭിരാം ഇൻഫ്രാ പ്രോജക്ട് പ്രൈവറ്റ് ലിമിറ്റഡ് | 11-12-2012 18-2-2016 | 12.56 | 0.29 | 0.58 | 0.25 | 1.18 | 2.30 |
| TVM-SS-02 അഴുക്കുചാൽ | മെസ്സേഴ്സ് അഭിരാം ഇൻഫ്രാ പ്രോജക്ട് പ്രൈവറ്റ് ലിമിറ്റഡ് | 11-12-2012 18-2-2016 | 52.30 | 3.06 | 2.82 | 0.50 | 1.55 | 7.93 |
| **ആകെ** | | | **383.86** | **39.54** | **17.21** | **17.22** | **20.31** | **94.28** |

ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത (2016 ജൂലായ്) അവലോകനയോഗത്തിന്റെ മിനിറ്റ്സിൽ നിന്ന് അഴുക്കുചാൽ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക കഴിവ് കെഡബ്ള്യുഎയ്ക്ക് ഇല്ല എന്ന കാര്യം കേരള സർക്കാരിന് അറിയാമായിരുന്നു എന്ന് ഞങ്ങൾ നിരീക്ഷിച്ചു. അഴുക്കുചാൽ പദ്ധതി നിർവ്വഹിക്കുന്നതിനുള്ള കെഡബ്ള്യുഎയുടെ സാങ്കേതിക കഴിവിന്റെ അപര്യാപ്തതയും പരിചയമില്ലായ്മയും ആ യോഗത്തിൽ കെഡബ്ള്യുഎ മാനേജിംഗ് ഡയറക്ടർ സമ്മതിച്ചതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

രൂപരേഖ അവലോകനം ചെയ്യുക, പണിസ്ഥലത്തുള്ള പ്രശ്നങ്ങൾ യഥാസമയം അറിയിക്കുക, പി.ഡബ്ല്യു.ഡി.യുടെ റോഡ് പണിയുമായി ജലവിതരണ/അഴുക്കുചാൽ പണി ഏകോപിപ്പിക്കുക തുടങ്ങിയവയിൽ നിരവധി വീഴ്ചകൾ കെഡബ്ള്യൂഎ വരുത്തിയത് എഡിബിയുടെയും പിപിഎംഎസിന്റെയും അവലോകന റിപ്പോർട്ടുകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അഴുക്കുചാൽ പദ്ധതി നടപ്പിലാക്കുന്നതിൽ കെഡബ്ള്യൂഎയുടെ മോശപ്പെട്ട മുൻകാല ചരിത്രം അറിഞ്ഞിട്ടും ആ പ്രോജക്റ്റുകൾ കെഡബ്ള്യൂഎയെ ചുമതലപ്പെടുത്താനുള്ള കേരള സർക്കാരിന്റെ അനുചിത തീരുമാനം, കെഎസ്‌യുഡിപിയുടെ കീഴിലുള്ള 75 ശതമാനത്തിൽ കൂടുതൽ അഴുക്കുചാൽ പ്രോജക്റ്റുകളും ഇടയ്ക്ക് വെച്ച് നിറുത്തുന്നതിന് കാരണമായി.

നിലവിലുള്ള എല്ലാ ജല വിതരണ/അഴുക്കുചാൽ ശൃംഖലകളും പമ്പ് ഹൗസുകളും കെഡബ്ള്യൂഎയുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ളതിനാലും കെഎസ്‌യുഡിപിയുടെ കീഴിലുള്ള ഈ പ്രോജക്റ്റുകൾ നടപ്പാക്കാൻ കെഡബ്ള്യൂഎ സ്വമേധയാ തയ്യാറായതിനാലുമാണ് ജലവിതരണ, അഴുക്കുചാൽ പ്രോജക്റ്റുകൾ കെഡബ്ള്യൂഎയെ ഏൽപിച്ചതെന്ന് കേരള സർക്കാർ ബോധിപ്പിച്ചു. ഈ പ്രോജക്റ്റുകൾ നടപ്പാക്കുന്നതിലുള്ള കെഡബ്ള്യൂഎയുടെ ചരിത്രം മോശമായിരുന്നെന്ന് കേരള സർക്കാരിന് അറിയാമായിരുന്നതിനാൽ ഈ മറുപടി നിലനിൽക്കുന്നതല്ല. കൂടാതെ, ഈ പദ്ധതികൾ വിജയകരമായി നടപ്പാക്കുന്നതിന് കെ.എസ്.യു.ഡി.പി.ക്ക് കീഴിൽ രൂപീകരിച്ചിട്ടുള്ള പിഎംയു/പിഐയുകളിൽ കൺസൾട്ടന്റുകളുടെ പിന്തുണയോടെ അതാതു മേഖലകളിൽ ആവശ്യമായ വിദഗ്ധർ ഉണ്ടായിരുന്നു.

### 3.1.8.2 പാരിസ്ഥിതിക പ്രശ്നങ്ങളെ തുടർന്ന് മുടങ്ങിയ ജോലികൾ

പദ്ധതി രൂപീകരണ ഘട്ടത്തിൽ വിശദമായ സ്ഥല വിശകലനവും സർവ്വേയും നടത്തുന്നതിലും പരിസ്ഥിതി ഏജൻസികളിൽ നിന്നും ആവശ്യമായ അനുമതി നേടിയെടുക്കുന്നതിലും ഗുരുതരമായ വീഴ്ചയാണ് ഞങ്ങൾ നിരീക്ഷിച്ചത്. ഇത് മൂലം ചില പദ്ധതികൾ പരിസ്ഥിതിലോലമായ പ്രദേശങ്ങളിൽ/കോസ്റ്റൽ റെഗുലേഷൻ സോണിൽ (സിആർഇസഡ്) പെടുന്നതിനും പരിസ്ഥിതി/ജുഡീഷ്യൽ അധികാരികളുടെ ഇടപെടലിന് കാരണമാകുന്നതിനും തത്ഫലമായി താഴെ കാണും പ്രകാരം ജോലികൾ നിർത്തിവയ്ക്കുന്നതിനും ഹേതുവായി.

#### (എ) സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, കൊച്ചി

പടിഞ്ഞാറേ കൊച്ചിയിലെ മട്ടാഞ്ചേരി, ഫോർട്ട് കൊച്ചി, പള്ളുരുത്തി മേഖലകളിലെ ശുചിത്വ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കൊച്ചിക്കു വേണ്ടി ഒരു സ്വീവറേജ് പദ്ധതി ആവിഷ്കരിച്ചിരുന്നു. പ്രസ്തുത പദ്ധതിയിൽ ₹168.98 കോടി ആകെ കരാർ തുകയുള്ള ആറ്

പാക്കേജുകൾ ഉൾപ്പെട്ടിരുന്നു. പടിഞ്ഞാറേ കൊച്ചിയുടെ അഞ്ച് മേഖലകളിൽ ഇലക്ട്രിക്കൽ/ മെക്കാനിക്കൽ ജോലികൾ ഉൾപ്പെടെ സ്വീവറേജ് സംവിധാനത്തിന്റെയും പമ്പ് ഹൗസിന്റെയും നിർമ്മാണം, മുണ്ടൻവേലിയിൽ എസ്. ടി. പി.-ക്കായി സ്ഥലം നികത്തൽ ജോലികൾ, എസ്.ടി.പി-യുടെ നിർമ്മാണം എന്നിവ പണികളിൽ ഉൾപ്പെട്ടിരുന്നു. മുണ്ടൻവേലിയിലെ അഞ്ച് ഏക്കർ താഴ്ന്ന പ്രദേശത്ത് എസ്.ടി.പി. നിർമ്മിക്കുക എന്നതായിരുന്നു മുഴുവൻ സ്വീവറേജ് ജോലികളിലും പ്രധാനപ്പെട്ടത്. കാരണം മറ്റെല്ലാജോലികളും ഇതിനെ ആശ്രയിച്ചുള്ളതായിരുന്നു.

എസ്. ടി. പി.-ക്കായി സ്ഥലം നികത്തുന്ന ജോലി കോർപ്പറേഷൻ മെസ. ഡീൻസ് കൺസ്ട്രക്ഷൻസിന് ₹3.60 കോടിയ്ക്ക് നൽകി (2011 ഏപ്രിൽ). എന്നാൽ എസ്.ടി.പി.ക്കായി നിർദ്ദേശിച്ച സ്ഥലം വേമ്പനാട് കായലിന്റെ തീരപ്രദേശത്ത് സ്ഥിതിചെയ്യുന്നതായും പ്രസ്തുത സ്ഥലം കേരളത്തിന്റെ തീരദേശ പരിപാലന പദ്ധതി (സിഇസഡ്എംപി) യിൽ നിരോധിത മേഖല എന്ന് അടയാളപ്പെടുത്തിയിരിക്കുന്നു എന്നും കേരള തീരദേശ പരിപാലന അതോറിറ്റി (കെസിഇസഡ്എംഎ) നിരീക്ഷിച്ചതിനാൽ പ്രസ്തുത ജോലി ഒരു മാസത്തിനു ശേഷം (2011 മേയ്) നിർത്തിവയ്ക്കേണ്ടിവന്നു. കണ്ടൽക്കാടുകളുടെ വൻതോതിലുള്ള നശീകരണം ചൂണ്ടിക്കാട്ടി, ഇക്കാര്യത്തിൽ ദേശീയ ഹരിത ട്രൈബ്യൂണലിന്റെ (എൻജിടി) അന്തിമ വിധി വരുന്നതുവരെ പ്രസ്തുത ജോലി നീട്ടിവയ്ക്കാൻ ബഹു.കേരള ഹൈക്കോടതി 2011 ആഗസ്റ്റിൽ നിർദ്ദേശിച്ചു.

എസ്. ടി. പി.-യുടെ നിർമ്മാണം സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതിനാൽ, സ്ഥലം നികത്തുന്ന കരാർ മതിയാക്കുവാൻ ഇസി തീരുമാനിച്ചു (2012 ഏപ്രിൽ). ഈ സമയത്തിനുള്ളിൽ സ്ഥലം നികത്തുന്നതിന്റെ 80 ശതമാനം ജോലിയും കോൺട്രാക്ടർ പൂർത്തിയാക്കുകയും കോർപ്പറേഷൻ ഇതിനായി ₹2.87 കോടി നൽകുകയും ചെയ്തു. അതിനു ശേഷം, കെസിഇസഡ്എംഎയിൽ നിന്ന് 2012 ഡിസംബറിൽ ലഭിച്ച അനുമതിയുടെ അടിസ്ഥാനത്തിൽ കെസിഇസഡ്എംഎ നിർദ്ദേശിച്ച പ്രകാരം കണ്ടൽക്കാടുകളുടെ പുനരുദ്ധാരണം നടത്തിയ ശേഷം മുമ്പേ നികത്തിയ സ്ഥലത്ത് ₹19.04 കോടി ചെലവിൽ എസ്.ടി.പി. നിർമ്മിക്കുന്നതിനായി കോർപ്പറേഷൻ നടപടി ആരംഭിച്ചു. എന്നാൽ നികത്തിയ സ്ഥലം 2011-ലെ സിആർഇസഡ് നോട്ടിഫിക്കേഷൻ (ജനുവരി 2011)[11] പ്രകാരം നിരോധിത മേഖലയായ സിആർഇസഡ് IV-ൽ വരുന്നുവെന്ന് നിരീക്ഷിച്ച് എൻജിടി, വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ (എംഒഇഎഫ് & സിസി) അനുമതി ലഭിക്കാതെ നിർമ്മാണ ജോലിയുമായി മുന്നോട്ട് പോകരുതെന്ന് കോർപ്പറേഷനോട് നിർദ്ദേശിച്ചു (ഫെബ്രുവരി 2016).

---

11 2011- ലെ സിആർഇസഡ് നോട്ടിഫിക്കേഷൻ നേരത്തെ ഉണ്ടായിരുന്ന 1991 സിആർഇസഡ് നോട്ടിഫിക്കേഷന്റെ (19 ഫെബ്രുവരി 1991) പുതുക്കൽ മാത്രമാണ്. 1991-ലെ നോട്ടിഫിക്കേഷൻ അനുസരിച്ച് സ്ഥലത്തിന്റെയും വകുപ്പുകളുടെയും സ്ഥിതിക്ക് വ്യത്യാസമില്ല.

കെസിഇസഡ്എംഎ രൂപീകരിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിൽ നിന്നും സ്ഥലം തീരുമാനിക്കുന്നതിനു മുമ്പ് കെഎസ്‌യുഡിപിയുടെ ഡിസൈൻ ആന്റ് സൂപ്പർവിഷൻ കൺസൾട്ടന്റ് (മെസ്. വാപ്കോസ്) തയ്യാറാക്കിയ ഇനിഷ്യൽ എൻവയോൺമെന്റ് എക്സാമിനേഷൻ (ഐഇഇ) ലും എൻവയോൺമെന്റ് മാനേജ്മെന്റ് പ്ളാൻ (ഇഎംപി) ലും സിആർഇസഡ് പദവിയെ സംബന്ധിച്ചും 2010-ലെ കേന്ദ്രസർക്കാരിന്റെ തണ്ണീർത്തട നിയമത്തെ സംബന്ധിച്ചും വസ്തുതാപരമായ തെറ്റുകൾ ഉണ്ടായിരുന്നതായി ഞങ്ങൾക്ക് മനസ്സിലാക്കാൻ സാധിച്ചു. പ്രസ്തുത ജോലി ഇപ്പോഴും നിശ്ചലാവസ്ഥയിലാണ്. കൺസൾട്ടന്റ് തെറ്റായ റിപ്പോർട്ടുകൾ സമർപ്പിച്ചതുമൂലം സ്ഥലം നികത്തലിൽ കെഎസ്‌യുഡിപിക്ക് ₹2.87 കോടിയുടെ പ്രയോജനരഹിതമായ ചെലവ് ഉണ്ടായതിനു പുറമേ നിശ്ചിത മേഖലകളിലെ സ്വീവറേജ് ജോലി പൂർത്തിയാക്കാനോ ശുചിത്വ പ്രശ്നങ്ങൾ പരിഹരിക്കാനോ സാധിച്ചതുമില്ല.

നിർദ്ദിഷ്ട സ്ഥലത്തിന് സിആർഇസഡ് അതോറിറ്റി അനുമതി നൽകിയതിനാൽ ന്യൂനതയുള്ള പരിസ്ഥിതി റിപ്പോർട്ടുകൾ സമർപ്പിച്ചതിന് കൺസൾട്ടന്റിനെ ഉത്തരവാദിയാക്കാൻ സാധിക്കുകയില്ലെന്ന് സർക്കാർ വാദിച്ചു. കെസിഇസഡ് എംഎ രൂപീകരിച്ച വിദഗ്ധ സമിതി തന്നെ സ്ഥലം നിശ്ചയിക്കുന്നതിന് മുമ്പ് കൺസൾട്ടന്റ് തയ്യാറാക്കിയ പരിസ്ഥിതി റിപ്പോർട്ടുകളിൽ സിആർഇസഡ് പദവിയെ സംബന്ധിച്ചും 2010-ലെ കേന്ദ്ര സർക്കാരിന്റെ തണ്ണീർത്തട നിയമത്തെ സംബന്ധിച്ചും വസ്തുതാപരമായ തെറ്റുകൾ ഉള്ളതായി ചൂണ്ടിക്കാണിച്ചിട്ടുള്ളതിനാൽ (2011 ജൂൺ) ഈ വാദം അംഗീകരിക്കാൻ കഴിയില്ല. കൺസൾട്ടന്റ് തയ്യാറാക്കിയ തെറ്റായ പരിസ്ഥിതി റിപ്പോർട്ടുകൾ കാരണം മുൻകൂർ സിആർഇസഡ് അനുമതിക്കായി കെസിഇസഡ്എംഎക്ക് കോർപ്പറേഷൻ യാതൊരു അപേക്ഷയും നൽകിയിരുന്നില്ലെന്നും മനസ്സിലാക്കാൻ സാധിച്ചു. കെസിഇസഡ്എംഎ സ്വന്തം നിലയിൽ ഇക്കാര്യം പരിഗണനയ്ക്കെടുക്കുകയും പ്രസ്തുത പദ്ധതിക്ക് സ്റ്റോപ്പ് മെമ്മോ നൽകുകയും ചെയ്തിരുന്നു (2011 മേയ്). എന്നാൽ വനം വച്ചു പിടിപ്പിക്കണമെന്ന വ്യവസ്ഥയിൽ പദ്ധതി തുടരാൻ പിന്നീട് അനുവാദം നൽകി കെസിഇസഡ്എംഎയുടെ ഈ ഉത്തരവ് എൻജിടി തടയുകയും ഈ വിഷയം തീരുമാനിക്കാൻ അധികാരപ്പെട്ട എംഒഇഎഫ് & സിസിക്ക് ആയത് കൈമാറാൻ നിർദ്ദേശിക്കുകയുമാണുണ്ടായത്.

**(ബി) ഖരമാലിന്യ സംസ്കരണം - കൊല്ലം**

മുനിസിപ്പൽ കോർപ്പറേഷനുകളിൽ ഖരമാലിന്യ ശേഖരണവും സംസ്കരണ ശക്തിയും വർദ്ധിപ്പിക്കുന്നതിന് പ്രോജക്റ്റ് അഡ്മിനിസ്ട്രേഷൻ മെമ്മോറാണ്ടം നിഷ്കർഷിക്കുന്നു. (1) ഡംപറുകൾ, ഉച്ചിഷ്ടശേഖരണികൾ, കോംപാക്റ്ററുകൾ എന്നിവ ലഭ്യമാക്കുക. (2) സാമൂഹിക ചവർ സംഭരണ പെട്ടികൾ നൽകുക. 3) ശുചീകരണത്തിന് ചവർ മൂടുന്ന സ്ഥലം രൂപപ്പെടുത്തുന്നതിനുള്ള സിവിൽ പ്രവൃത്തി അനുവദിക്കുക എന്നിവയും ഇതിൽ വിവക്ഷിക്കുന്നു.

കൊല്ലം കോർപ്പറേഷന്റെ കുരീപ്പുഴയിലുള്ള നിർദ്ദിഷ്ട ഖരമാലിന്യ സംസ്കരണ സംവിധാനത്തിൽ കംപോസ്റ്റ് പ്ളാന്റ്, ലീച്ചെറ്റ് ട്രീറ്റ്മെന്റ് പ്ളാന്റ് (എൽടിപി) എന്നിവയുടെ നിർമ്മാണം, സാനിട്ടറി ലാന്റ് ഫില്ലിൽ, നിലവിലുള്ള മാലിന്യ കൂമ്പാരത്തിന്റെ നിർമ്മാർജ്ജനം, മറ്റ് അടിസ്ഥാന സൗകര്യ നിർമ്മാണം എന്നിങ്ങനെ ₹971 കോടി കരാർ തുക പ്രതീക്ഷിക്കുന്ന മൂന്ന് പാക്കേജുകൾ ഉൾപ്പെട്ടിരുന്നു.

കുരീപ്പുഴയിൽ പദ്ധതിക്കായി നിർദ്ദേശിച്ച സ്ഥലം അഷ്ടമുടി കായലിന്റെ തീരത്തുള്ളതും കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി മാലിന്യ നിക്ഷേപത്തിന് കോർപ്പറേഷൻ ഉപയോഗിച്ച് വന്നിരുന്നതുമായിരുന്നു. 1991/2011-ലെ സിആർഇസഡ് നോട്ടിഫിക്കേഷൻ പ്രകാരം അഷ്ടമുടി കായലിന്റെ തീരത്തു നിന്നും 100 മീറ്റർ വരെയുള്ള തീരപ്രദേശം സി.ആർ.ഇസഡ്. II-ൽ ഉൾപ്പെടുന്നതും അവിടെ മാലിന്യ നിക്ഷേപം നിരോധിച്ചിട്ടുള്ളതും നോട്ടിഫിക്കേഷൻ തീയതി മുതൽ മൂന്ന് വർഷത്തിനുള്ളിൽ നിലവിലുള്ള മാലിന്യ നിക്ഷേപവും അല്ലെങ്കിൽ സ്ഥലം നികത്തലും മാറ്റപ്പെടേണ്ടതുമായിരുന്നു. കൺസൾട്ടന്റ് പ്രസ്തുത പദ്ധതിക്കായി 2007 ഏപ്രിലിൽ തയ്യാറാക്കിയ വിശദമായ പദ്ധതി റിപ്പോർട്ടിൽ (ഡിപിആർ) പദ്ധതി പ്രദേശം സിആർഇസഡ് II-ൽ ഉൾപ്പെടുന്നതാണെന്നും പ്രദേശത്തെ മാലിന്യ നിക്ഷേപം നിരോധിത നടപടിയാണെന്നും സൂചിപ്പിച്ചിരുന്നതായി ഞങ്ങൾ മനസ്സിലാക്കി. ഡി.പി.ആർ.-ൽ ഈ വസ്തുതകൾ സൂചിപ്പിച്ചിരുന്നുവെങ്കിലും പദ്ധതി പ്രദേശമോ ഡംപിഗ് യാർഡോ സിആർഇസഡിന് പുറത്ത് മാറ്റി സ്ഥാപിക്കുന്നതിന് കോർപ്പറേഷൻ നടപടി സ്വീകരിച്ചില്ലെന്നു മാത്രമല്ല പ്രസ്തുത പ്രദേശത്ത് മാലിന്യ നിക്ഷേപം തുടരുകയും ചെയ്തു. ഖരമാലിന്യ സംസ്കരണ സൗകര്യം ഏർപ്പെടുത്തലും

സാനിട്ടറി ലാന്റ് ഫില്ലും സംബന്ധിച്ച ജോലി "മെസ. ജംഷഡ്പൂർ യൂട്ടിലിറ്റീസ് & സർവ്വീസസ് കമ്പനി ലിമിറ്റഡ്" എന്ന സ്ഥാപനത്തിന് കോർപ്പറേഷൻ നൽകി (2008 ജൂലൈ). എന്നാൽ കംപോസ്റ്റ് പ്ളാന്റിന്റെ 90 ശതമാനവും സ്ഥലം നികത്തലിന്റെ 75 ശതമാനവും അടിസ്ഥാന സൗകര്യത്തിന്റെ 95 ശതമാനവും പൂർത്തിയാക്കിയ ശേഷം, സിആർഇസഡിന്റെ ലംഘനവും മാലിന്യ നിക്ഷേപം മൂലമുള്ള മലിനീകരണവും മലിന ജല ഉത്പാദനവും ആരോപിച്ചുള്ള പൊതുജന പ്രതിഷേധത്താൽ കരാറുകാരൻ ജോലി ഉപേക്ഷിച്ചു (2011 ജൂലൈ). ലാന്റ് ഫിൽ പ്രദേശവും ഡംപിംഗ് സെന്ററും മാറ്റി സ്ഥാപിക്കണമെന്ന നിർദ്ദേശത്തോടു കൂടി സിആർഇസഡ് പ്രദേശത്തിനു വെളിയിൽ പ്ളാന്റ് സ്ഥാപിക്കാൻ കെസിഇസഡ് എംഎ 2012 ഏപ്രിലിൽ അനുമതി നൽകിയെങ്കിലും പദ്ധതിക്കെതിരെ ബഹു. കേരള ഹൈക്കോടതിയിൽ രണ്ട് റിട്ട് അപേക്ഷകൾ ഫയൽ ചെയ്യപ്പെട്ടു. ഹർജികളിൽ പാരിസ്ഥിതിക പ്രശ്നങ്ങളാണ് ഉന്നയിക്കപ്പെട്ടിരുന്നത് എന്നതിനാൽ അവ എൻജിടിക്ക് പിന്നീട് കൈമാറുകയും അത് തീർപ്പായിട്ടില്ലാത്തതുമാണ് (2016 ഡിസംബർ). അതിനാൽ പദ്ധതിയുമായി മുന്നോട്ട് പോകേണ്ടതില്ലെന്ന് ഇസി തീരുമാനിച്ചു[12] (2015 ഫെബ്രുവരി /ജൂൺ).

ഡിപിആർലെ നിർദ്ദേശങ്ങളും സിആർഇസഡ് നിയമങ്ങളും അനുസരിക്കുന്നതിൽ കോർപ്പറേഷൻ കാണിച്ച അലംഭാവം പദ്ധതിക്കായി അതുവരെ ചെലവാക്കിയ ₹6.26 കോടി ഉപയോഗശൂന്യമാകുന്നതിന് കാരണമായി.

**(സി) കോഴിക്കോട് സ്വീവറേജ് ട്രീറ്റ്മെന്റ് പ്ളാന്റിന്റെ നിർമ്മാണം**

എസ്. ടി. പി.-യുടെ നിർമ്മാണം, സ്വീവറേജ് ശൃംഖല, വെറ്റ് വെൽസ്, പമ്പിംഗ് സ്റ്റേഷനുകൾ, പമ്പിംഗ് മെയിനുകൾ, നിലവിലെ സ്വീവറേജ് സംവിധാനങ്ങളുടെ പുനരുദ്ധാരണം, സ്വീവറേജ് സംവിധാനങ്ങളുടെ വ്യാപനം എന്നിവ ഉൾക്കൊള്ളുന്ന സ്വീവറേജ് പദ്ധതിയുടെ ഭാഗമായി കോഴിക്കോട് കോർപ്പറേഷൻ വേങ്ങേരി ഗ്രാമത്തിൽ 6.76 ഏക്കർ സ്ഥലത്ത് ഒരു എസ്. ടി. പി. (27 എംഎൽഡി[13]) നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിച്ചു (2010 ഒക്ടോബർ). കോർപ്പറേഷൻ, ബന്ധപ്പെട്ട റോഡ് നിർമ്മാണത്തിന്റെയും

12 49, 51 ഇസി മീറ്റിങ്ങുകൾ.

13 മില്ല്യൻ ലിറ്റർ പെർ ഡേ.

സ്ഥല വികസനത്തിന്റെയും ജോലി കോഴിക്കോട് മെസ. സെൽമെക് എഞ്ചിനീയറിംഗ് കൺസ്ട്രക്ഷൻ ലിമിറ്റഡിനെ ₹7.49 കോടിയ്ക്ക് ഏൽപിച്ചു (2012 ജൂൺ). വനം വകുപ്പിൽ നിന്നും മരം മുറിക്കുന്നതിനുള്ള അനുവാദം വാങ്ങിയതിനു ശേഷം (2013 ജൂൺ) പ്രസ്തുത ജോലി കരാറുകാരൻ ആരംഭിച്ചുവെങ്കിലും നിർദ്ദിഷ്ട പ്രദേശം ചതുപ്പ് നിലം ആണെന്ന് ആരോപിച്ചുള്ള പൊതുജന പ്രതിഷേധത്താലും ബഹു.കേരള ഹൈക്കോടതിയിൽ നിലവിലുള്ള (2014 മാർച്ച്) കേസിന്റെ വെളിച്ചത്തിലും ആയത് നിർത്തി വയ്ക്കേണ്ടിവന്നു. അതിനാൽ ₹60 ലക്ഷം കരാറുകാരന് നഷ്ടപരിഹാരം നൽകി കരാർ കാലാവധി പൂർത്തിയാക്കുന്നതിനു മുമ്പ് തന്നെ മതിയാക്കാൻ ഇസി തീരുമാനിച്ചു[14] (2014 ആഗസ്റ്റ് & 2015 ഏപ്രിൽ). ഈ തുക എഡിബി മടക്കി നൽകിയില്ല. (2014-15-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക വന്നിട്ടുണ്ട്).

പിന്നീട്, വേങ്ങേരി ഗ്രാമത്തിലെ മറ്റൊരു പ്രദേശത്ത് 2.60 ഏക്കറിൽ എസ്. ടി. പി. (13.5 എം.എൽ.ഡി.) നിർമ്മിക്കുന്നതിനുള്ള ജോലി മെസ. യുഇഎം ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന് ₹29.08 കോടിയ്ക്ക് കോർപ്പറേഷൻ നൽകി (2015 മാർച്ച്). വേലിയേറ്റ സ്വാധീനമുള്ള കാനോളി കനാലിന്റെ കരയിലായിരുന്നു പദ്ധതി പ്രദേശം. കൂടാതെ എസ്.ടി.പി.ക്കുള്ള നിർദ്ദിഷ്ട പ്രദേശത്തിന്റെ ചില ഭാഗങ്ങൾ സിആർഇസഡ് II ആയി തരംതിരിച്ചിട്ടുള്ള സിആർഇസഡ് മേഖലയിൽ ഉൾപ്പെട്ടിരുന്നു. സരോവരം ബയോപാർക്കിനോട് ചേർന്നുള്ള പ്രസ്തുത പ്രദേശത്ത് എസ്.ടി.പി. നിർമ്മിക്കുന്നതിന് 2014 മേയ് 12-ന് ചേർന്ന 46-ാമത് യോഗത്തിൽ ഇസി അംഗീകാരം നൽകി. എന്നാൽ 2010-ലെ തണ്ണീർത്തട (സംരക്ഷണവും നിർവ്വഹണവും) നിയമത്തിന്റെ ലംഘനം ചൂണ്ടിക്കാട്ടി നിർമ്മാണ പ്രവർത്തനങ്ങൾ എൻജിടി തടഞ്ഞതിനാൽ (2015 ഡിസംബർ) പ്രസ്തുത ജോലി ആരംഭിക്കാൻ സാധിച്ചില്ല. നിർദ്ദിഷ്ട എസ്.ടി.പി.-ക്ക് സിആർഇസഡ് അനുമതി നേടുന്നതിന് ആവശ്യമായ സിആർഇസഡ് സ്ഥിതി റിപ്പോർട്ടുകളും മാപ്പുകളും തിരുവനന്തപുരത്തെ നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിൽ നിന്നും കെഎസ്‌യുഡിപി ഡയറക്ടർ 2016 മേയിൽ മാത്രമാണ് ആവശ്യപ്പെട്ടത് എന്ന് ഞങ്ങൾ മനസ്സിലാക്കി.

14 47-ാമതും 50-ാമതും ഉള്ള ഇസി മീറ്റിംഗുകൾ.

എൻജിടിയുടെ മുൻപിൽ തീർപ്പാകാതെ കിടക്കുന്ന പ്രസ്തുത പദ്ധതിക്കായി നാളിതുവരെ ₹4.68 കോടി ചെലവായിട്ടുണ്ട്. പ്രസ്തുത ജോലി ഏൽപ്പിക്കുന്നതിനും ആരംഭിക്കുന്നതിനും മുമ്പ് പരിസ്ഥിതി ഏജൻസികളിൽ നിന്നും അനുമതി നേടുന്നതിൽ കെഎസ്‌യുഡിപി ഡയറക്ടറുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ച കാരണം ആകെ ചെലവായ ₹5.28 കോടിയും പാഴായി.

എൻജിടിയുടെ പരിഗണനയിലുള്ള കേസ് ചില വ്യാജരേഖകളുടെ അടിസ്ഥാനത്തിലുള്ളതാണെന്നും സ്റ്റേ നീക്കാൻ കോർപ്പറേഷൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നും സർക്കാർ മറുപടി നൽകി.

### (ഡി) കോഴിക്കോട്ടെ ലീച്ചേറ്റ് സംസ്കരണ പ്ളാന്റിന്റെ നിർമ്മാണം

ഖരമാലിന്യ സംസ്കരണ പദ്ധതിയുമായി ബന്ധപ്പെട്ട ജോലി മെസ. രാംകി എൻവൈറോ എഞ്ചിനീയേഴ്സ് ലിമിറ്റഡിനെ ₹3.88 കോടിയ്ക്ക് കോഴിക്കോട് കോർപ്പറേഷൻ ഏൽപ്പിച്ചു (2008 ജൂൺ). ₹0.32 കോടി ചെലവിൽ 145 സിഎംഡി[15] വലിപ്പമുള്ള ലീച്ചേറ്റ് സംസ്കരണ പ്ളാന്റിന്റെ നിർമ്മാണം, കമ്മീഷനിംഗ് എന്നിവയും ഇതിന്റെ പ്രവർത്തനാനുമതി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ (കെഎസ്പിസിബി) നിന്ന് നേടുക എന്നതും പദ്ധതിയിൽ ഉൾപ്പെട്ടിരുന്നു. കരാറുകാരൻ എല്ലാ ജോലിയും 2010 ഡിസംബറിൽ പൂർത്തിയാക്കുകയും ഇതിനായി കോർപ്പറേഷൻ ₹0.26 കോടി നൽകുകയും (2011 ജൂൺ) ചെയ്തു. എന്നാൽ പ്ളാന്റിൽ നിന്ന് പുറന്തള്ളുന്ന മാലിന്യങ്ങൾക്ക് നിശ്ചിത നിലവാര മാനദണ്ഡങ്ങൾ പാലിക്കാത്തതുകൊണ്ട് എൽടിപി പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകാൻ കെഎസ്പിസിബി വിസമ്മതിച്ചു. പളാന്റിനെ കെഎസ്പിസിബി വ്യവസ്ഥകൾക്ക് അനുസൃതമാക്കണമെന്ന് കോർപ്പറേഷൻ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും കരാറുകാരൻ പ്രതികരിക്കാതിരുന്നതിനാൽ പ്രസ്തുത കരാർ കരാറുകാരന്റെ ഉത്തരവാദിത്വത്തിലും ചെലവിലും കോർപ്പറേഷൻ അവസാനിപ്പിച്ചു (2012 ഒക്ടോബർ).

അതിനു ശേഷം എൽടിപി യുടെ രൂപരേഖ ലഭ്യമാക്കൽ, നിർമ്മാണം, സ്ഥാപിക്കൽ, പരിശോധന, പ്രവർത്തനം എന്നീ ജോലികൾ പുതുതായി താനെയിലെ 'മെസ. അയണെക്സ് എൻവിറോ ടെക് പ്രൈവറ്റ് ലിമിറ്റഡി'നെ ₹ 0.75 കോടിയ്ക്ക് കോർപ്പറേഷൻ ഏൽപ്പിച്ചു ( 2016 ജനുവരി ).

പുതിയ എൽ.ടി.പി.-യുടെ നിർമ്മാണം 2016 ജൂണിൽ പൂർത്തിയായെങ്കിലും പ്ലാൻ്റ് നിർമ്മാണത്തിൽ ആദ്യ നിർദ്ദേശത്തിൽ നിന്നുള്ള വ്യതിയാനവും സ്ലഡ്ജ് ഡ്രൈയിംഗ് ബെഡിന്റെ നിർമ്മാണം നടത്താതിരിക്കൽ മുനിസിപ്പൽ ഖരമാലിന്യ പ്ളാന്റിൽ നിന്നുള്ള മുഴുവൻ മലിനജലവും സംസ്കരണ പ്ളാന്റിൽ എത്താതിരിക്കൽ മുതലായ മുഖ്യ ന്യൂനതകൾ

15 ഘനമീറ്റർ പ്രതിദിനം

കാരണം കെ.എസ്.പി.സി.ബി. അനുമതി നിഷേധിച്ചതിനാൽ പ്ലാന്റ് പ്രവർത്തിപ്പിക്കാൻ സാധിച്ചില്ല. ഈ ന്യൂനതകൾ ഇപ്പോഴും പരിഹരിക്കപ്പെട്ടിട്ടില്ലാത്തതും പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അനുമതി കെ.എസ്.പി.സി.ബി.യിൽ നിന്ന് ഇനിയും ലഭിക്കേണ്ടതുമാണ് (2016 ഡിസംബർ ).

ലീച്ചേറ്റ് സംസ്കരണ പ്ലാന്റ് ഖരമാലിന്യ പദ്ധതിയുടെ ഒരു മുഖ്യ ഘടകമായിരുന്നതിനാൽ എൽടിപി പ്രവർത്തനക്ഷമമാക്കാൻ കോഴിക്കോട് കോർപ്പറേഷന് സാധിക്കാതിരുന്നത് ഉപരിതല ജലത്തിലും ഭൂഗർഭ ജലത്തിലും മലിനീകരണ ഭീഷണി സൃഷ്ടിച്ചതായും ഇതിനായി ചെലവായ ₹0.92 കോടി[16] പാഴാകാൻ കാരണമായതായും ഞങ്ങൾ മനസ്സിലാക്കി.

സ്ഥാപനത്തിന്റെ യഥാർത്ഥ ബാധ്യത കണക്കാക്കിയിട്ടില്ലെങ്കിലും ആദ്യ കരാറുകാരന്റെ ബാദ്ധ്യതയിലും ചെലവിലും ആണ് പ്രസ്തുത ജോലി അവസാനിപ്പിച്ചതെന്നും കരാറുകാരൻ നൽകിയ പെർഫോമൻസ് ഗ്യാരന്റിയിൽ നിന്നും ₹ 0.41 കോടി തടഞ്ഞു വച്ചിട്ടുണ്ടെന്നും കേരള സർക്കാർ അറിയിച്ചു (2017 മാർച്ച്). ആദ്യ പ്ലാന്റിന്റെ ന്യൂനതകൾ പരിഹരിക്കുന്നതിനും കെഎസ്പിസിബിയിൽ നിന്ന് അനുമതി നേടുന്നതിനും പരാജയപ്പെടുകയും പുതിയ പ്ലാന്റിന്റെ നിർമ്മാണത്തിൽ മൂന്ന് വർഷത്തെ കാലതാമസമുണ്ടാകുകയും ചെയ്തതിനാൽ കോർപ്പറേഷന്റെ ഭാഗത്താണ് യഥാർത്ഥ വീഴ്ച ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് തിരിച്ച് പിടിക്കേണ്ട തുക സംബന്ധിച്ച അവ്യക്തത നിലനിൽക്കുന്നു. ആയതിനാൽ ഈ മറുപടി അംഗീകരിക്കാനാവില്ല. പുതിയ പ്ലാന്റിന്റെ കാര്യത്തിൽ സംസ്കരിച്ച മലിനജലം പരിശോധിച്ചപ്പോൾ തൃപ്തികരമായ ഫലം കിട്ടിയിട്ടുണ്ടെന്നും കെഎസ്പിസിബി യുമായുള്ള ചില നടപടിക്രമങ്ങളുടെ താമസമാണ് പ്രശ്നമെന്നും കോർപ്പറേഷൻ അറിയിച്ചു (2016 നവംബർ). എന്നാൽ ചോർച്ചയും അതുമൂലമുള്ള മലിനീകരണവും സൂചിപ്പിച്ചുകൊണ്ട് മുനിസിപ്പൽ ഖരമാലിന്യ പ്ലാന്റിൽ നിന്നുമുള്ള മുഴുവൻ ലീച്ചേറ്റും സംസ്കരണ പ്ലാന്റിൽ എത്തുന്നില്ല എന്നതടക്കം വിവിധ ന്യൂനതകൾ കെഎസ്പിസിബി ചൂണ്ടിക്കാട്ടിയിട്ടുള്ളതായി ഞങ്ങൾ മനസ്സിലാക്കി.

### 3.1.9 കരാർ വ്യവസ്ഥകൾ നടപ്പാക്കുന്നതിലെ വീഴ്ച

#### 3.1.9.1 ബയോഗ്യാസ് പ്ലാന്റുകൾക്കുണ്ടായ പാഴ്ചെലവ്

കെഎസ്‌യുഡിപി യുടെ കീഴിൽ നഗര അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി അനുബന്ധം XIV-ൽ വിശദമാക്കിയിട്ടുള്ളതുപോലെ കൊല്ലം കോർപ്പറേഷൻ ₹ 89.76 കോടി ചെലവിൽ എട്ട് ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിച്ചു. കരാർ പ്രകാരം നിർമ്മാണം പൂർത്തിയാക്കി രണ്ട് മാസത്തെ പരീക്ഷണ ഓട്ടത്തിനു ശേഷം കരാറുകാരൻ

16 ആദ്യകരാറുകാരന് നൽകിയ ₹ 0.26 കോടിയും രണ്ടാം കരാറുകാരന് നൽകിയ ₹ 0.66 കോടിയും ചേർത്ത്.

മൂന്ന് വർഷത്തെ പ്രവർത്തനവും അറ്റകുറ്റപ്പണിയും ( ഒ & എം ) ഏറ്റെടുക്കേണ്ടതിനു പുറമേ ഓരോ പ്ലാന്റിലും അതിന്റെ പ്രവർത്തനം സംബന്ധിച്ച് 50 പേർക്ക് പരിശീലനവും നൽകേണ്ടതായിരുന്നു. ഒ&എം കാലയളവിൽ, കണ്ടെത്തുന്ന ന്യൂനതകൾ പരിഹരിച്ച് പ്ലാന്റ് നല്ല രീതിയിൽ നിലനിർത്തേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്വം ആയിരുന്നു.

## അനുബന്ധം XIV

### നിർമ്മിച്ച ബയോഗ്യാസ് പ്ലാന്റുകളുടെ വിശദാംശങ്ങൾ

| ക്രമ നം. | പാക്കേജ് നമ്പർ/ പ്ലാന്റിന്റെ വിശദാംശം | കരാറുകാരന്റെ പേര്/ (കരാർ തീയതി) | പൂർത്തീകരണ തീയതി / കോർപ്പറേഷൻ ഏറ്റെടുത്ത തീയതി | പദ്ധതി ചെലവ് | | |
|---|---|---|---|---|---|---|
| | | | | നിർമ്മാണം (₹ ലക്ഷത്തിൽ) | അടച്ച ഒ&എം (₹ ലക്ഷത്തിൽ) | ആകെ (₹ ലക്ഷത്തിൽ) |
| 1. | KLM-SW-02A കളക്ടേറ്റ് വളപ്പിലെ (15 ഘന മീറ്റർ) ബയോ ഗ്യാസ് പ്ലാന്റ്) | രാജേഷ്, ഗ്രീൻടെക്, തിരുവനന്തപുരം/ (16-5-2012) | 23-3-2013 15-5-2013 | 4.10 | 0.28@ | 4.38 |
| 2. | KLM-SW-02B കടപ്പാക്കട ചന്തയിലെ (55 ഘന മീറ്റർ) ബയോഗ്യാസ് പ്ലാന്റ്) | ജെ.എം.അജേഷ്, അജേഷ് റിന്യൂവബിൾ എനർജി സൊല്യൂഷൻസ്, തിരുവനന്തപുരം/ (16-5-2012) | 14-11-2012 26-2-2013 | 12.65 | 3.60# | 16.25 |
| 3. | KLM-SW-02C മൂന്നാംകുറ്റി ചന്തയിലെ (35 ഘന മീറ്റർ) ബയോഗ്യാസ് പ്ലാന്റ്) | ജെ. എം.അജേഷ്, അജേഷ് റിന്യൂവബിൾ എനർജി സൊല്യൂഷൻസ്, തിരുവനന്തപുരം/ (5-6-2009) | 23-3-2010 25-2-2013 | 10.35 | 2.65 | 13.00 |

@ ഒ &എം ഭാഗികമായി നടത്തി

\# ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിക്കുന്നു

| | | | | | | |
|---|---|---|---|---|---|---|
| 4. | KLM-SW-02D തേവള്ളി ചന്തയിലെ (35 ഘന മീറ്റർ) ബയോഗ്യാസ് പ്ളാന്റ്) | ജെ. എം.അജേഷ്, അജേഷ് റിന്യൂവബിൾ എനർജി സൊല്യൂഷൻസ്, തിരുവനന്തപുരം/ (10-6-2009) | 4-1-2010 23-3-2013 | 10.35 | 2.65 | 13.00 |
| 5. | KLM-SW-02E പള്ളിമുക്ക് ചന്തയിലെ കോർപ്പറേഷൻ ലിമിറ്റഡ് കൊല്ലം (35 ഘന കേരള അഗ്രോ ഇൻഡസ്ട്രീസ് മീറ്റർ) ബയോഗ്യാസ് പ്ളാന്റ്) | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, കൊല്ലം (5-6-2009) | 31-10-2013 24-2-2014 | 9.40 | 0 | 9.40 |
| 6. | KLM-SW-02F എരവിപുരം ചന്തയിലെ (35 ഘന മീറ്റർ) ബയോഗ്യാസ് പ്ളാന്റ് | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, കൊല്ലം (9-5-2012) | 19-9-2011 23-2-2013 | 9.40 | 1.90[@] | 11.30 |
| 7. | KLM-SW-02G കോർപ്പറേഷൻ ൦ൗൺ ഹാളിലെ ബയോഗ്യാസ് പ്ളാന്റ്) | ജെ.എം. അജേഷ്, അജേഷ് റിന്യൂവബിൾ എനർജി സൊല്യൂഷൻസ്, തിരുവനന്തപുരം/ (9-5-2012) | 15-10-2012 26-2-2013 | 8.00 | 2.94[#] | 10.94 |
| 8. | KLM-SW-02H കട്ട എസ്എസ് കരിത്താസ് കോളനിയിലെ 15 ഘന മീറ്റർ ബയോഗ്യാസ് പ്ളാന്റ്) | ജെ.എം. അജേഷ്, അജേഷ് റിന്യൂവബിൾ എനർജി സൊല്യൂഷൻസ്, തിരുവനന്തപുരം/ (16-5-2012) | 2-7-2013 26-11-2013 | 8.55 | 2.94 | 11.49 |
| | **ആകെ** | | | **72.80** | **16.96** | **89.76** |

@ ഒ &എം ഭാഗികമായി നടത്തി

# ബയോഗ്യാസ് പ്ളാന്റ് പ്രവർത്തിക്കുന്നു

സ്ഥലപരിശോധന നടത്തിയപ്പോൾ (2016 നവംബർ) ആകെയുള്ള എട്ട് പ്ളാന്റുകളിൽ കടപ്പാക്കടയിലും ടൗൺ ഹാളിലുമുള്ള പ്ളാന്റുകൾ ഒഴികെയുള്ള മറ്റൊരു പ്ളാന്റും പ്രവർത്തിക്കുന്നില്ല എന്ന് ഞങ്ങൾ കണ്ടെത്തി. അടിഞ്ഞുകൂടിയ അഴുക്കും ചെളിയും മാറ്റാൻ ഫലപ്രദമായ സംവിധാനം ഇല്ലാതിരുന്നതിനാൽ കോർപ്പറേഷൻ ഏറ്റെടുത്ത ഉടൻ തന്നെ പ്രസ്തുത പ്ളാന്റുകളുടെ പ്രവർത്തനം നിലച്ചുവെന്ന് രേഖകളിൽ നിന്ന് വെളിവായി. പ്രവർത്തനരഹിതമായ പ്ളാന്റുകളുടെ കാര്യത്തിൽ കരാറുകാർ ചെയ്യേണ്ട പരീക്ഷണ പ്രവർത്തിപ്പിക്കലോ ഒ&എം ജോലികളോ നടത്തിയിരുന്നില്ലെന്ന് ഞങ്ങൾ മനസ്സിലാക്കി.

പ്ളാന്റുകളുടെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്താതെ കരാർ അവസാനിക്കുന്നതിനു മുമ്പ് സെക്യൂരിറ്റി നിക്ഷേപമായി മേൽപ്പറഞ്ഞ കേസുകളിൽ സമാഹരിച്ച ₹4.97 ലക്ഷം[17] (മൊത്തം കരാർ തുകയുടെ അഞ്ച് ശതമാനം) കോർപ്പറേഷൻ തിരികെ നൽകി. അപ്രകാരം, കരാർ വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കുന്നതിൽ കോർപ്പറേഷന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ച പദ്ധതിക്കായി ചെലവായ ₹0.63[18] കോടി പാഴാകുന്നതിന് കാരണമായി.

പല തവണ ചൂണ്ടിക്കാട്ടിയിട്ടും പ്ലാന്റുകൾ ഏറ്റെടുത്ത ശേഷം പ്രവർത്തിപ്പിക്കുന്നതിന് വിദഗ്ധരായ ആളുകളെ നിയമിക്കാത്തത് കോർപ്പറഷന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണെന്ന് കേരള സർക്കാർ അറിയിച്ചു.

### 3.1.9.2 കൊല്ലം സ്വീവറേജ് പദ്ധതികൾക്ക് ക്രമരഹിതമായി തുക വർദ്ധിപ്പിച്ചു നൽകൽ

പമ്പിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം, സിറ്റിയിൽ നിലവിലുള്ള സ്വീവർ ലൈനുകളുടെ പുനഃസ്ഥാപനമുൾപ്പെടെയുള്ള സ്വീവർ ശൃംഖലയുടെയും പമ്പിംഗ് മെയിനുകളുടെയും വിന്യാസം ഇവയുൾപ്പെടെ സ്വീവറേജ് പ്രവൃത്തി രണ്ട്[19] പാക്കേജുകളിലായി 18 മാസത്തിലും 24 മാസത്തിലും പൂർത്തീകരിക്കുന്നതിന് യഥാക്രമം ₹24.01 കോടിയ്ക്കും (2010-ലെ എസ്ഒആർ[20]ൽ നിന്നും 19.36 ശതമാനം മുകളിൽ) ₹36.35 കോടിയ്ക്കും (2010-ലെ എസ്ഒആർ ൽ നിന്ന് 14.13 ശതമാനം മുകളിൽ) 'മെസ. ടോംകോ എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ്'ന് കൊല്ലം കോർപ്പറേഷൻ നൽകി (2012 ജൂൺ). പ്രവൃത്തി പൂർത്തീകരിക്കുന്നതിന് യഥാക്രമം 2014 ഡിസംബർ വരെയും 2015 മാർച്ച് വരെയും സമയം ദീർഘിപ്പിച്ചു നൽകിയിട്ടും റോഡ് മുറിക്കുന്നതിനുള്ള അനുമതി

17 മൂന്നാംകുറ്റി മാർക്കറ്റ് - ₹65,000, പള്ളിമുക്ക് മാർക്കറ്റ് - ₹65,000, തേവള്ളി - ₹65,000, ഇരവിപുരം മാർക്കറ്റ് -₹65,600, ക്യൂഎസ്എസ് കാരിത്താസ് കോളനി - ₹57,500 ,കടപ്പാക്കട മാർക്കറ്റ് - ₹81,500, മുനിസിപ്പൽ ടൗൺ ഹാൾ - ₹55,000, കളക്ടറേറ്റ് കോമ്പൗണ്ട് - ₹ 42,700

18 കടപ്പാക്കട, ടൗൺഹാൾ എന്നിവിടങ്ങളിലെ പ്രവർത്തിക്കുന്ന രണ്ടു പ്ളാന്റുകൾക്കുള്ള ചെലവ് ഒഴിവാക്കി

19 KLM-SS-01, KLM-SS-02 എന്നിവ

20 എസ്ഒആർ – ഷെഡ്യൂൾ ഓഫ് റേറ്റ്സ്

ലഭിക്കുന്നതിനുള്ള കാലതാമസവും പൊതുജന പ്രതിഷേധവും മൂലം പദ്ധതിക്കാവശ്യമായ പൈപ്പുകൾ എത്തിക്കുക, ചുരുക്കം ചില മേഖലകളിൽ പൈപ്പ് സ്ഥാപിക്കുക എന്നിവ ഒഴികെ മറ്റ് പ്രധാനപ്പെട്ട ഒരു ജോലിയും ചെയ്യാൻ കരാറുകാരന് സാധിച്ചില്ല. പാക്കേജുകൾക്കായി യഥാക്രമം 81.70 ശതമാനവും 78.42 ശതമാനവും തുക വർദ്ധിപ്പിച്ച് നൽകണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടതനുസരിച്ച് രണ്ട് പാക്കേജുകളിലും ശേഷിക്കുന്ന ജോലികൾക്ക്[21] 49-ാമത് ഇസി (2015 ഫെബ്രുവരി) അനുവദിച്ച തുകയ്ക്കു മേൽ 73 ശതമാനത്തിന്റെ വർദ്ധനവ് നൽകുകയും ചെയ്തു. വർദ്ധനവ് യഥാക്രമം ₹10.04 കോടിയും ₹19.75 കോടിയും ആയിരുന്നു.

കരാർ വ്യവസ്ഥകൾ പ്രകാരം, സിമന്റ് കോൺക്രീറ്റ്/റീഇൻഫോഴ്സ്മെന്റ് ജോലികളിലെ സിമന്റിന്റേയും സ്റ്റീലിന്റെയും വിലയ്ക്ക് മാത്രമേ വില ക്രമീകരണം ബാധകമാകുകയുള്ളൂ എന്ന് ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു. അതോടൊപ്പം കരാർ തുകയുടെ പത്ത് ശതമാനത്തിൽ തുക വർദ്ധന പരിമിതപ്പെടുത്തണം. അപ്രകാരം മേൽപ്പറഞ്ഞ കേസുകളിൽ അനുവദനീയമായ പരമാവധി വർദ്ധനവ് യഥാക്രമം ₹2.40 കോടിയും ₹3.63 കോടിയും മാത്രമായിരുന്നു. മേൽപ്പറഞ്ഞ കേസുകളിൽ ക്രമരഹിതമായി അനുവദിച്ച വർദ്ധന ₹23.76 കോടിയായിരുന്നു (₹7.64 കോടി+₹16.12 കോടി). രണ്ട് പാക്കേജുകളിലുമായി കരാറുകാരന് ഇതുവരെ യഥാർത്ഥത്തിൽ വർദ്ധനവ് നൽകിയതു (2016 സെപ്റ്റംബറിലും 2016 ഒക്ടോബറിലും) ₹4.46 കോടിയായിരുന്നു. ഇത് ₹3.85 കോടി അധികമായിരുന്നു. മേൽപ്പറഞ്ഞ പ്രകാരം വർദ്ധനവ് നൽകുകയും പണി പൂർത്തീകരിക്കുന്നതിന് 2016 ജൂൺ 30 വരെ സമയം നീട്ടി നൽകുകയും ചെയ്തെങ്കിലും പൊതുജന പ്രതിഷേധത്തെ തുടർന്ന് കരാറുകാരന് ജോലിയിൽ ആശാവഹമായ പുരോഗതി കൈവരിക്കാൻ സാധിച്ചില്ല. എഡിബി ലോൺ അവസാനിപ്പിച്ചതിന്റെ പശ്ചാത്തലത്തിൽ 2016 ഒക്ടോബർ മുതൽ പ്രസ്തുത ജോലി നിശ്ചലമായി കിടക്കുന്നു.

അജണ്ട നോട്ടിൽ വർദ്ധനവ് നൽകിയത് സംബന്ധിച്ച് ന്യായീകരണം ഉണ്ടെന്നും ഇതിന്റെ അടിസ്ഥാനത്തിലാണ് 49-ാമത് ഇസി വർദ്ധന അംഗീകരിച്ചതെന്നും കേരള സർക്കാർ വ്യക്തമാക്കി. എന്നാൽ നൽകിയിട്ടുള്ള ന്യായീകരണങ്ങൾ കരാർ വ്യവസ്ഥകളുമായി ഒത്തു പോകാത്തതിനാൽ ഈ മറുപടി അംഗീകരിക്കാൻ കഴിയില്ല.

### 3.1.9.3 ലിക്വിഡേറ്റഡ് ഡാമേജ് ക്രമരഹിതമായി മടക്കി നൽകൽ

മുട്ടത്തറയിലെ എസ്റ്റിപിയുമായി ബന്ധപ്പെട്ട ജോലി 18 മാസം കൊണ്ട് (2010 ഒക്ടോബർ) പൂർത്തിയാക്കണം എന്ന വ്യവസ്ഥയിൽ 'മെസ. യു.ഇ.എം. ഇന്ത്യ ലിമിറ്റഡ്'-ന് തിരുവനന്തപുരം നഗരസഭ നൽകി (2009 മാർച്ച്). അനുവദിച്ച സമയത്തിനുള്ളിൽ ജോലി പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ, ലിക്വിഡേറ്റഡ് ഡാമേജസ് (എൽഡി)

21 ശേഷിക്കുന്ന ജോലികളുടെ മൂല്യം ₹ 13.75 കോടിയും ₹ 27.06 കോടിയും ആകുന്നു.

ചുമത്തിക്കൊണ്ട് ഇസി 2011 മാർച്ച് വരെ സമയം നീട്ടി നൽകി. വർദ്ധിപ്പിച്ച സമയത്തിനുള്ളിൽ ചുരുങ്ങിയത് മുഴുവൻ ജോലിയുടെ ഏതെങ്കിലും ഒരു ഭാഗം പൂർത്തിയാക്കുകയും ജോലിയിൽ കാര്യമായ പുരോഗതി കൈവരിക്കുകയും ചെയ്യുകയാണെങ്കിൽ എൽഡി നിശ്ചയിച്ചത് പുനപരിശോധിക്കപ്പെടുമെന്നും വ്യവസ്ഥ ചെയ്തു. ദീർഘിപ്പിച്ച നൽകിയ സമയത്തിനുള്ളിൽ മേൽപ്പറഞ്ഞ മാനദണ്ഡം കൈവരിക്കാൻ സാധിക്കാത്തതിനാൽ ജോലിയുമായി ബന്ധപ്പെട്ട നാല് മുതൽ എട്ട് വരെയുള്ള പാർട്ട് ബില്ലുകളിൽ നിന്നും എൽഡി ഇനത്തിൽ ₹ 1.62 കോടി തിരിച്ചു പിടിച്ചു.

എൽഡി നിബന്ധനകൾക്കു വിധേയമായി പണി പൂർത്തിയാക്കുന്നതിനുള്ള സമയം ഇസി 30 ജൂൺ 2013 വരെ അഞ്ചു[22] പ്രാവശ്യം കൂടി നീട്ടി നൽകി കരാറുകാരൻ 2012 ഡിസംബറോടു കൂടി മിക്കവാറും ജോലികൾ പൂർത്തിയാക്കുകയും 2013 ജൂണിൽ പ്ളാന്റിന്റെ പരീക്ഷണ പ്രവർത്തനം നടത്തുകയും ചെയ്തു. പിന്നീട്, എൽഡി ഏർപ്പെടുത്തിയത് ഒഴിവാക്കാൻ ഇസി അനുമതി നൽകുകയും (2015 ഫെബ്രുവരി) അതിന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട് കരാറുകാരനിൽ നിന്ന് സമാഹരിച്ച ₹1.62 കോടി തിരികെ നൽകുകയും ചെയ്തു ( 2015 മേയ്).

എൽഡി ഏർപ്പെടുത്തിയത് ഒഴിവാക്കാൻ ഇസി നിർദ്ദേശിച്ച വ്യവസ്ഥകൾ കരാറുകാരൻ പാലിച്ചിരുന്നില്ലെന്ന് ഞങ്ങൾ മനസ്സിലാക്കി. തന്നെയുമല്ല ജോലി പൂർത്തിയാക്കുന്നതിന് ഇസിക്ക് അഞ്ചു പ്രാവശ്യം സമയം നീട്ടി നൽകേണ്ടതായും വന്നു. അതിനാൽ കരാറുകാരന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ് ജോലി നീണ്ടുപോകാൻ കാരണമായതെന്ന് വ്യക്തമായിരുന്നു. അഞ്ചു വർഷത്തേയ്ക്ക് പ്ളാന്റിന്റെ ഒ&എം ജോലികൾ ഇതേ കരാറുകാരൻ തന്നെ നടപ്പാക്കണം എന്നതിനാലും അതിന് അവരുടെ സഹകരണം ആവശ്യമാണ് എന്നതിനാലും അതിലുപരി എൽഡി ഏർപ്പെടുത്തുന്നത് കരാറുകാരിൽ വിപരീത പ്രഭാവം ഉണ്ടാക്കാൻ സാധ്യത ഉണ്ട് എന്നതിനാലുമാണ് ഭാഗികമായി ഏർപ്പെടുത്തിയ എൽഡി ഒഴിവാക്കാൻ ഇസി തീരുമാനിച്ചത്.

യഥാർത്ഥ കരാർ പ്രകാരം അഞ്ച് വർഷത്തേക്ക് ഒ&എം സേവനം ഉറപ്പാക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരുന്നതിനാൽ കരാർ വ്യവസ്ഥകൾ പാലിക്കുന്നതിനും എസ്ടിപിയുടെ ഒ&എമ്മുമായി ബന്ധപ്പെട്ട എല്ലാ ജോലികളും ചെയ്യാനും അയാൾ ബാദ്ധ്യസ്ഥനായിരുന്നു എന്ന് ഞങ്ങൾ നിരീക്ഷിച്ചു. തന്നെയുമല്ല കരാറിലെ പൊതുവായതും പ്രത്യേകിച്ചുള്ളതുമായ വ്യവസ്ഥകൾ കരാറുകാരന്റെ ഭാഗത്തു നിന്നുള്ള വീഴ്ച മൂലം കാലതാമസം ഉണ്ടാകുന്ന കേസുകളിൽ ബാഹ്യമായ കാരണങ്ങളാൽ എൽഡിയിൽ ഇളവു നൽകാൻ അനുവദിക്കുന്നുമില്ല. അതിനാൽ കരാറുകാരന് ₹1.62 കോടിയുടെ എൽഡി ഒഴിവാക്കി നൽകാനുള്ള ഇസിയുടെ തീരുമാനം ക്രമരഹിതമാണ്.

22 26 മാർച്ച് 2011 വരെ , 31 ഒക്ടോബർ 2011, 31 മാർച്ച് 2012, 30 ജൂൺ 2012, 31 ഡിസംബർ 2012, 30 ജൂൺ 2013 വരെയും

**3.1.9.4 നഷ്ടോത്തരവാദം നടപ്പാക്കുന്നതിലെ കോർപ്പറേഷന്റെ പരാജയം കാരണമുണ്ടായ നഷ്ടം - കൊച്ചി എസ്എ റോഡിലെ ജലവിതരണത്തിനുള്ള കണക്ഷനുകൾ പുനഃസ്ഥാപിക്കുന്നത്**

കൊച്ചി കോർപ്പറേഷൻ തയ്യാറാക്കിയ ജല വിതരണ പദ്ധതിയിൽ എസ്എ റോഡിലെ ജലവിതരണത്തിനുള്ള കണക്ഷനുകൾ പുനഃസ്ഥാപിക്കുന്നതും ഉൾപ്പെട്ടിരുന്നു. കോർപ്പറേഷൻ 2012 ആഗസ്റ്റ് 7-ന് പൂർത്തിയാകത്തക്കവിധം ₹ 3.65 കോടിയ്ക്ക് 'മെസ. പ്രീമിയർ പ്ളാസ്റ്റിക്കി'നെ ഈ ജോലി ഏൽപ്പിച്ചു (2011 ഡിസംബർ). നിരവധി തവണ സമയം നീട്ടി നൽകിയിട്ടും കരാറുകാരന് പദ്ധതിയ്ക്കായിട്ടുള്ള 3230 മീറ്റർ പൈപ്പ് വിതരണം ചെയ്യുന്നതൊഴികെ (2012 ഫെബ്രുവരി) മറ്റൊരു ജോലിയും പൂർത്തിയാക്കാൻ കഴിഞ്ഞില്ല. പൂർത്തിയാക്കുന്നതിനു മുമ്പ് തന്നെ ജോലി അവസാനിപ്പിക്കാനുള്ള ഇ.സി.-യുടെ തീരുമാനത്തിന്റെ (2013 ആഗസ്റ്റ്) അടിസ്ഥാനത്തിൽ കോർപ്പറേഷൻ പണി ₹73.36 ലക്ഷത്തിന് കേരള ജല അതോറിറ്റിയെ ദർഘാസ് ക്ഷണിച്ച് നടപ്പാക്കാൻ ഏൽപിക്കുകയും (2013 നവംബർ) കരാറുകാരന് പൈപ്പിന്റെ വിലയായി ₹1.14 കോടി അവസാന തീർപ്പാക്കി നൽകുകയും ചെയ്തു (2015 ഫെബ്രുവരി).

ഞങ്ങൾ, കരാറുകാരന് നൽകിയ തുകയുടെ കൃത്യത പരിശോധിച്ചു. കരാറുകാരൻ സാധൂകരിക്കാവുന്ന യാതൊരു കാരണവും കൂടാതെ പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുത്തിയാൽ അയാളുടെ നഷ്ടോത്തരവാദത്തിൽ മറ്റൊരു കരാറുകാരനെ ക്കൊണ്ട് മിച്ചം പണിയോ പൂർത്തിയാക്കാത്ത പണിയോ പ്രോജക്റ്റ് മാനേജർക്ക് ചെയ്യിക്കാവുന്നതാണെന്ന് കരാർ വ്യവസ്ഥ ചെയ്യുന്നുണ്ട്. കേരള പൊതുമരാമത്ത് മാനുവലും കരാറിലെ നിബന്ധനകളും അനുസരിച്ച് കരാറുകാരനിൽ നിന്നും നഷ്ടോത്തരവാദം, അധികമായ ഭരണ ചെലവ് എന്നീ ഇനങ്ങളിൽ യഥാക്രമം മിച്ചമുള്ള പണിയുടെ ചെലവിന്റെ 30 ശതമാനവും 20 ശതമാനവും ഈടാക്കാവുന്നതാണ്. അത് ₹1.26 കോടിയാണ്. നഷ്ടോത്തരവാദത്തിന്റെ നിബന്ധനകൾ പാലിക്കാതെ ഇ.സി.-യുടെ അംഗീകാരത്തോടു കൂടി കോർപ്പറേഷൻ, കരാറുകാരന് പണം നൽകുകയും നഷ്ടോത്തര വാദത്തിന്റെ നിബന്ധനകൾ പാലിക്കാത്തതു കാരണം ഇ.സി.-യുടെയും കോർപ്പറേഷന്റേയും ഭാഗത്തെ വീഴ്ച മൂലം കേരള സർക്കാരിന് ₹1.26 കോടിയുടെ നഷ്ടമുണ്ടാവുകയും കരാറുകാരന് അനർഹമായ ലാഭമുണ്ടാവുകയും ചെയ്തതിന് ഉത്തരവാദിത്തം ഉറപ്പിക്കേണ്ടതാണ്.

കോർപ്പറേഷന്റെ ഭാഗത്തുനിന്നും റോഡ് മുറിക്കുന്നതിനുള്ള അനുമതി നൽകാത്തതു കൊണ്ടാണ് പ്രവൃത്തി തടസ്സപ്പെട്ടതെന്ന് സർക്കാർ പ്രസ്താവിച്ചു. കരാർ ലംഘനം കാരണമല്ല, തൊഴിൽ ദാതാവിന്റെ അസൗകര്യം കാരണമാണ് പ്രവൃത്തി നിർത്തിവയ്ക്കേണ്ടി വന്നതെന്നതിനാലാണ് നഷ്ടോത്തരവാദം ഈടാക്കാതിരുന്നതെന്നും ബോധിപ്പിച്ചു.

40-ാമത്തെ ഇ.സി.-യുടെ (2013 ആഗസ്റ്റ്) അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ എം.ഡി.(കെ.ഡബ്ല്യൂ.എ.) കരാറുകാരനുമായി ധാരണയുണ്ടാക്കുകയും (2013 ആഗസ്റ്റ്) കരാറുകാരൻ എസ്.ഒ.ആർ. 2012-ന് മുകളിൽ 22 ശതമാനം അധിക നിരക്കിൽ പ്രവൃത്തി ചെയ്യാമെന്ന് വാക്കാൽ അംഗീകരിക്കുകയും ചെയ്തതിനാൽ മറുപടി അംഗീകരിക്കത്തക്കതല്ല. പ്രവൃത്തി പുനരാരംഭിക്കാൻ തുടർന്നു നൽകിയ നോട്ടീസുകൾക്ക് കരാറുകാരൻ പ്രതികരിക്കാത്തതിനാൽ കരാറിന്റെ ലംഘനമുണ്ടാവുകയും അതിനാൽ നഷ്ടോത്തരവാദ നിബന്ധനകൾ ബാധകമാവുകയും ചെയ്യും.

### 3.1.9.5 തെറ്റായ രൂപകല്പന കാരണമുള്ള പാഴ്ചെലവ്

കൊച്ചി സിറ്റിയിൽ ജലവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള ജോലി (KCH - WS - 02C ) കൊച്ചി കോർപ്പറേഷൻ മെസ. പോൾസൻ ചാക്കോയ്ക്ക് ₹2.54 കോടിയ്ക്ക് ഏല്പിക്കുകയും (2012 ആഗസ്റ്റ്) അത് 2014 മാർച്ചിൽ പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു. ഈ പ്രവൃത്തിയിൽ 1200 മില്ലി മീറ്റർ എം.എസ്. കേസിംഗ് പൈപ്പ് (25 മീ.) കലുങ്കിന്റെ പൂർണ്ണ നീളത്തിൽ സ്ഥാപിക്കുന്നത് ഉൾപ്പെടുത്തിയിരുന്നു. പ്രവൃത്തി തുടങ്ങിയപ്പോൾ കലുങ്കിന്റെ വ്യാസം കുറവാണെന്നും കേസിംഗ് പൈപ്പ് കലുങ്കിൽ കൂടി തള്ളി വിടുന്നത് സാധ്യമല്ലെന്നും കണ്ടെത്തി. അതുകൊണ്ട് എം.എസ്. കേസിംഗ് പൈപ്പിന്റെ സ്പെസിഫിക്കേഷൻ 800 മില്ലീമീറ്ററായി കുറച്ചതിനു ശേഷമാണ് പ്രവൃത്തി നിർവ്വഹിച്ചത്. തത്ഫലമായി കരാറുകാരൻ ₹10.66 ലക്ഷത്തിന് വാങ്ങിയ 24.20 മീ. നീളമുള്ള 1200 മില്ലിമീറ്റർ എം.എസ്. കേസിംഗ് പൈപ്പ് ഉപയോഗിക്കുവാൻ സാധിച്ചില്ല. പ്രോജക്റ്റിന്റെ പ്രാഥമിക രൂപകല്പന സ്ഥലത്തിന്റെ യഥാർത്ഥ സ്ഥിതി നിർണ്ണയിക്കാതെയാണ് കൺസൽട്ടന്റ് തയ്യാറാക്കിയതെന്നും അതുകൊണ്ട് കരാറുകാരൻ നടത്തിയ വാങ്ങൽ യഥാർത്ഥ ആവശ്യകതയുമായി പൊരുത്തം ഇല്ലാതാകുകയും അത് 1200 എം.എം. എം.എസ്. പൈപ്പ് വാങ്ങിച്ചത് പാഴാകുന്നതിന് ഹേതുവായതായും ഞങ്ങൾ നിരീക്ഷിച്ചു.

സ്ഥലപരിശോധന ശരിയായ വിധം നിർണ്ണയിക്കാതെ കരാറുകാരൻ തെറ്റായി സാമഗ്രികൾ വാങ്ങിയതിനാൽ അധികമായുള്ള പൈപ്പിന്റെ പണം നൽകിയിട്ടില്ലെന്നും കരാറുകാരൻ പ്രസ്തുത വിഷയത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹർജി ബോധിപ്പിച്ചിട്ടുണ്ടെന്നും സർക്കാർ മറുപടി നൽകി.

രൂപരേഖ അനുസരിച്ചാണ് കരാറുകാരൻ പൈപ്പുകൾ വാങ്ങിയതെന്നതിനാലും സ്ഥല സ്ഥിതി നിജപ്പെടുത്താതെ തെറ്റായ രൂപകല്പന തയ്യാറാക്കിയത് കൺസൾട്ടന്റിന്റെ ഭാഗത്തുള്ള വീഴ്ചയാണ് എന്നതിനാലും സർക്കാരിന്റെ മറുപടി സ്വീകാര്യമല്ല.

### 3.1.9.6 അധികം പണം കൊടുക്കൽ

കൊച്ചി ജലവിതരണ പാക്കേജിൽ (KCH-WS-02C) കരാറുകാരന് നാലാമത്തെയും അവസാനത്തേതുമായ ബില്ല് തയ്യാറാക്കിയപ്പോൾ നൽകേണ്ട അന്തിമ തുക കണക്കാക്കിയതിൽ മൂന്നാമത്തെ ബില്ല പ്രകാരം നൽകിയ ₹24.81 ലക്ഷം പരിഗണിക്കാതിരുന്നത് കൊണ്ട് കരാറുകാരന് ₹24.81 ലക്ഷം കൂടുതലായി നൽകി.

കൂടാതെ കൊച്ചി ജലവിതരണ പാക്കേജിന്റെ (KCH-WS- 02A) കാര്യത്തിൽ കരാറുകാരനായ മെസ. എം.വി. വിശ്വനാഥന് രണ്ടാമത്തെ പാർട്ട് ബില്ലിൽ കൊടുക്കേണ്ടതായ തുക കണക്കാക്കിയപ്പോൾ ഒന്നാമത്തെ പാർട്ട് ബില്ലിൽ കൊടുത്ത തുക കിഴിവ് ₹2.53 കോടിക്ക് പകരമായി ₹2.49 കോടിയായി എടുക്കുകയും തത്ഫലമായി ₹ 4.39 ലക്ഷം അധികമായി നൽകുകയും ചെയ്തു.

### 3.1.10 തിരുവനന്തപുരം ഡ്രെയിനേജ് പദ്ധതി നടത്തിപ്പിലുള്ള സംശയകരമായ കുറ്റം

സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതിയുടെ അനുബന്ധ ഘടകമായ പഴവങ്ങാടി തോട്[23] അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തി തിരുവനന്തപുരം കോർപ്പറേഷൻ ശ്രീ. നിസ്സാമുദ്ദീൻ എ., തോപ്പിൽ കൺസ്ട്രക്ഷൻ ലിമിറ്റഡ്ന് ₹9.37 കോടി അടങ്കലിന് നൽകി (ജൂൺ 2012). അവശിഷ്ടങ്ങൾ തടഞ്ഞു നിർത്തുന്നതിന് ഡ്രെയിനിന് കുറുകെ തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ ₹ 0.28 കോടി ചെലവിൽ സ്റ്റെയിൻലെസ് സ്റ്റീൽ ബാർ സ്ക്രീൻ സ്ഥാപിക്കുന്ന (61.38 സ്ക്വയർ മീറ്റർ @ ₹ 4500) പ്രവൃത്തി ഉൾപ്പെടുത്തിയിരുന്നു. കൂടാതെ ഡ്രെയിനേജ് ജോലി പൂർത്തീകരണത്തിനു ശേഷം പഴവങ്ങാടി തോടിന്റെ രണ്ട് വർഷത്തേക്കുള്ള നടത്തിപ്പും പരിപാലനവും (ഒ&എം) കരാറിൽ ഉൾപ്പെടുത്തിയിരുന്നു.

നിർവ്വഹണത്തിന്റെയും പരിപാലനത്തിന്റെയും വ്യവസ്ഥയിൽ താഴെ പറയുന്നവ ഉൾപ്പെടുത്തിയിരുന്നു.

1. പഴവങ്ങാടി തോടിൽ നിന്ന് ചെളി നീക്കം ചെയ്യൽ ( 2063.70 ക്യുബിക് മീറ്റർ @ ₹1000 പ്രകാരം) ₹0.21 കോടി.

2. പഴവങ്ങാടി തോടിന് കുറുകെ ഉറപ്പിച്ചിരിക്കുന്ന സ്ക്രീൻ മൺസൂൺ അല്ലാത്ത സമയത്തിൽ ഒരു ദിവസം രണ്ട് തവണയും മൺസൂൺ സമയത്തിൽ ഒരു ദിവസം മൂന്ന് തവണയും വൃത്തിയാക്കൽ (1460 ദിവസങ്ങൾ @ ₹ 3000) ₹10.44 കോടി.

---

23 പഴവങ്ങാടി തോട് - തിരുവനന്തപുരം ഡ്രെയ്നേജ് സംവിധാനത്തിലെ പ്രധാന ചാൽ

അവശിഷ്ടങ്ങൾ സ്ക്രീൻ തടസ്സമുണ്ടാക്കിയാൽ വെള്ളപ്പൊക്കത്തിനുള്ള സാധ്യത കൂടുതലായിരിക്കും എന്ന് മനസ്സിലാക്കിയപ്പോൾ സിൽറ്റ്പിറ്റും സ്ക്രീനും സജ്ജമാക്കുന്നതിനുള്ള ഇനങ്ങൾ ഒഴിവാക്കുന്നതിനുള്ള തീരുമാനം എടുത്തതായി പ്രോജക്റ്റ് ഡയറക്ടർ വിളിച്ച് ചേർത്ത യോഗത്തിന്റെ (2015 ജനുവരി) മിനിറ്റ്സിൽ നിന്ന് ശ്രദ്ധയിൽപ്പെട്ടു. കരാറുകാരൻ അതിനു സമ്മതിക്കുകയും ഒ.&എം. കാലയളവിൽ തോടിന്റെ മുഴുവൻ ഭാഗങ്ങളിലും പൊതുവേയുള്ള പരിപാലനം നടത്താൻ സമ്മതിക്കുകയും ചെയ്തു. അതനുസരിച്ച് പിഡി. കെ.എസ്.യു.ഡി.പി. കരാറിന്റെ പരിധിയിൽ നിന്ന് സ്റ്റെയിൽലെസ്സ് സ്റ്റീൽ ബാർ സ്ക്രീൻ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ഒഴിവാക്കികൊണ്ടുള്ള വേരിയേഷൻ ഓർഡറിന് അംഗീകാരം നൽകി.

ഒറിജിനൽ ജോലി പൂർത്തീകരിച്ചതിന് ശേഷം 2015 ഡിസംബർ 1 മുതൽ 2016 ജൂൺ 20 വരെയുള്ള കാലഘട്ടത്തിൽ (₹3000 നിരക്കിൽ 203 ദിവസങ്ങൾ) അവശിഷ്ടങ്ങൾ നീക്കം ചെയ്ത് ബാർ സ്ക്രീൻ വൃത്തിയാക്കുന്നതിന് നിർവ്വഹണ പരിപാലന ചാർജ്ജായി കരാറുകാരൻ അവകാശപ്പെട്ടതുപോലെ കോർപ്പറേഷൻ ₹ 6.09 ലക്ഷം രൂപ അധികമായി നൽകിയതായി ഞങ്ങൾ നിരീക്ഷിച്ചു. ബാർ സ്ക്രീനുകൾ സ്ഥാപിക്കാത്തപ്പോൾ അവ വൃത്തിയാക്കുന്നതിലേക്ക് കോർപ്പറേഷൻ കരാറുകാരന് നിർവ്വഹണ പരിപാലന ചാർജ്ജ് നൽകിയത് കുറ്റകരവും അന്വേഷണം അർഹിക്കുന്നതുമാണ്.

താത്ക്കാലിക ബാർ സ്ക്രീനുകൾ തുടർന്ന് മൂന്ന് സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടെന്നും ആ ബാർ സ്ക്രീനുകളുടെ വൃത്തിയാക്കലുമായി ബന്ധപ്പെട്ടാണ് ക്ലെയ്മെന്നും കോർപ്പറേഷൻ അറിയിച്ചു. കൂടാതെ പൊതുജന പ്രതിഷേധം മൂലം സ്ക്രീനുകൾ എടുത്തുമാറ്റുകയുണ്ടായെന്നും കോർപ്പറേഷൻ പ്രസ്താവിച്ചു.

താത്കാലിക ബാർ സ്ക്രീനുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള വർക്ക് ഓർഡറോ ചെലവിന്റെ തെളിവോ ലഭ്യമാക്കാൻ ഞങ്ങൾ ആവശ്യപ്പെട്ടെങ്കിലും സൂക്ഷ്മ പരിശോധനയ്ക്കായി കോർപ്പറേഷൻ അവ ഹാജരാക്കിയില്ല. ഓഡിറ്റ് പാർട്ടി നടത്തിയ ഭൗതിക പരിശോധനയിൽ ബാർ സ്ക്രീനുകൾ സ്ഥാപിച്ചിട്ടില്ലെന്നു വ്യക്തമായതിനാലും സ്ക്രീനുകൾ സ്ഥാപിച്ചിട്ടുണ്ടെന്നതിനുള്ള മറ്റു തെളിവുകളുടെ അഭാവത്തിലും മറുപടി സ്വീകാര്യമല്ല.

### 3.1.11 പുനരധിവാസ പദ്ധതി നടപ്പാക്കുന്നതിലെ വീഴ്ച കാരണം എ.ഡി.ബി. സഹായം പിൻവലിക്കൽ

പുനരധിവാസ പദ്ധതികൾ നടപ്പാക്കുന്നതിലെ കോർപ്പറേഷന്റെ വീഴ്ച കാരണം തുടർ ഖണ്ഡികകളിൽ പ്രതിപാദിക്കുന്നതു പോലെ പദ്ധതി നടത്തിപ്പിൽ അധിക ചെലവും കൂടാതെ എ.ഡി.ബി. അനുവദിച്ച ലോണുകൾ പിൻവലിക്കുന്ന സന്ദർഭങ്ങളും ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു.

### 3.1.11.1 കൊല്ലം കോർപ്പറേഷൻ കെ.എം.കെ. റോഡിന്റെ മെച്ചപ്പെടുത്തൽ

ഭൂമി ഏറ്റെടുക്കലിന്റെ ഫലമായുണ്ടാകുന്ന ഇഷ്ടപ്രകാരമല്ലാത്ത പുനരധിവാസത്തിനും, വരുമാന സമ്പാദനത്തിനുണ്ടാകുന്ന താത്ക്കാലിക ഭംഗത്തിനും പരിഹാരമായി കേരളസർക്കാർ ഒരു പുനരധിവാസ പദ്ധതി തയ്യാറാക്കി നടപ്പാക്കേണ്ടതാണെന്ന് പദ്ധതി നിർവ്വഹണ കരാർ (പി.എ.എം.) അനുശാസിക്കുന്നു. പുനരധിവാസ പദ്ധതി ബന്ധപ്പെട്ട മാനദണ്ഡങ്ങളും എ.ഡി.ബി.-യുടെ പുനരധിവാസ നയങ്ങളും അനുസരിച്ച് രൂപപ്പെടുത്തേണ്ടതാണ്. കൊല്ലത്തിന്റെ കാര്യത്തിൽ പുനരധിവാസ പദ്ധതി (എസ്.ആർ.പി.)-യുള്ള എ.ഡി.ബി.-യുടെ അനുവാദം അനുബന്ധ മരാമത്ത് പ്രവൃത്തികൾ നൽകുന്നതിനുള്ള മുൻ ഉപാധിയാണെന്ന് പി.എ.എം. വ്യക്തമാക്കിയിട്ടുണ്ട്.

കൊല്ലം കോർപ്പറേഷൻ കെ.എം.കെ. റോഡിന്റെ നവീകരണവും ജംഗ്ഷൻ അഭിവൃദ്ധിപ്പെടുത്തലുമായി (3.44 കി.മീ) മായി ബന്ധപ്പെട്ട പ്രവൃത്തികൾ കെ.എസ്.യു.ഡി.പി.-യുടെ കീഴിൽ ₹17.10 കോടി ചെലവിൽ പൂർത്തീകരിക്കുകയും ഇതിൽ എ.ഡി.ബി. ₹13.10 കോടി കേരള സർക്കാരിന് റീ ഇംബേഴ്സ് ചെയ്യുകയും ചെയ്തു. ഡി.പി.ആർ.-ൽ ആദ്യത്തെ 300 മീറ്ററിൽ വ്യവസ്ഥ ചെയ്തിരുന്ന 13.5 മീറ്റർ വീതിയ്ക്കു പകരമായി കോർപ്പറേഷൻ റോഡിന്റെ മുഴുവൻ ഭാഗവും 18 മീറ്റർ വീതിയോടു കൂടിയാണ് നിർമ്മിച്ചത്. ഇതിന് എട്ട് വീട്ടുകാരുടേയും ഒരു മതസ്ഥാപനത്തിന്റെയും 144.92 ച.മീറ്റർ സ്വകാര്യ ഭൂമി സ്വേച്ഛയാ വിട്ടുകൊടുക്കൽ വഴി ആർജ്ജിച്ചു (2009). ഈ മാറ്റങ്ങൾ എ.ഡി.ബി.-യുടെ അനുവാദം കൂടാതെയും ആവശ്യമായതുപോലെ എസ്.ആർ.പി. തയ്യാറാക്കാതെയുമാണ് വരുത്തിയത്. പ്രാരംഭത്തിൽ കോർപ്പറേഷൻ എസ്.ആർ.പി. നടപ്പിലാക്കുന്നതിന് വേണ്ടി 2011-ൽ സർവ്വേ നടത്തിയെങ്കിലും അതിൻമേൽ വിശദമായ നിർദ്ദേശം തയ്യാറാക്കി എ.ഡി.ബി.-ക്ക് സമർപ്പിച്ചിരുന്നില്ലെന്നും ഞങ്ങൾ നിരീക്ഷിച്ചു. കോർപ്പറേഷൻ റോഡ് വീതി കൂട്ടുന്നതിന് ആവശ്യമായ ഭൂമി സ്വേച്ഛയായുള്ള സംഭാവന വഴി 2009-ൽ തന്നെ കൈവശപ്പെടുത്തിയിരുന്നെങ്കിലും, സംഭാവന ലഭിച്ച ഭൂമി കോർപ്പറേഷന് രേഖാമൂലം കൈമാറ്റം ചെയ്യേണ്ടതിന് നടപടി ആരംഭിക്കുകയോ രേഖകളുണ്ടാക്കുകയോ ചെയ്തില്ല.

സ്വേച്ഛയായ സംഭാവന സംബന്ധിച്ചുള്ള തെളിവിന്റെ അഭാവത്തിൽ എസ്.ആർ.പി. നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള തങ്ങളുടെ ഇഷ്ടപ്രകാരമല്ലാത്ത പുനരധിവാസ മുൻകരുതലുകൾ നടപ്പിലാക്കാൻ എ.ഡി.ബി. നിർബന്ധിച്ചു. ഇത് ഭൂമി വിട്ടു കൊടുത്ത ഓരോ വ്യക്തിക്കും മതിയായ നഷ്ടപരിഹാരം നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഇതിന് വേണ്ടി കോർപ്പറേഷൻ 2014 ആരംഭത്തിൽ സർവ്വേ നടപടിക്രമം ആരംഭിച്ചിട്ടുണ്ടെങ്കിലും റവന്യൂ വകുപ്പുമായുള്ള ഏകോപനത്തിനുള്ള പ്രശ്നങ്ങൾ മൂലം സർവ്വേ, 2016 ഫെബ്രുവരിയിൽ മാത്രമേ പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളു.

എൽ.എ.ആർ.ആർ. നിയമം 2013[24] ലെ വ്യവസ്ഥകൾ അനുസരിച്ച് ഭൂമി ഉടമസ്ഥർക്ക് കൊടുക്കേണ്ടതായ നഷ്ടപരിഹാരം ₹33.30 ലക്ഷം ആയി തിട്ടപ്പെടുത്തുകയും കോർപ്പറേഷന്റെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും തിരിച്ച് കൊടുക്കേണ്ടതാണെന്ന വ്യവസ്ഥയോടു കൂടി കെ.എസ്.യു.ഡി.പി.-യുടെ സ്റ്റേറ്റ് വിഹിതത്തിൽ നിന്ന് അതു ചെലവാക്കുന്നതിന് കേരള സർക്കാർ അനുവാദം നൽകുകയും ചെയ്തു.

ഉടമസ്ഥർ സ്വേച്ഛയാൽ വിട്ടുകൊടുത്ത ഭൂമി കോർപ്പറേഷൻ 2009-ൽ തന്നെ ആധാരമാക്കുകയും നിയമാനുസൃതമായി കൈമാറ്റം ചെയ്യുകയും ചെയ്തിരുന്നുവെങ്കിൽ, ₹33.30 ലക്ഷത്തിന്റെ ബാധ്യത ഉണ്ടാകുമായിരുന്നില്ലെന്നും ഞങ്ങൾ നിരീക്ഷിച്ചു. ഭൂമി ഉടമസ്ഥർക്ക് കൊടുക്കേണ്ടതായ നഷ്ടപരിഹാരത്തിന് മേലുള്ള സാമ്പത്തിക ബാധ്യത കൂടാതെ എസ്.ആർ.പി. സമയത്തിന് സമർപ്പിക്കാത്തതുമൂലം പദ്ധതിക്ക് വേണ്ടി നൽകിയ ₹13.10 കോടി ധനസഹായം എ.ഡി.ബി. പിൻവലിക്കുകയും, അതുമൂലം പ്രസ്തുത പദ്ധതിത്തുക കണ്ടെത്തേണ്ട ബാധ്യത കൂടി കോർപ്പറേഷനുണ്ടായെന്ന് ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു.

### 3.1.11.2 തിരുവനന്തപുരം കോർപ്പറേഷൻ - സ്റ്റോം വാട്ടർ ഡ്രെയിനേജ് പ്രോജക്റ്റ്

തിരുവനന്തപുരം കോർപ്പറേഷനിൽ പഴവങ്ങാടി തോട് മെച്ചപ്പെടുത്തൽ സ്റ്റോം വാട്ടർ ഡ്രെയിനേജ് പ്രോജക്റ്റിന്റെ ഭാഗമായി കെ.എസ്.ആർ.റ്റി.സി. ടെർമിനലിന് സമീപം ഡ്രെയിനിന് വേണ്ടി മൂടിയ ബോക്സ് കോൺഡ്യൂറ്റ് നിർമ്മിക്കുവാൻ കോർപ്പറേഷൻ തീരുമാനിക്കുകയും ജോലി ₹3.07 കോടി അടങ്കൽ തുകയ്ക്ക് പൂർത്തീകരിക്കുന്നതിന്

24 ലാന്റ് അക്വിസിഷൻ റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് നിയമം 2013

കരാറുകാരന്  2014 മാർച്ച് മൂന്ന് വരെ സമയം  അനുവദിക്കുകയും ചെയ്തു.  നിർവ്വഹണ ഏജൻസി, ബോക്സ് കോൺഡീറ്റിന് വേണ്ട സ്ട്രക്ച്ചറൽ ഡ്രോയിങ്ങ് കരാറുകാരന് 2013 ഡിസംബറിൽ നൽകിയെങ്കിലും എല്ലാ യൂട്ടിലിറ്റികളും  ഒഴിവാക്കിയും കടകളെയും/ താമസക്കാരെയും ഒഴിവാക്കിയും സ്ഥലം കൈമാറ്റം ചെയ്തത് 2014 മേയിൽ മാത്രമാണ്. ജോലി പൂർത്തീകരണത്തിനുള്ള സമയം ഇ.സി. 2015 മേയ് വരെ ദീർഘിപ്പിച്ചു.  എങ്കിലും സൈറ്റ് കൈമാറ്റം ചെയ്യുന്നതിനുള്ള താമസം എടുത്തുപറഞ്ഞുകൊണ്ട് കരാറുകാരൻ ബോക്സ് കോൺഡീറ്റിന് വേണ്ടി  നിലവിലുള്ള നിരക്കിനേക്കാൾ 80.09 ശതമാനം വർദ്ധനവ് ആവശ്യപ്പെട്ടു.

പ്രോജക്റ്റ് ഡയറക്ടർ ബോക്സ് കോൺഡീറ്റിന് വേണ്ടി വർദ്ധിപ്പിച്ച നിരക്കായ ₹4.29 കോടിയ്ക്ക് (നിലവിലുള്ള നിരക്കിന് 39.5 ശതമാനം മുകളിൽ) അനുവാദം നൽകുകയും (2015 ആഗസ്റ്റ്) അപ്രകാരം ₹1.22 കോടിയുടെ വർദ്ധന  അനുവദിയ്ക്കുകയും ചെയ്തു.

പ്രവൃത്തി നിർവ്വഹണത്തിന് വേണ്ടി കടയുടമകളെ  ഒഴിപ്പിക്കേണ്ടതുണ്ടെന്ന് ഡി.പി.ആർ. ഘട്ടത്തിൽ തന്നെ അറിവുള്ളതാണെങ്കിലും, താമസക്കാരെ ഒഴിപ്പിക്കുന്നതിന് കോർപ്പറേഷൻ 2014 ഏപ്രിൽ വരെ ഫലവത്തായ യാതൊരു   നടപടിയും എടുത്തില്ല. നഷ്ടപരിഹാരം ₹54,100 ആയി ഉൾപ്പെടുത്തികൊണ്ട് പുനരധിവാസ പദ്ധതി 2013 ജനുവരിയിൽ തയ്യാറാക്കിയെങ്കിലും ഇത് സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ കോർപ്പറേഷൻ പരാജയപ്പെട്ടതിനാൽ വർദ്ധിത പദ്ധതി തുകയായ ₹1.21 കോടിയുടെ അധിക ബാധ്യതയ്ക്ക് ഇടയാക്കി.

### 3.1.12 ആസ്തികളുടെ നിഷ്ക്രിയത്വം

പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച ആസ്തികൾ നിഷ്ഫലമായതു കൂടാതെ പദ്ധതിയ്ക്ക് വേണ്ടി വാങ്ങിയ ₹37.46 കോടി വിലമതിക്കുന്ന പൈപ്പുകൾ, വാഹനങ്ങൾ, ഉപകരണങ്ങൾ മുതലായവ അനുബന്ധം XV-ൽ കൊടുത്തിരിക്കുന്നത് പോലെ പദ്ധതികൾ ഇടയ്ക്കുവച്ച് നിറുത്തിയതിനാലോ, തെറ്റായ മാനേജ്മെന്റ് കാരണമോ നിഷ്ക്രിയമായി കിടക്കുന്നു.  വാഹനങ്ങൾ, ഉപകരണങ്ങൾ പോലുള്ള ആസ്തികളുടെ ഭൂരിഭാഗവും തുരുമ്പെടുത്ത് ഉപയോഗയോഗ്യമല്ലാത്ത അവസ്ഥയിലായത് ഗണ്യമായ സാമ്പത്തിക നഷ്ടത്തിന് ഇടയാക്കുന്നു.

## അനുബന്ധം XV

### ആസ്തികൾ നിഷ്ക്രിയമായിരിക്കുന്നത്

| കോർപ്പറേഷൻ | ആസ്തിയുടെ വിശദാംശങ്ങൾ | തുക (₹ കോടിയിൽ) |
|---|---|---|
| കൊച്ചി | അഴുക്കുചാൽ പദ്ധതിക്കായി വാങ്ങിയ പൈപ്പുകൾ 2015 ഫെബ്രുവരി മുതൽ നിഷ്ക്രിയമായി കിടക്കുന്നു. | 8.81 |
| | ഖരമാലിന്യ സംസ്കരണ പദ്ധതിക്കായി വാങ്ങിയ വാഹനങ്ങൾ (മുചക്രവാഹനങ്ങൾ 17 എണ്ണം, നാലുചക്രവാഹനങ്ങൾ - 25 എണ്ണം, ജീപ്പ്- 1 എണ്ണം ) | 0.98 |
| കൊല്ലം | ഖരമാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി വാങ്ങിയ ഓട്ടോ ടിപ്പറുകൾ | 1.07* |
| | അഴുക്കുചാൽ KLM - SS - 01- വാങ്ങിയ പൈപ്പുകൾ | 4.14 |
| | അഴുക്കുചാൽ KLM - SS - 02- വാങ്ങിയ പൈപ്പുകൾ | 3.97 |
| തൃശ്ശൂർ | തൃശ്ശൂർ ജലവിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് അധികം വന്ന പൈപ്പ് | 0.51 |
| | ഖരമാലിന്യ സംസ്കരണം - പ്രാഥമിക സൂക്ഷിപ്പും തെരുവ് ശുത്തുവൃത്തിയാക്കുന്നതിനുള്ള ഉപകരണങ്ങളും | 0.46 |
| | ഖരമാലിന്യ സംസ്കരണം - പ്രാഥമിക ശേഖരണ വാഹനങ്ങൾ ( ആപെ ട്രക്ക് ) | 0.18 |
| | ഖരമാലിന്യ സംസ്കരണം - ഗതാഗതവാഹനങ്ങൾ/ദ്വിതീയ സൂക്ഷിപ്പ് | 0.49 |
| കോഴിക്കോട് | അഴുക്കുചാൽ പദ്ധതിക്കായി വാങ്ങിയ പൈപ്പുകൾ -KZD - SS- 02B | 1.48 |
| | അഴുക്കുചാൽ പദ്ധതിക്കായി വാങ്ങിയ പൈപ്പുകൾ -KZD - SS- 02A | 2.46 |
| | ഖരമാലിന്യ സംസ്കരണത്തിനായി വാങ്ങിയ വാഹനങ്ങൾ | 0.42 |
| തിരുവനന്തപുരം | TVM - SS - 01 അഴുക്കുചാൽ - വാങ്ങിയ പൈപ്പുകൾ | 0.18 |
| | TVM - SS - 01 അഴുക്കുചാൽ - വാങ്ങിയ പൈപ്പുകൾ | 2.31 |
| **ആകെ** | | **37.46** |

* 2010 മാർച്ചിൽ അവസാനിച്ച ഓഡിറ്റ് റിപ്പോർട്ടിൽ (തസ്വഭവ സ്ഥാപനങ്ങൾ) ഉൾപ്പെട്ടത്

കൊച്ചി സ്വീവറേജ് പദ്ധതികൾക്ക് വേണ്ടി വാങ്ങിയ ₹18.81 കോടി വിലമതിക്കുന്ന പൈപ്പുകൾ പദ്ധതിയ്ക്ക് ഉപയോഗിക്കാതെ നിഷ്ക്രിയമായി കിടക്കുന്നു (2016 ഡിസംബർ). കൊച്ചി സ്വീവറേജുമായി ബന്ധപ്പെട്ട ജോലികൾ നിർവ്വഹിച്ചില്ലെങ്കിലും, കരാറുകാരൻ കെ.ഡബ്ല്യൂ.എ.-യുടേയോ ബന്ധപ്പെട്ട അധികാരികളുടേയോ അനുവാദം കൂടാതെ ₹1.81 കോടി വിലമതിക്കുന്ന പൈപ്പുകൾ നെട്ടൂരിലെ സ്റ്റോക്ക് യാർഡിൽ നിന്ന് നീക്കം ചെയ്തു. കെ.ഡബ്ല്യൂ.എ. ഒരു പരാതി പോലീസിന് സമർപ്പിക്കുകയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്യുകയും ചെയ്തു എങ്കിലും സ്റ്റോക്ക്യാർഡിൽ നിന്ന് ഗണ്യമായ അളവിൽ പൈപ്പുകൾ നീക്കം ചെയ്തത് കെ.ഡബ്ല്യൂ.എ. -യുടെ ഭാഗത്ത് നിന്നുള്ള മേൽ നിരീക്ഷണത്തിന്റെ അഭാവത്തെ ചൂണ്ടിക്കാണിക്കുന്നു.

തൃശ്ശൂർ കോർപ്പറേഷൻ ഖരമാലിന്യ പരിപാലനത്തിന് വേണ്ടി 48000 പ്രാഥമിക ശേഖരണ വീപ്പകളും മറ്റുള്ള സാമഗ്രികളും വാങ്ങിയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നില്ല. ഇത് ചൂണ്ടി കാണിച്ചപ്പോൾ (2016 നവംബർ), കോർപ്പറേഷൻ സ്റ്റോക്ക് രജിസ്റ്ററിൽ കൈപ്പറ്റൽ രേഖപ്പെടുത്തുകയും എല്ലാ ഇനങ്ങളും സർക്കിളിലേക്ക് വിതരണം ചെയ്തതായി കാണിക്കുകയും ചെയ്തു. എങ്കിലും ഗണ്യമായ ഇനങ്ങളും ഉപയോഗിക്കാതെ കിടക്കുന്നതായി സർക്കിളിലെ രേഖകൾ വെളിപ്പെടുത്തി. ഞങ്ങൾ ഭൗതിക പരിശോധന നടത്തുകയും ഗണ്യമായ സ്റ്റോക്ക് സാധനങ്ങൾ കോർപ്പറേഷൻ പരിസരങ്ങളിൽ നിഷ്ക്രിയമായി കിടക്കുന്നതായി കണ്ടെത്തുകയും ചെയ്തു.

**ശിപാർശ-2: പദ്ധതിയുടെ കീഴിൽ സൃഷ്ടിച്ച എല്ലാ ആസ്തികളും എണ്ണിത്തിട്ടപ്പെടുത്തേണ്ടതും ഫലപ്രദമായി ഉപയോഗിക്കേണ്ടതുമാണ്**

### 3.1.13 പാർട്ട് ബി-നഗരസാമൂഹ്യ ഉന്നമനം- ഫണ്ട് വിനിയോഗത്തിലെ വീഴ്ചകൾ

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം, നഗര തദ്ദേശസ്ഥാപനങ്ങളോട് ചേരിപ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ തയ്യാറാക്കുന്നത് ഒരു നിർബന്ധചുമതലയും പാവപ്പെട്ടവരിൽ കേന്ദ്രീകരിച്ച് അയൽക്കൂട്ട ഗ്രൂപ്പുകളെയും സ്വയം സഹായ ഗ്രൂപ്പുകളെയും സംഘടിപ്പിക്കുന്നത് ഒരു പൊതുവായ ചുമതലയായും നടപ്പാക്കണമെന്ന് അനുശാസിക്കുന്നു. നിയമത്തിന്റെ മേൽ പറഞ്ഞ വ്യവസ്ഥകൾക്ക് അനുസൃതമായി നഗരസാമൂഹ്യ ഉന്നമനം എന്ന ഘടകം എ.ഡി.ബി. പദ്ധതിയിൽ ഉൾപ്പെടുത്തി. പാവങ്ങളെ ലക്ഷ്യമിട്ടുള്ള ഈ ഘടകം അടിസ്ഥാന സൗകര്യങ്ങളെ സേവനങ്ങളെയും ഉപജീവനമാർഗ്ഗ ഉന്നമനവുമായി സംയോജിപ്പിക്കുവാൻ ലക്ഷ്യമിട്ടുള്ളതാണ്. നഗരസാമൂഹ്യ ഉന്നമനത്തിൽ ഉൾപ്പെടുത്തേണ്ടതായ ഉപഘടകങ്ങൾക്ക് മേൽ അഭിപ്രായസമന്വയം സ്ഥാപിക്കുന്നതിന് ഓരോ കോർപ്പറേഷനിലും ഒരു സിവിൽ സൊസൈറ്റി ഓർഗനൈസേഷൻ[25] (സി.എസ്.ഒ.) സ്ഥാപിക്കേണ്ടതുണ്ടെന്ന് പി.എ.എം. ആവശ്യപ്പെടുന്നു.

---

25 സി.എസ്.ഒ. മുൻസിപ്പൽ കോർപ്പറേഷൻ, ബിസിനസ്സ് ഗ്രൂപ്പുകൾ, റസിഡന്റ് ക്ഷേമ അസോസിയേഷനുകൾ, എൻ.ജി.ഒ, കുടുംബശ്രീ തുടങ്ങിയ നഗരതലത്തിലുള്ള തല്പര കക്ഷികൾ

നഗരസാമൂഹ്യ ഉന്നമന ഘടകത്തിന് സാമ്പത്തികം ലഭ്യമാക്കുന്നത് രണ്ട് ഫണ്ടുകളിൽ കൂടിയാണ്.

1) കമ്മ്യൂണിറ്റി ഇൻഫ്രാസ്ടക്ചർ ഫണ്ട് (സി.ഐ.എഫ്.) ചേരിവാസികളായ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങളുടെയും (ജലവിതരണം, ശുചീകരണം, പ്രാദേശിക ഡ്രെയിനേജ് മുതലായവ ഉൾപ്പെടെ) സേവനങ്ങളുടെയും (കമ്മ്യൂണിറ്റി ഹാൾ, ഡേകെയർ സെന്ററുകൾ, പ്രാഥമിക ആരോഗ്യ ശുശ്രൂഷയ്ക്കും വിദ്യാഭ്യാസത്തിനും വേണ്ടി ഭൗതിക അടിസ്ഥാന സൗകര്യം മുതലായവ) മെച്ചപ്പെടുത്തൽ ഉദ്ദേശിച്ചുള്ളത്.

2) പോവർട്ടി സോഷ്യൽ ഫണ്ട് (പി.എസ്.എഫ്.) എസ്.ജെ.എസ്.ആർ.വൈ.-യ്ക്ക്[26] നിഷ്കർഷിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്ക് അനുസരിച്ച് സ്വയംസഹായ ഗ്രൂപ്പുകളുടെ സഖ്യത്തിന് വരുമാനം ഉണ്ടാക്കുന്നതിനും മൈക്രോ സംഭരണങ്ങളുടെ പുരോഗതിക്കുമുള്ള പരിപാടികൾക്ക് സാമ്പത്തിക സഹായം ചെയ്യുന്നതിനു വേണ്ടി.

ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ട മാർഗ്ഗരേഖ ലംഘനങ്ങളുടെ ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

### 3.1.13.1 സർവ്വേ അനുസരിച്ച് തെരഞ്ഞെടുത്ത ചേരികളിൽ നിന്ന് വ്യത്യസ്തമായ സ്ഥലങ്ങളിൽ പദ്ധതിയുടെ നടപ്പാക്കൽ

സാമൂഹ്യ ഉന്നമന ഉപഘടകങ്ങൾക്ക് മേൽ അഭിപ്രായസമന്വയം സ്ഥാപിക്കുന്നതിനും പദ്ധതികൾ തെരഞ്ഞെടുക്കുന്നതിനും വേണ്ടി സി.എസ്.ഒ. ഒരു കോർപ്പറേഷനുകളിലും രൂപീകരിച്ചിട്ടില്ലെന്ന് ഞങ്ങൾ കണ്ടെത്തി. ചേരികൾ തിരഞ്ഞെടുക്കുന്നതിന് ദാരിദ്ര്യ/ അരക്ഷിതാവസ്ഥാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഒരു വിശദമായ സർവ്വേ നടത്തണമെന്ന് കേരള സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട് (2008 ജനുവരി).

കോർപ്പറേഷനുകൾ, ചേരി നിവാസികളായ കുട്ടികൾക്കും സ്ത്രീകൾക്കും കമ്മ്യൂണിറ്റി ഇൻഫ്രാസ്ടക്ചർ സർവ്വീസുകൾ പ്രദാനം ചെയ്യുക എന്ന പ്രഥമ കർത്തവ്യത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ട് പദ്ധതികൾ തയ്യാറാക്കുകയും കൂടാതെ കേരള സർക്കാർ നിഷ്കർഷിച്ചതു പോലെ ബേസ് ലൈൻ സർവ്വേ[27] വഴി തെരഞ്ഞെടുക്കാത്ത ചേരികളിൽ പദ്ധതികൾ നടപ്പാക്കുകയും ചെയ്തു. പി.എം.എം.-ലോ കേരള സർക്കാർ മാർഗ്ഗ രേഖയിലോ നിർദ്ദേശിച്ചിട്ടില്ലാത്ത പൊതു സ്ഥലങ്ങളിലും താഴെ കാണിക്കുന്നത് പോലെ പദ്ധതികൾ നടപ്പിലാക്കി.

---

26 സ്വർണ്ണ ജയന്തി ഷഹാരി റോസ്ഗർയോജന

27 കൗൺസിലർമാരുടെ ശിപാർശ പ്രകാരം തൃശ്ശൂരിൽ ഓരോ ഡിവിഷനിൽ നിന്നും ഒരു ചേരി വീതം സർവ്വേ കൂടാതെ തെരഞ്ഞെടുത്തു.

**പട്ടിക 3.6 ചേരിയിലല്ലാതെ പൊതു സ്ഥലങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ**

(₹ കോടിയിൽ)

| കോർപ്പറേഷൻ | പണിയുടെ വിശദാംശങ്ങൾ | ചെലവ് |
|---|---|---|
| തിരുവനന്തപുരം | ചന്തകളിൽ രണ്ടു ബയോഗ്യാസ് പ്ലാന്റുകളും, സ്കൂളുകൾ/മറ്റു പൊതു സ്ഥലങ്ങൾ ആറു ബയോഗ്യാസ് പ്ലാന്റും നിർമ്മിച്ചു | 1.02 |
| | വട്ടിയൂർക്കാവ് ചന്തയുടെ പുതുക്കിപ്പണിയൽ | 0.52 |
| | കോനത്തുകുളത്തുള്ള കുളത്തിന്റെ പുതുക്കിപ്പണിയൽ | 0.50 |
| | സ്കൂളുകളിൽ പെൺ സൗഹൃദ ശുചിമുറികൾ | 0.95 |
| തൃശ്ശൂർ | ചേരിയിലല്ലാതെ മറ്റു സ്ഥലങ്ങളിൽ ഏഴു ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിച്ചു | 0.07 |
| കോഴിക്കോട് | നാലു ബയോഗ്യാസ് പ്ലാന്റുകൾ പൊതു സ്ഥലങ്ങളിൽ നിർമ്മിച്ചു | 0.10 |

ഞങ്ങൾ നടത്തിയ ഭൗതിക പരിശോധനയിൽ (2017 ജനുവരി) തിരുവനന്തപുരം കോർപ്പറേഷനിൽ ₹17.04 ലക്ഷം ചെലവുള്ള രണ്ട് ബയോഗ്യാസ് പ്ളാന്റുകൾ പ്രവർത്തനരഹിതമാണെന്ന് കണ്ടെത്തി. അതുപോലെ കോഴിക്കോട് കോർപ്പറേഷനിൽ നാല് ബയോഗ്യാസ് പ്ലാന്റുകളിൽ മൂന്നെണ്ണം പ്രവർത്തനക്ഷമമല്ല. ഈ പദ്ധതികൾ പങ്കാളിത്ത ആസൂത്രണത്തിന്റെ അഭാവത്തിൽ രൂപീകരിച്ചതു കൊണ്ടും തെരഞ്ഞെടുത്ത ചേരി പ്രദേശങ്ങൾക്കു പുറത്ത് നടപ്പിലാക്കിയതു കൊണ്ടും ചേരി പ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക എന്ന കേരള മുനിസിപ്പാലിറ്റി നിയമം 1994-ലെ വ്യവസ്ഥകൾ അനുസരിച്ചുള്ള ലക്ഷ്യം നേടാൻ സാധിച്ചിട്ടില്ല.

### 3.1.13.2 വ്യവസ്ഥകൾ ലംഘിച്ച് കൊണ്ടുള്ള ദാരിദ്ര്യ സാമൂഹ്യ ഫണ്ടിന്റെ ഉപയോഗം

മാർഗ്ഗ രേഖകൾ അനുസരിച്ച് ദാരിദ്ര്യ സാമൂഹ്യ ഫണ്ട് എസ്.ജെ.എസ്.ആർ.വൈ.-യ്ക്ക് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ട് സ്വയം സഹായ ഗ്രൂപ്പുകളുടെ സഖ്യങ്ങൾക്കും വരുമാന ഉത്പാദനത്തിനുള്ള പരിപാടികൾക്കും മൈക്രോ സംരംഭ വികസനത്തിനും വേണ്ടി ധനസഹായം ചെയ്യുക എന്ന ലക്ഷ്യം വച്ചിട്ടുള്ളതാണ്. കേരള സർക്കാർ നൽകിയിട്ടുള്ള മാർഗ്ഗരേഖകൾ[28] അനുസരിച്ച് കോർപ്പറേഷനുകൾ, ദാരിദ്ര്യ സാമൂഹ്യ ഫണ്ട് സ്കീമിൽ ഉദ്ദേശ ലക്ഷ്യങ്ങൾക്കു വിരുദ്ധമായി ആശ്രയ[29] ഗുണഭോക്താക്കൾക്ക് സഹായം നൽകുക, ആയുർവേദ ജെറിയാട്രിക് പ്രോഗ്രാം തുടങ്ങിയ ഉല്പാദനരഹിത കാര്യങ്ങൾക്ക്

28 ജി.ഒ. നമ്പർ 26/05/എൽ.എസ്.ജി.ഡി. തീയതി 24-1-2008

29 സമൂഹത്തിലെ ഏറ്റവും നിർദ്ധനരായ ജനങ്ങളെ കണ്ടുപിടിച്ച് അവർക്ക് അടിസ്ഥാന സൗകര്യങ്ങളായ ഭക്ഷണം, പാർപ്പിടം, മരുന്നുകൾ എന്നിവ നൽകുവാൻ കേരള സർക്കാർ രൂപീകരിച്ച പ്രോജക്റ്റാണ് ആശ്രയ

ഉപയോഗിച്ചതായി ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു. കൂടാതെ ആശ്രയ അക്കൗണ്ടുകളിൽ അധിക തുക നിലനിൽക്കുമ്പോഴാണ് കോർപ്പറേഷനുകൾ ഫണ്ട് ആശ്രയ അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്തിട്ടുള്ളതെന്ന് ഞങ്ങൾ നിരീക്ഷിച്ചു. ദാരിദ്ര്യ സാമൂഹ്യ ഫണ്ട് ഉല്പാദനരഹിത കാര്യങ്ങൾക്ക് ഉപയോഗിച്ചതിന്റെ ഉദാഹരണങ്ങൾ അനുബന്ധം XVI-ൽ കാണിക്കുന്നു. കൂടാതെ സ്കീമുകൾ നടപ്പിലാക്കിയപ്പോൾ അനുബന്ധം XVII-ൽ കാണിച്ചിരിക്കുന്നതുപോലെ എസ്.ജെ.എസ്.ആർ.വൈ. വ്യവസ്ഥകൾ പാലിക്കുകയുണ്ടായില്ല.

## അനുബന്ധം XVI

### നിഷ്ഫലകാര്യങ്ങൾക്കുവേണ്ടി ദാരിദ്ര്യ സാമൂഹ്യ ഫണ്ട് ഉപയോഗിച്ചത്

| കോർപ്പറേഷൻ | പദ്ധതിയുടെ വിശദാംശങ്ങൾ | കൈമാറിയ/ ചെലവഴിച്ച തുക (₹ ലക്ഷത്തിൽ) | അഭിപ്രായം |
|---|---|---|---|
| കൊച്ചി | ആശ്രയ പദ്ധതി | 35.00* | ഏതാണ്ട് ₹50 ലക്ഷത്തോളം ആശ്രയ അക്കൗണ്ടിൽ ചെലവഴിക്കാതെ കിടക്കുമ്പോഴായിരുന്നു ഫണ്ട് കൈമാറിയത്. ₹30.38 ലക്ഷത്തിനു മാത്രമായിരുന്നു ഉപയോഗ സാക്ഷ്യ പത്രം കിട്ടിയത് |
| | വാർദ്ധക്യകാല ആയുർവ്വേദ പദ്ധതി | 4.17 | വൃദ്ധസദനങ്ങളിലേക്കുള്ള ആനുകാലിക സന്ദർശനം, മെഡിക്കൽ ക്യാമ്പിനു വേണ്ടിയുള്ള ആരോഗ്യ വിദ്യാഭ്യാസം മുതലായ വാർദ്ധക്യകാല ആരോഗ്യ പരിചരണ പരിപാടികൾ തൃപ്പൂണിത്തുറ സർക്കാർ ആയുർ വേദ കോളേജ് മുഖേന നടത്തുവാൻ വേണ്ടി ജെ. എം. അജേഷ്, അജേഷ് റിന്യൂവബിൾ എനർജി സൊല്യൂഷൻസ്, തിരുവനന്തപുരം. ₹4.17 ലക്ഷം കോർപ്പറേഷൻ ചെലവഴിച്ചു. 2012 ഒക്ടോബറിൽ അന്താരാഷ്ട്ര വയോജന |

* 2009 ഫെബ്രുവരിയിലും 2011 മാർച്ചിലും ₹ 10 ലക്ഷം വീതവും 2012 ഡിസംബറിൽ ₹15 ലക്ഷവും കൈമാറി

| | | | |
|---|---|---|---|
| | | | ദിനം ആചരിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ചെലവുകൾ വഹിക്കുന്നതിനായി 1.20 ലക്ഷം ഇതിൽ നിന്നും ചെലവഴിച്ചു . |
| | തസ്വഭവ സ്ഥാപനങ്ങളിലേയ്ക്ക് വസ്തുക്കൾ വാങ്ങിയത് | 21.90 | കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിന് വേണ്ടി മരക്കട്ടിൽ, കിടക്കകൾ, ബെഡ് ഷീറ്റ് മുതലായ വസ്തുക്കൾ, പി.എസ്.എഫി.-ൽ നിന്നും ₹21.90 ലക്ഷം വിനിയോഗിച്ച് വാങ്ങി. |
| കൊല്ലം | ആശ്രയ പദ്ധതി | 32.79 | ആശ്രയ അക്കൗണ്ടിൽ ₹81.51 ലക്ഷം കിടക്കുമ്പോൾ 2009 മാർച്ചിൽ ഫണ്ട് കൈമാറി. പി.എസ്.എഫി.-ൽ നിന്നും ജെ.എം. അജേഷ്, അജേഷ് റിന്യൂവബിൾ എനർജി സൊല്യൂഷൻസ്, തിരുവനന്തപുരം ₹4.09 ലക്ഷം മാത്രം ചെലവഴിക്കുകയും (2016 മാർച്ച്) ബാക്കി തുകയായ ₹28.70 ലക്ഷം ഏഴ് വർഷത്തിലധികമായി ആശ്രയ അക്കൗണ്ടിൽ കിടക്കുന്നു. |
| തൃശ്ശൂർ | ആശ്രയ പദ്ധതി | 19.59 | 2008 സെപ്റ്റംബറിൽ ഫണ്ട് കൈമാറി. |
| കോഴിക്കോട് | ആശ്രയ പദ്ധതി | 19.00 | 2012 മാർച്ചിൽ ഫണ്ട് കൈമാറി. 2012 ഏപ്രിൽ 04 മുതൽ 2014 മാർച്ച് 31 വരെയുള്ള കാലയളവിൽ മുഴുവൻ തുകയും ആശ്രയ പദ്ധതിക്കായി കുടുംബശ്രീ ചെലവഴിച്ചു . |

## അനുബന്ധം XVII

### എസ്.ജെ.എസ്.ആർ.വൈ. മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് നടപ്പിലാക്കിയ പദ്ധതികൾ

| കോർപ്പറേഷൻ | പദ്ധതി | ക്രമരഹിതമായ ചെലവ് (₹ കോടിയിൽ) | അഭിപ്രായം |
|---|---|---|---|
| കൊല്ലം | മത്സ്യഫെഡുമൊന്നിച്ചുള്ള സംയുക്ത സംരംഭം | 0.73 | എസ്.ജെ.എസ്.ആർ.വൈ. മാനദണ്ഡങ്ങൾ വ്യവസ്ഥ ചെയ്യുന്ന ₹2000 ത്തിന് പകരം 2448 മത്സ്യബന്ധനത്തൊഴിലാളികൾക്ക് റിവോൾവിംഗ് ഫണ്ടിന് വേണ്ടിയുള്ള വർക്കിംഗ് ക്യാപ്പിറ്റലായി ₹5000 നൽകി. |
| | തൊഴിൽ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള സഹായം | 0.05 | എസ്.ജെ.എസ്.ആർ.വൈ. മാനദണ്ഡങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള പദ്ധതി ചെലവിന്റെ 35 ശതമാനമോ ₹60,000 മോ ഉള്ളതിൽ കുറവുള്ള സഹായധനത്തിന് പകരം പദ്ധതി ചെലവിന്റെ 50 ശതമാനം വരെ സാമ്പത്തിക ധനസഹായം 32 ഗുണഭോക്തൃ സംഘങ്ങൾക്ക് നൽകി. |
| കൊച്ചി | കുടുംബശ്രീ ക്യാന്റീനുകളുടെ നവീകര ണം | 0.09 | കുടുംബശ്രീ ക്യാന്റീനിലേക്ക് അടുക്കള സാമഗ്രികളും ഫർണിച്ചറും വാങ്ങുന്നതിനായി തദ്ദേശസ്ഥാപനം ₹9.36 ലക്ഷം ചെലവഴിച്ചു. എസ്.ജെ.എസ്.ആർ.വൈ. മാനദണ്ഡങ്ങൾ അനുസരിച്ച്, ബാങ്ക് വായ്പയുടെയോ വിഹിതത്തിന്റെയോ പിന്തുണയോടെയായിരുന്നു പദ്ധതി നടപ്പിലാക്കേണ്ടിയിരുന്നത്. |
| | പരമ്പരാഗത മത്സ്യബന്ധന തോണികളുടെ ഡീസൽ വൽക്കരണം | 0.16 | മത്സ്യബന്ധന തൊഴിലാളി സഹകരണ സംഘം/മത്സ്യബന്ധന സംഘങ്ങൾക്ക് ഡീസൽ യന്ത്രങ്ങളും കടലിലുപയോഗിക്കുന്ന പ്ലൈവുഡ് തോണികളും വിതരണം ചെയ്യുന്നതിനായി മത്സ്യഫെഡിന് കോർപ്പറേഷൻ ₹16.25 ലക്ഷം നൽകി (2012 ഒക്ടോബർ). എസ്.ജെ.എസ്.ആർ.വൈ. |

| | | | |
|---|---|---|---|
| | | | മാനദണ്ഡങ്ങൾ അനുസരിച്ച്, ബാങ്ക് വായ്പയോ ഗുണഭോക്തൃ വിഹിതമോ കൂടാതെ 100 ശതമാനം ധനസഹായം നൽകിയത് ക്രമരഹിതമാണ്. |
| | മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന ഉപകരണങ്ങളുടെ അറ്റകുറ്റപ്പണിയും പുതുക്കലും | 0.48 | മത്സ്യബന്ധന ഉപകരണങ്ങളുടെ അറ്റകുറ്റ പണിയും പുതുക്കലും പദ്ധതിക്കായി മത്സ്യ ഫെഡിന് ₹48.50 ലക്ഷം കോർപ്പറേഷൻ നൽകി (2014 ഏപ്രിൽ) (35 ശതമാനം കെ.എസ്.യു.ഡി.പി.വിഹിതം) മത്സ്യഫെഡ് വിഹിതവും ഉപഭോക്താവും യഥാക്രമം 55 ശതമാനവും 10 ശതമാനവും മാനദണ്ഡങ്ങൾ അനുസരിച്ച് അനുവദനീയമായ ധനസഹായം നഗരവാ സികളായ ദരിദ്ര വനിതാ സംഘങ്ങ ൾക്ക് ആദായകരമായ സ്വയം തൊഴിൽ സംരംഭ ങ്ങൾ സ്ഥാപിക്കുന്നതിന് ₹ മൂന്ന് ലക്ഷമോ പദ്ധതി ചെലവിന്റെ 35 ശതമാനമോ ഓരോ അംഗത്തിനും ₹60,000 തോറുമോ ആകുക യും ഉത്പാദന, സേവന വാണിജ്യ മേഖല കളിൽ ആദായകരമായ തൊഴിൽ സംരംഭ ങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതി ചെലവിന്റെ 25 ശതമാനമോ പരമാവധി ₹50,000 മോ ആകുകയും ചെയ്യുന്നു . |
| | ഉന്നത സാങ്കേതിക വിദ്യയോടു കൂടിയുള്ള ചില്ലറ മത്സ്യ വിൽപന കേന്ദ്രങ്ങളുടെ നിർമ്മാണം | 0.13 | മൂന്ന് ഉന്നത സാങ്കേതിക വിദ്യയോടു കൂടിയുള്ള മത്സ്യ വില്പന കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് 100 ശതമാനം കെ.എസ്.യു.ഡി.പി. വിഹിതത്തിലേയ്ക്ക് മത്സ്യഫെഡിന് കോർപ്പറേഷൻ ₹13.06 ലക്ഷം നൽകി. എസ്.ജെ.എസ്.ആർ.വൈ. മാനദണ്ഡങ്ങൾ അനുസരിച്ച്, ബാങ്ക് വായ്പയോ ഗുണഭോക്തൃ വിഹിതമോ കൂടാതെ 100 ശതമാനം കെ.എസ്.യു.ഡി.പി. ധനസഹായത്തോടെ പദ്ധതി നടപ്പിലാക്കുന്നത് ക്രമവിരുദ്ധമാണ്. ചിലവന്നൂരിൽ മത്സ്യ വിൽപ്പന കേന്ദ്രത്തിന് ₹0.59 ലക്ഷം ചെലവഴിച്ച് നിർമ്മിച്ച അടിത്തറ നിഷ്ക്രിയമായി കിടക്കുന്നു. |
| | വഴിയോര കച്ചവടക്കാരുടെ പുനരധിവാസം | 0.60 | 375 വഴിയോര കച്ചവടക്കാരെ പുന:രധിവസിപ്പിക്കുന്നതിന് ആയി ശക്തൻ നഗറിലെ 84 സെന്റ് ഭൂമിയിൽ 2303 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഒരു ഷെഡ് |

| | | | |
|---|---|---|---|
| | | | കോർപ്പറേഷൻ നിർമ്മിച്ചു. ₹66.85 ലക്ഷം ചെലവഴിച്ചാണ് പ്രവൃത്തി പൂർത്തിയാക്കിയത് (2014 മാർച്ച്). അതിൽ ₹60 ലക്ഷം കെ.എസ്.യു.ഡി.പി.യും, ബാക്കി ₹6.85 ലക്ഷം കോർപ്പറേഷനുമാണ് മുടക്കുന്നത്. ബാങ്ക് വായ്പയോ ഗുണഭോക്തൃ വിഹിതമോ കൂടാതെ പദ്ധതി നടപ്പിലാക്കിയത് എസ്.ജെ.എസ്.ആർ.വൈ. മാനദണ്ഡങ്ങൾ ലംഘിച്ചു കൊണ്ടായിരുന്നു. മൂന്നു വർഷത്തെ കാലതാമസത്തിനു ശേഷവും വഴിയോര കച്ചവടക്കാർക്ക് അനുവദിച്ചു കൊടുക്കാതെ ഷെഡ് നിഷ്ക്രിയമായി കിടക്കുകയായിരുന്നു. |
| | ക്ലീൻ കേരള സംഘങ്ങൾക്കുള്ള സഹായം | 0.07 | ഓട്ടോറിക്ഷ അറ്റകുറ്റപണിക്കും വാഹനങ്ങൾക്ക് ഫിറ്റ്നസ് ലഭിക്കുന്നതിനുമായി 49 ക്ലീൻകേരള സംഘം യൂണിറ്റുകൾക്ക് ₹3.89 ലക്ഷം എസ്.ജെ.എസ്.ആർ.വൈ. മാനദണ്ഡങ്ങൾക്കു വിരുദ്ധമായി കോർപ്പറേഷൻ നൽകി. കൂടാതെ പി.എസ്.എഫ്.-ൽ നിന്നും ക്ലീൻ കേരള സംഘങ്ങളിലെ അപകട നിയന്ത്രണത്തിനുള്ള ചാലഞ്ച് ഫണ്ടായി ₹2 ലക്ഷം വകമാറ്റി ചെലവഴിച്ചു. |
| | ചേരികളുടെ സർവ്വേക്കായുള്ള കൺസൾട്ടൻസി ചാർജ്ജ് | 0.02 | കോർപ്പറേഷനിലെ ചേരികളുടെ സാമൂഹിക സർവ്വേക്കായി സോഷ്യോ എക്കണോ മിക് യൂണിറ്റ് ഫൗണ്ടേഷൻ, കോഴിക്കോടിന് ₹2.69 ലക്ഷം നൽകി(2009 ഒക്ടോബർ). |

### 3.1.13.3 സിസിറ്റിവി ക്യാമറകൾ സ്ഥാപിക്കുന്നതിലുള്ള നിഷ്ഫല ചെലവ്

തിരുവനന്തപുരം കോർപ്പറേഷൻ, ഖരമാലിന്യ പരിപാലനത്തിന് വേണ്ടിയും ആമയിഴഞ്ചാൻ തോട്ടിൽ അവശിഷ്ടങ്ങൾ കുന്നുകൂട്ടിയിടുന്നത് തടയുന്നതിന് വേണ്ടിയും കമ്മ്യൂണിറ്റി ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ഉപയോഗപ്പെടുത്തി തോടിന്റെ തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ 37 സി.സി.റ്റി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്തു. കോർപ്പറേഷൻ 37 ക്യാമറകളോട് കൂടിയ സി.സി.റ്റി.വി. സംവിധാനത്തിന്റെ വിതരണം, സ്ഥാപിക്കൽ, പരീക്ഷിക്കൽ, കമ്മീഷനിങ്ങ് എന്നിവയു മായി ബന്ധപ്പെട്ട പ്രവൃത്തികൾ മെസ. കെൽട്രോൺ ലിമിറ്റഡിനെ ഏൽപ്പിക്കുകയും (2014 മാർച്ച്) ₹54 ലക്ഷം മുൻകൂറായി സ്ഥാപനത്തിന് നൽകുകയും (2014 ഏപ്രിൽ) ചെയ്തു. ക്യാമറകൾ 2015

മാർച്ചിൽ സ്ഥാപിച്ചെങ്കിലും (രണ്ടെണ്ണം ഒഴികെ അത് പൊതുജനപ്രതിഷേധം മൂലം സ്ഥാപിക്കാനായില്ല) ഇവ പ്രവർത്തനക്ഷമമല്ലെന്ന് കണ്ടെത്തി. മെസ. കെൽട്രോൺ കേട്ടുപാടുകൾ തീർത്തതിന് ശേഷം ക്യാമറകൾ പുനഃസ്ഥാപിക്കുകയും മുഴുവൻ ആസ്തികളും കോർപ്പറേഷന് കൈമാറുകയും ചെയ്തു (2016 ഏപ്രിൽ).

ഈ ക്യാമറകളുടെ ഇപ്പോഴത്തെ പ്രവർത്തന നില അന്വേഷിച്ചപ്പോൾ സ്ഥാപിച്ച ക്യാമറകൾ ഒന്നും തന്നെ തുടക്കം മുതൽ പ്രവൃത്തിക്കുന്നില്ലെന്ന് തിരുവനന്തപുരം കോർപ്പറേഷൻ വ്യക്തമാക്കി. തന്മൂലം പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച ₹54 ലക്ഷം നിഷ്ഫലമാകുകയും ചെയ്തു.

### 3.1.14 സാമ്പത്തിക നിർവ്വഹണം

ആകെ പദ്ധതി തുക ₹1422.5 കോടിയിൽ 70 ശതമാനം (₹995.4 കോടി) എ.ഡി.ബി. ലോണായും 19 ശതമാനവും (₹269.1 കോടി) 11 ശതമാനവും (₹158 കോടി) യഥാക്രമം കേരള സർക്കാരും അഞ്ച് കോർപ്പറേഷനുകളും അവരുടെ തനത് വരുമാനത്തിൽ നിന്നും വഹിക്കുന്നതാണ് വിവക്ഷിച്ചിരിക്കുന്നത്. കേരള സർക്കാർ എ.ഡി.ബി. ലോൺ തുക സംസ്ഥാനത്തിന്റെ കൺസോളിഡേറ്റ് ഫണ്ടിന്റെ ഭാഗമാകത്തക്കവണ്ണം കേരള സർക്കാരിന് ലഭ്യമാക്കേണ്ടതാണെന്ന് കെ.എസ്.യു.ഡി.പി. മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു. കേരള സർക്കാർ ചെലവുകൾക്ക് വേണ്ടി ഫണ്ട് പി.ഐ.യു.-വിന് വിതരണം ചെയ്യുന്നതിന് പി.എം.യു.-വിലേയ്ക്ക് നൽകണം. പദ്ധതിയ്ക്ക് വേണ്ടി അർഹതയുള്ള ചെലവുകൾ[30] തിരികെ കിട്ടുന്നതിന് പി.എം.യു. സ്റ്റേറ്റ്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ (എസ്.ഒ.ഇ) എ.ഡി.ബി.-യ്ക്ക് സമർപ്പിക്കേണ്ടതുണ്ട്.

വായ്പ അക്കൗണ്ട് അവസാനിച്ച 2016 നവംബർ പദ്ധതി തുകയിലേയ്ക്ക് ലഭിക്കേണ്ട എ.ഡി.ബി. വിഹിതമായ $221.20 ദശലക്ഷം (₹995.40[31] കോടി)-ൽ കേരള സർക്കാർ ₹745.57 കോടി ചെലവഴിക്കുകയും $113.38 ദശലക്ഷം (₹607.37 കോടി)[32] തിരികെ

30 കൺസൾട്ടൻസി, പലിശ, കമിറ്റ്മെന്റ് ചാർജ്ജുകൾ (100 ശതമാനം) സിവിൽ പണികൾ (82 ശതമാനം) ഉപകരണങ്ങൾ, വാഹനങ്ങൾ(80 ശതമാനം) പ്രാദേശിക പരിശീലനം, സർവ്വേ തുടങ്ങിയ (73 ശതമാനം), ജീവനോപാധി മെച്ചത്തിനും തസ്വഭവ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം(70 ശതമാനം) എന്നിങ്ങനെയാണ് എ.ഡി.ബി. റീഇംബേഴ്സ് ചെയ്യുന്നത്.

31 ലോൺ എഗ്രിമെന്റ് സമയത്തെ വിനിമയ നിരക്കനുസരിച്ച് ഡോളറിന് ₹45

32 പലിശയും കമിറ്റ്മെന്റ് ചാർജ്ജും മൂലധനമാക്കിയതായ ₹20.35 കോടിയും ₹42.27 കോടിയും ഉൾപ്പെടെ

ലഭിക്കുകയും ചെയ്തു. ബാക്കി തുകയായ ₹138.20 കോടി കേരള സർക്കാർ തനത് ഫണ്ടുകളിൽ നിന്ന് കണ്ടെത്തി. ലോൺ കരാറിൽ കൺസൽട്ടൻസിക്കും ഭരണപരമായ ചെലവുകൾക്കും 5.52 ശതമാനം/ലഭ്യമായ വായ്പയുടെ 17.46 ശതമാനം വിഭാവനം ചെയ്തിരുന്നെങ്കിലും ചെലവായതായി ഞങ്ങളുടെ ഓഡിറ്റ് സമയത്ത് ശ്രദ്ധയിൽപ്പെട്ടു. ധനകാര്യ വീഴ്ചകളുടെ ചില ഉദാഹരണങ്ങൾ താഴെ പറയുന്നു.

### 3.1.14.1 കേരള സർക്കാരിന്റെ എ.ഡി.ബി. വായ്പയുടെ കുറഞ്ഞ വിനിയോഗവും തത്ഫലമായുള്ള ലഭ്യത കുറവും

സാധനങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടിക്രമത്തിലുള്ള ഗുരുതരമായ കാലതാമസം ആവശ്യമായ പാരിസ്ഥിതിക അനുമതിയുടെ അഭാവം, പ്രാദേശിക പ്രതിഷേധം കൊണ്ടുള്ള പ്രവൃത്തിയുടെ മോശപ്പെട്ട പുരോഗതി, തുകയുടെ മോശപ്പെട്ട വിനിയോഗം, സംസ്ഥാനത്തിന് മേൽ വർദ്ധിച്ചുവരുന്ന കമ്മിറ്റ്മെന്റ് ചാർജ്ജ്[33] എന്നീ സന്ദർഭങ്ങളിൽ വായ്പയുടെ വെട്ടിചുരുക്കലിലും ഭാഗിക റദ്ദാക്കലിലും പി.എ.എം. വ്യവസ്ഥ ചെയ്യുന്നു. ആകെ വായ്പ തുകയായ $221.20 ദശലക്ഷത്തിൽ $25 ദശലക്ഷത്തിന്റെയും $27.80 ദശലക്ഷത്തിന്റെയും രണ്ട് ഭാഗിക റദ്ദാക്കലുകൾ എഡിബി യഥാക്രമം 2013 ആഗസ്റ്റിലും 2014 മേയിലും[34] നടത്തിയതായി ഞങ്ങൾ നിരീക്ഷിച്ചു. വായ്പ നൽകൽ അവസാനിപ്പിക്കുന്ന തീയതിയിൽ (2016 നവംബർ 25) വായ്പ തുക വിനിയോഗിക്കില്ലെന്ന കണക്കുകൂട്ടലിൽ എ.ഡി.ബി. $45 ദശലക്ഷത്തിന്റെ മൂന്നാമത്തെ ഭാഗിക ലോൺ റദ്ദാക്കൽ നടത്തി (2016 മേയ്). ഇത് കൂടാതെ ലോൺ അക്കൗണ്ട് അവസാനിപ്പിച്ച സമയത്ത് (2016 നവംബർ 25) എടുക്കാതെ അവശേഷിച്ച ലോൺ തുക 9.52 ദശലക്ഷം എ.ഡി.ബി. റദ്ദാക്കി. അങ്ങനെ പദ്ധതി ഉദ്ദേശിച്ചപ്രകാരം നടപ്പാക്കുന്നതിലെ പരാജയം മൂലം എഡിബി, പദ്ധതി നിർവ്വഹണത്തിന് കേരള സർക്കാരിന് $113.88 ദശലക്ഷം മാത്രം ലഭ്യമാക്കി കൊണ്ട് $107.32 ദശലക്ഷം റദ്ദാക്കുന്നതിന് ഹേതുവായി. അങ്ങനെ കോർപ്പറേഷനുകൾക്ക് ആദ്യം അനുവദിക്കപ്പെട്ട ലോണിന്റെ 51.48 ശതമാനം മാത്രമേ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളൂ. എ.ഡി.ബി. ലോൺ അവസാനിപ്പിച്ചതിനാൽ കേരള സർക്കാരിന് അവരുടെ തന്നെ വിഭവങ്ങൾ ഉപയോഗപ്പെടുത്തി അപൂർണ്ണ പദ്ധതികൾ പൂർത്തീകരിക്കേണ്ടിവരും.

---

33 എഗ്രിമെന്റ് തീയതിക്ക് (2006 ഡിസംബർ 8) 60 ദിവസത്തിനുശേഷം തുടർച്ചയായ കാലാവധികളിലെ ഗഡുക്കളിൽ നിന്നും കാലാകാലങ്ങളിൽ പിൻവലിച്ച തുക കുറച്ചുള്ള തുകയ്ക്ക് താഴെപറയും പ്രകാരം കമ്മിറ്റ്മെന്റ് ചാർജ്ജ് ഉണ്ടാകും. ആദ്യ പന്ത്രണ്ട് മാസകാലം $ 33,180,000 -ന് രണ്ടാമത്തെ പന്ത്രണ്ട മാസകാലം $ 99,540,000-ന് മൂന്നാമത്തെ പന്ത്രണ്ട മാസകാലം $ 188,020,000-ന് "അതിനു ശേഷം മുഴുവൻ ലോൺ തുകക്കും.

34 പാർട്ട് സി- തദ്ദേശഭരണ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള $15 ദശലക്ഷം, $20 ദശലക്ഷം സിവിൽ പ്രവൃത്തികൾക്കും, $17.8 ദശലക്ഷം നിർമ്മാണ വേളയിൽ പലിശ ആനുപാതികമായി വിനിയോഗിച്ചതിലും റദ്ദാക്കലിൽ ഉൾപ്പെടുന്നു.

### 3.1.14.2 എടുക്കാത്ത വായ്പയ്ക്ക് വേണ്ടി എ.ഡി.ബി.-യ്ക്ക് കമ്മിറ്റ്മെന്റ് ചാർജ്ജ് കൊടുക്കൽ

പിൻവലിക്കുന്ന വായ്പ തുക നിശ്ചയിക്കപ്പെട്ട തുകയേക്കാൾ കുറവാണെങ്കിൽ കേരള സർക്കാർ കമ്മിറ്റ്മെന്റ് ചാർജ്ജ് കൊടുക്കണമെന്ന് എ.ഡി.ബി.-യുമായി ഏർപ്പെട്ട വായ്പ കരാർ വ്യവസ്ഥ ചെയ്യുന്നു. കാലാകാലങ്ങളിൽ പിൻവലിച്ച തുക കുറവു ചെയ്തുള്ള വായ്പ തുകയ്ക്ക് മേൽ പ്രതിവർഷം 0.75 ശതമാനം നിരക്കിലാണ് കമ്മിറ്റ്മെന്റ് ചാർജ്ജ് നിശ്ചയിച്ചിട്ടുള്ളത്. വായ്പയുടെ ഏതെങ്കിലും ഭാഗം റദ്ദാക്കുന്ന അവസരത്തിൽ ഓരോ വർഷവും വായ്പ തുകയിൽ കമ്മിറ്റ്മെന്റ് ചാർജ്ജ് ആകർഷിക്കുന്ന ഭാഗവും ആനുപാതികമായി കുറയ്ക്കേണ്ടി വരും. നിഷ്കർഷിച്ച സമയത്തിനകം പദ്ധതികളുടെ പൂർത്തീകരണം ഉറപ്പ് വരുത്തുന്നതിലുള്ള കേരള സർക്കാരിന്റെ പരാജയം $8.37 ദശലക്ഷം (₹43.67 കോടി) കമ്മിറ്റ്മെന്റ് ചാർജ്ജ് എ.ഡി.ബി.-യ്ക്ക് അടയ്ക്കുന്നതിലേക്ക് (2016 ഡിസംബർ) നയിച്ചതായി ഞങ്ങൾ നിരീക്ഷിച്ചു.

എഡിബിയ്ക്ക് അടയ്ക്കേണ്ടിവരുന്ന കമ്മിറ്റ്മെന്റ് ചാർജ്ജ് കുറയ്ക്കുന്നതിനു വേണ്ടി വായ്പ തുകയുടെ റദ്ദാക്കലിന് വായ്പ കരാർ വ്യവസ്ഥ ചെയ്യുന്നു. കമ്മിറ്റ്മെന്റ് ചാർജ്ജ് വർദ്ധിക്കുന്നതിന്റെ പശ്ചാത്തലത്തിൽ നടപ്പാക്കാനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണം തദ്ദേശഭരണ അടിസ്ഥാന സൗകര്യ വികസനം ഘടകവും അതുമായി ബന്ധപ്പെട്ട $15 ദശലക്ഷം വായ്പ ഭാഗവും റദ്ദാക്കുന്നതിന് എ.ഡി.ബി. നൽകിയ ഉപദേശം (ഏപ്രിൽ 2011) കേരള സർക്കാർ പ്രാവർത്തികമാക്കിയത് 2013 ആഗസ്റ്റിൽ മാത്രമാണെന്ന് ഞങ്ങൾ നിരീക്ഷിച്ചു. കൂടാതെ പദ്ധതി നിർവ്വഹണത്തിലെ അതിയായ കാലതാമസം കൊണ്ട് വായ്പ ഭാഗികമായി റദ്ദാക്കുന്നതും വെട്ടി ചുരുക്കുന്നതും ഗൗരവമായി പരിഗണിക്കുന്നതിന് എ.ഡി.ബി. കേരള സർക്കാരിനെ ഉപദേശിച്ചു (2012 മാർച്ച്). എഡിബി നേരത്തെ തന്നെ വായ്പ കാലാവധി തീരുന്ന തീയതിയിൽ പൂർത്തീകരിക്കാൻ സാധ്യമല്ലാത്ത പ്രവൃത്തികളുടെ ലോൺ മിച്ചം $16.3 ദശലക്ഷം (2013 സെപ്റ്റംബർ), $35 ദശലക്ഷം (2015 മേയ്), $45 ദശലക്ഷം (2016 ജനുവരി) എന്നിങ്ങനെ നിർണ്ണയിക്കുകയും ഓരോ അവസരത്തിലും ഭാഗീകമായി വായ്പ റദ്ദാക്കുന്നത് കേരള സർക്കാർ ഗൗരവമായി പരിഗണിക്കണമെന്ന് ഉപദേശിക്കുകയും ചെയ്തു. എ.ഡി.ബി.-യുടെ ഉപദേശം സ്വീകരിക്കാതെ കേരള സർക്കാർ എടുത്ത ഔചിത്യമില്ലാത്ത തീരുമാനം $4.13 ദശലക്ഷം ഒഴിവാക്കാനാകുമായിരുന്ന കമ്മിറ്റ്മെന്റ് ചാർജ്ജ് നൽകുന്നതിനിടയാക്കി.

### 3.1.14.3 പദ്ധതികൾക്ക് വിഹിതം നൽകുന്നതിൽ തദ്ദേശസ്ഥാപനങ്ങളുടെ പരാജയം

കേരള സർക്കാർ സംസ്ഥാന വിഹിതമായി നൽകുകയും പദ്ധതിയ്ക്ക് വേണ്ടി വിനിയോഗിക്കുകയും ചെയ്ത ₹138.48 കോടിയിൽ, പദ്ധതിയ്ക്ക് വേണ്ടി കോർപ്പറേഷനിൽ നിന്ന് അവരുടെ വിഹിതമായി ഈടാക്കേണ്ട ₹50.67[35] കോടിയും ഉൾപ്പെടുന്നു. എന്നാൽ അഞ്ചു കോർപ്പറേഷനുകളിൽ ഒന്നും തന്നെ അവരുടെ വിഹിതം പദ്ധതിക്കു വേണ്ടി നൽകിയിട്ടില്ല എന്ന് ഞങ്ങൾ നിരീക്ഷിച്ചു.

---

35 കേരള സർക്കാർ ചെലവഴിച്ച ₹138.20 കോടി 11:19 എന്ന അനുപാതത്തിൽ വിഭജിച്ചു.

കോർപ്പറേഷനുകൾ ഫണ്ടുകളുടെ കുറവ് കാരണം അവരുടെ വിഹിതം നൽകിയിട്ടില്ലെന്നും കോർപ്പറേഷനുകൾക്ക് ഭാവിയിൽ സർക്കാർ കൈമാറ്റം ചെയ്യുന്ന ഫണ്ടിൽ നിന്ന് തവണകളായി തുക തിരിച്ച് പിടിക്കുമെന്നും സർക്കാർ മറുപടി നൽകി. (2017 മാർച്ച്).

ശിപാർശ 3: തദ്ദേശവിഹിതം ആവശ്യമായി വരുന്ന പദ്ധതികളുടെ കാര്യത്തിൽ ചെലവിന് വേണ്ടി ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾക്ക് ആവശ്യമായ ധനവിഭവങ്ങൾ ഉണ്ടെന്നും മുൻകൂറായി ഫണ്ടുകൾ മാറ്റി വച്ചിട്ടുണ്ടെന്നും ഉറപ്പ് വരുത്തണം.

### 3.1.14.4 വിവിധ ഏജൻസികളിൽ നില നിൽക്കുന്ന വിനിയോഗിക്കാത്ത തുകകൾ

കെ.എസ്.യു.ഡി.പി.-യുടെ നിർവ്വഹണത്തിന് വേണ്ടി നടപ്പാക്കുന്ന സ്ഥാപന ക്രമീകരണങ്ങളുടെ ഭാഗമായി നിലവിലുള്ള സ്വീവേജ്/ജലവിതരണത്തിന്റെ പുനസ്ഥാപനം കേരള ജല അതോറിറ്റിയെ ഏല്പിക്കാൻ കേരള സർക്കാർ തീരുമാനിച്ചു (2005 മേയ്). ജലവിതരണവും സ്വീവേജ് പദ്ധതികളും നടപ്പാക്കുന്നതിന് വേണ്ടി നിർവ്വഹണ ഏജൻസികളായ മുനിസിപ്പൽ കോർപ്പറേഷനുകൾ ഫണ്ട് കേരള ജല അതോറിറ്റിയിൽ നിക്ഷേപിച്ചു. റോഡ് മുറിക്കുന്നതിനുള്ള അനുവാദം ലഭ്യമാക്കുന്നതിനു വേണ്ടി തുകകൾ പി.ഡബ്ള്യു.ഡി.-യിലും നിക്ഷേപിക്കുകയുണ്ടായി. കേരള ജല അതോറിറ്റിയിൽ/ പി.ഡബ്ള്യു.ഡി.-യിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകകളുടെ വിശദാംശങ്ങൾ താഴെ കാണിക്കുന്നു.

പട്ടിക 3.7: കെ.ഡബ്ള്യു.എ./പി.ഡബ്ള്യു.ഡി.-യിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകകൾ

(കോടിയിൽ)

| കോർപ്പറേഷൻ | കെ.ഡബ്ള്യു.എ.-യിൽ വിനിയോഗിക്കാത്ത തുക | പി.ഡബ്ള്യു.ഡി.-യിൽ വിനിയോഗിക്കാത്ത തുകകൾ |
|---|---|---|
| തിരുവനന്തപുരം | 0.35 | 0.75 |
| കൊല്ലം | 0.01 | 6.57 |
| കൊച്ചി | 0.23 | 10.00 |
| തൃശ്ശൂർ | 0.46 | 0 |
| കോഴിക്കോട് | 0.91 | 0 |
| ആകെ | 1.96 | 17.32 |

14 സ്വീവേജ് പ്രവൃത്തികളും 10 ജലവിതരണ പ്രവൃത്തികളും നിർവ്വഹിക്കുന്നതിന് വേണ്ടി അഞ്ച് കോർപ്പറേഷനുകൾ നിക്ഷേപിച്ച ഫണ്ടുകളിൽ പദ്ധതി അവസാനിപ്പിക്കുന്ന സമയത്ത് ₹1.96 കോടി കെ.ഡബ്ള്യൂ.എ.-യിൽ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ടെന്നും അവ തിരികെ ലഭ്യമാക്കുന്നതിൽ കോർപ്പറേഷനുകൾ പരാജയപ്പെട്ടു എന്നും ഞങ്ങൾ നിരീക്ഷിച്ചു. അതുപോലെ, ഇടയ്ക്കുവച്ച് നിർത്തിയതോ/അവസാനിപ്പിച്ചതോ ആയ പദ്ധതികളുമായി ബന്ധപ്പെട്ട റോഡ് മുറിയ്ക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിന് പി.ഡബ്ള്യൂ.ഡി.-യിൽ നിക്ഷേപിച്ച തുകയായ ₹17.32 കോടി കോർപ്പറേഷനുകൾക്ക് തിരികെ നൽകാതെ പി.ഡബ്ള്യൂ.ഡി. ഇപ്പോഴും കൈവശം വച്ചിരിക്കുന്നു. വിവിധ ഏജൻസികളിൽ നിന്ന് വിനിയോഗിക്കാത്ത തുക തിരിച്ചു പിടിക്കുന്നതിന് കോർപ്പറേഷനുകൾ നടപടികളൊന്നും എടുത്തിട്ടില്ലെന്നു കണ്ടു.

### 3.1.14.5 മൊബിലൈസേഷൻ അഡ്വാൻസും പലിശയും തിരിച്ചു പിടിക്കാതിരിക്കൽ

കരാറുകാർക്കുള്ള അനർഹമായ ആനുകൂല്യം ഒഴിവാക്കുന്നതിന് മൊബിലൈസേഷൻ അഡ്വാൻസ് പലിശയോട് കൂടിയതായിരിക്കണമെന്നും അവയുടെ തിരിച്ചു പിടിക്കൽ, പ്രവൃത്തിയുടെ പുരോഗതിയുമായി ബന്ധപ്പെടുത്താതെ സമയബന്ധിതമായിരിക്കണമെന്നും സെൻട്രൽ വിജിലൻസ് കമ്മീഷൻ മാർഗ്ഗരേഖ (2007 ഏപ്രിൽ) നിഷ്കർഷിക്കുന്നു. മൊബിലൈസേഷൻ അഡ്വാൻസ് പ്രത്യേക കാര്യങ്ങളിൽ മാത്രമേ അനുവദിക്കാൻ പാടുള്ളൂവെന്നും അവ 10 ശതമാനം പലിശ വഹിക്കേണ്ടതാണെന്നും സി.പി.ഡബ്ള്യൂ.ഡി. മാനുവലും അനുശാസിക്കുന്നു. കരാറുകാരന്റെ തുക പ്രവൃത്തി ബില്ലിൽ ലഭ്യമല്ലെങ്കിൽ കരാറുകാരൻ നിക്ഷേപിച്ച ബാങ്ക് ഗ്യാരന്റി പണമാക്കി മാറ്റേണ്ടതാണ്.

കെ.എസ്.യു.ഡി.പി.-യുടെ കീഴിൽ എടുത്ത എല്ലാ മരാമത്ത് പ്രവൃത്തിയുടെയും കാര്യത്തിൽ, നിർവ്വഹണ ഏജൻസികൾ മൊബിലൈസേഷൻ അഡ്വാൻസ് (കരാർ തുകയുടെ 10 ശതമാനം) കരാറുകാരന്, അവൻ നിക്ഷേപിക്കുന്ന തുല്യ തുകയ്ക്കുള്ള ബാങ്ക് ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ നൽകുന്നു. അഡ്വാൻസിന്റെ തിരിച്ചു പിടിക്കൽ 10 തുല്യ ഗഡുക്കളായി സമർപ്പിക്കുന്ന പ്രവൃത്തി ബില്ലിൽ നിന്ന് നടത്തണമെന്നു അനുശാസിക്കുന്നതല്ലാതെ മുൻകൂറുകളിൻമേൽ പലിശ വസൂലാക്കുന്നതിന് കരാറുകളിൽ വിഭാവനം ചെയ്യുന്നില്ല. അതുകൊണ്ട് കോർപ്പറേഷനുകൾ കരാറുകാരന് നൽകിയ മൊബിലൈസേഷൻ അഡ്വാൻസിൽ നിന്ന് പലിശയൊന്നും വസൂലാക്കുന്നില്ല. കൂടാതെ ഇടയ്ക്കുവച്ച് നിർത്തിയതോ/ തുടരുന്നതോ ആയ പ്രവൃത്തികളുടെ കാര്യത്തിൽ ക്രമീകരിക്കാത്ത മൊബിലൈസേഷൻ അഡ്വാൻസുകൾ

തിരികെ ഈടാക്കുന്നതിന് ബാങ്ക് ഗ്യാരന്റി പണമാക്കിയിട്ടുമില്ല. ഇടയ്ക്കുവച്ച് നിർത്തിയ എട്ടും തുടരുന്ന ആറും പ്രവൃത്തികളിൽ ഇപ്പോഴും ക്രമീകരിക്കാത്ത മൊബിലൈസേഷൻ അഡ്വാൻസ് ₹19.46 കോടിയുണ്ട്. ഇതിൻമേൽ കിട്ടേണ്ട പലിശ ₹6.22[36] കോടിയും ആണെന്ന് അനുബന്ധം XVIII-ൽ കാണിച്ചിരിക്കുന്നത് പോലെ കണക്കാക്കുന്നു. ചില സന്ദർഭങ്ങളിൽ ബാങ്ക് ഗ്യാരന്റി കണ്ടുകെട്ടിക്കൊണ്ട് മൊബിലൈസേഷൻ അഡ്വാൻസ് തിരിച്ചു പിടിക്കുന്നതിനെ കോടതി തടഞ്ഞിട്ടുണ്ടെന്ന് പ്രോജക്റ്റ് ഡയറക്ടർ (കെ.എസ്.യു.ഡി.പി.) മറുപടി നൽകി. കൂടാതെ ക്രമീകരിക്കാത്ത എല്ലാ മൊബിലൈസേഷൻ അഡ്വാൻസുകളും ബാങ്ക് ഗ്യാരന്റിയിൽ നിന്നോ ക്രമീകരിച്ചോ കരാറുകാരന് ഭാവിയിൽ അവരുടെ ബില്ലുകൾ തീർപ്പാക്കുമ്പോൾ കൊടുക്കുന്ന പണത്തിൽ നിന്നോ തിരികെ ഈടാക്കുമെന്നും പ്രസ്താവിച്ചു.

## അനുബന്ധം XVIII

## മൊബിലൈസേഷൻ അഡ്വാൻസിന്റെയും അഴുക്കുചാൽ പദ്ധതികളിൽ തിരിച്ചു പിടിക്കാൻ ശേഷിക്കുന്ന പലിശയുടെയും വിശദാംശങ്ങൾ

(₹ കോടിയിൽ)

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിശദാംശങ്ങൾ | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ തീയതി | ആകെ നൽകിയ മൊബിലൈസേഷൻ അഡ്വാൻസ് | ശേഷിക്കുന്ന മൊബിലൈസേഷൻ അഡ്വാൻസ് | കിട്ടാനുള്ള പലിശ (ഡിസംബർ 2016 വരെ) |
|---|---|---|---|---|---|
| 1 | KLM-SS-01 കൊല്ലം, അഴുക്കുചാൽ* | 25-7-2012 | 1.15 | 0.21 | 0.09 |
| 2 | KLM-SS-02 കൊല്ലം, അഴുക്കുചാൽ | 25-7-2012 | 1.70 | 0.44 | 0.20 |
| 3 | KCH-SS-02 കൊച്ചി, അഴുക്കുചാൽ | 31-1-2014 | 5.32 | 3.73 | 1.14 |

36 സി.പി.ഡബ്ല്യു.ഡി. മാനവൽ പ്രകാരം 10 ശതമാനമായി കണക്കുകൂട്ടിയത്

* നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ

| | | | | | |
|---|---|---|---|---|---|
| 4 | KCH-SS-02A<br>കൊച്ചി,<br>അഴുക്കുചാൽ | 31-1-2014 | 1.35 | 1.21 | 0.36 |
| 5 | TVM-SS-01<br>തിരുവനന്തപുരം,<br>അഴുക്കുചാൽ | 7-9-2013 | 0.96 | 0.58 | 0.19 |
| 6 | TVM-SS-02<br>തിരുവനന്തപുരം,<br>അഴുക്കുചാൽ | 7-9-2013 | 4.70 | 2.82 | 0.94 |
| 7 | KCH-SS-03<br>കൊച്ചി,<br>അഴുക്കുചാൽ | 31-1-2014 | 5.80 | 4.06 | 1.22 |
| 8 | KCH-SS-03A<br>കൊച്ചി,<br>അഴുക്കുചാൽ | 27-12-2014 | 2.27 | 1.35 | 0.28 |
| 9 | KZD-SS-02A<br>കോഴിക്കോട്,<br>അഴുക്കുചാൽ | 4-4-2012 | 3.20 | 2.07 | 0.98 |
| 10 | KZD-SS-02B<br>കോഴിക്കോട്,<br>അഴുക്കുചാൽ | 4-4-2012 | 2.43 | 0.73 | 0.35 |
| 11 | KZD-SS-03B<br>കോഴിക്കോട്,<br>അഴുക്കുചാൽ | 13-5-2015 | 2.51 | 2.01 | 0.33 |
| 12 | KCH-WS-01<br>കൊച്ചി,<br>ജലവിതരണം | 31-5-2011 | 1.41 | 0.25 | 0.14 |
| | ആകെ | | 32.80 | 19.46 | 6.22 |

### 3.1.15 മേൽ നിരീക്ഷണം

#### 3.1.15.1 കമ്മിറ്റികളുടെ പ്രവർത്തനം

പുരോഗതി വിശകലനവും പദ്ധതി നിർവ്വഹണവും ഉൾപ്പെടെയുള്ള പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ത്വരിത തീരുമാനം സാധ്യമാക്കേണ്ടത് രൂപീകരിച്ചിട്ടുള്ള എംപവേഡ് കമ്മിറ്റി (ഇ.സി.) ആയിരുന്നു. പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന് ശരിയായ തീരുമാനം എടുക്കുന്നതും പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി മേൽനോട്ടവും വിശകലനവും നടത്തുക എന്നതും ഇ.സി.-യുടെ ഉത്തരവാദിത്തമാണ്. പദ്ധതിയുടെ വലിപ്പവും ഉൾപ്പെട്ട തുകയും പരിഗണിക്കുമ്പോൾ നിഷ്കർഷിച്ച സമയത്ത് മിതവ്യയത്തോടെ വിവേകപൂർണ്ണമായി പദ്ധതികൾ നടപ്പിലാക്കിയെന്ന് ഉറപ്പുവരുത്താൻ ഉചിതമായ മേൽനോട്ടം ആവശ്യമാണ്. പാക്കേജ് നടപ്പാക്കുന്നതിന് വേണ്ടി നൽകുന്ന ദീർഘിപ്പിക്കലുകളുടെ എണ്ണം, പദ്ധതി മാനേജ്മെന്റ് കാര്യക്ഷമതയുടെ ഒരു ഏകകമാണ്. പദ്ധതികളുടെ നിർവ്വഹണത്തിന് തടസ്സമുള്ള അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഫലവത്തായ നിർദ്ദേശം നൽകാതെ പതിവായി ഇ.സി. സമയം നീട്ടി നൽകുന്നു എന്ന് ഞങ്ങൾ ശ്രദ്ധിച്ചു. ആകെയുള്ള 74 പാക്കേജുകളിൽ ഇ.സി. 43 പാക്കേജുകളിൽ ദീർഘിപ്പിക്കലുകൾ നൽകിയത് പദ്ധതി മാനേജ്മെന്റിന്റെ അപര്യാപ്തതയെ സൂചിപ്പിക്കുന്നു. കൊല്ലം ചിന്നക്കട പ്രവൃത്തി പൂർത്തിയാക്കുന്നതിന് വേണ്ടി 12 തവണ സമയം നീട്ടി അനുവദിച്ചിട്ടുണ്ടെന്ന് ഞങ്ങൾ ശ്രദ്ധിച്ചു.

പദ്ധതിയുടെ പുരോഗതി വിശകലനം ചെയ്യുക, പ്രാദേശിക പ്രശ്നങ്ങൾ പരിഹരിക്കുക, നയകാര്യങ്ങളിൽ മാർഗ്ഗ നിർദ്ദേശം നൽകുക എന്നിവയാണ് സിറ്റി ലെവൽ സ്റ്റിയറിംഗ് കമ്മിറ്റി (എസ്.സി.)-യുടെ ഉത്തരവാദിത്തം. വലിയ തുകകൾ ഉൾപ്പെട്ട പല പ്രവൃത്തികളും പൊതുജന പ്രതിഷേധവും പ്രാദേശിക പ്രശ്നങ്ങളുംമൂലം തടസ്സപ്പെടുകയും തത്ഫലമായി ചെലവ് നിഷ്ഫലമാവുകയും ചെയ്തെങ്കിലും എസ്.സി. ഫലപ്രദമായി പ്രവൃത്തിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ കോർപ്പറേഷനുകൾക്ക് മിനിറ്റ്സ് ബുക്ക് ഉൾപ്പെടെ യാതൊരു രേഖകളും ഇല്ലായിരുന്നു.

#### 3.1.15.2 പ്രോജക്റ്റ് പെർഫോമൻസ് മോണിറ്ററിംഗ് സിസ്റ്റം (പി.പി.എം.എസ്.) കൺസൾട്ടന്റ്സ്

പ്രോജക്റ്റിന്റെ നിർവ്വഹണ നിറവേറ്റലിന്റെ മേൽനോട്ടത്തിനും മൂല്യ നിർണ്ണയത്തിനും, മാനേജ്മെന്റ് വിവരം മെച്ചപ്പെടുത്തുന്നതിനും, നിർണ്ണയിക്കുന്നതിനും പ്രോജക്റ്റിന്റെ സ്വാധീനം

കണക്കുകൂട്ടുവാനും ആവശ്യമായ മോണിറ്ററിംഗ് ഇവാല്യൂഷൻ സിസ്റ്റം പി.പി.എം.എസ്., പി.എം.യു.-വിൽ സ്ഥാപിക്കാമെന്ന് വിഭാവനം ചെയ്തിരുന്നു. പദ്ധതിയുടെ പ്രയോജനങ്ങൾ ഒന്നാം ഘട്ടം, മധ്യഘട്ടം, അവസാനഘട്ടം എന്നീ അവസരങ്ങളിൽ വിലയിരുത്തുന്ന ഒരു തദ്ദേശ സ്ഥാപനം/വ്യക്തിഗത കൺസൾട്ടന്റ് പി.പി.എം.എസ്സ്.-ന്റെ കീഴിലുള്ള പ്രവർത്തികൾ ഏറ്റെടുക്കേണ്ടതായിരുന്നു. തദ്ദേശസ്വയംഭരണ വകുപ്പ്, പി.പി.എം.എസ്സ്.-ന്റെ കീഴിൽ ഒരു ബേസ്‌ലൈൻ സർവ്വേ ടെക്നിക്കൽ സപ്പോർട്ട് യൂണിറ്റ് (റ്റി.എസ്.യു.) വഴി ഏറ്റെടുത്തു. ഇവർ 2009 ൽ സർവ്വേ നടത്തുന്നതിന് 'ഇന്റർവെൻഷൻസ് ' എന്ന ഒരു സ്വതന്ത്ര കൺസൾട്ടന്റിനെ ഏർപ്പാട് ചെയ്തു. മദ്ധ്യഘട്ടത്തിന്റെയും അവസാനഘട്ടത്തിന്റേയും വിശകലനം 2015 മേയിൽ അതായത്, പദ്ധതിയുടെ അവസാനത്തിൽ, റ്റി.എസ്.യു.-വിന് നൽകി, പി.പി.എം.എസ്സ്-ന്റെ മദ്ധ്യഘട്ട അപഗ്രഥന റിപ്പോർട്ട് 2016 മേയിൽ പദ്ധതി അവസാനിപ്പിക്കലിന് ഒരു മാസം മുമ്പേ, മാത്രമേ സമർപ്പിച്ചിട്ടുള്ളൂവെന്ന് ഞങ്ങൾ ശ്രദ്ധിച്ചു. അവസാന സർവ്വേ 2016 ഡിസംബറിൽ അവസാനിക്കുകയും റിപ്പോർട്ട് 2017 ഫെബ്രുവരിയിൽ പി.എം.യു.-വിന് സമർപ്പിക്കുകയും ചെയ്തു.

### 3.1.15.3 നിർണ്ണായകമായ സ്റ്റാഫിന്റെ നിരന്തരമുള്ള മാറ്റം

പി.എം.യു.-വിനെ ഒരു മുഴുവൻ സമയം പ്രോജക്റ്റ് ഡയറക്ടർ നയിക്കണമെന്ന് പി.എ.എം. വ്യവസ്ഥ ചെയ്യുന്നു. പദ്ധതി നിയന്ത്രണത്തിന് പി.എം.യു.-വിന്റെ സ്റ്റാഫിൽ സീനിയർ തലത്തിലുള്ള സാങ്കേതിക സാമ്പത്തിക സാമൂഹ്യ കാര്യക്ഷമതാ പരിപോഷണം, ഭരണ നിർവ്വഹണം, സമ്പാദനം എന്നീ മേഖലകളിലുള്ള ഉദ്യോഗസ്ഥർ ഉണ്ടായിരിക്കണം. പി.എം.യു.-വിലും പി.ഐ.യു.-വിലും ജോലിക്കായി എടുത്ത ജീവനക്കാർ ശരാശരി 5 കൊല്ലത്തോളം ജോലി ചെയ്യണമെന്ന് പ്രതീക്ഷിച്ചിരുന്നു.

മുഴുവൻ വായ്പാ കാലാവധിയായ ഒൻപത് വർഷത്തിനിടയിൽ പി.ഡി.-യെ 11 തവണ മാറ്റിയിട്ടുണ്ടെന്നും മുഴുവൻ സമയ പി.ഡി.-യെ നിയമിക്കണമെന്ന പി.എ.എം.-ലെ വ്യവസ്ഥയെ ലംഘിച്ച് കൊണ്ട് മറ്റുള്ള വകുപ്പിലെ ഓഫീസർമാർക്ക് നാല് തവണ പി.ഡി.-യുടെ അധിക ചാർജ്ജ് നൽകിയിട്ടുണ്ട് എന്നും ഞങ്ങൾ നിരീക്ഷിച്ചു. പി.ഐ.യു.-വിനെ നയിക്കുന്ന പ്രോജക്റ്റ് മാനേജർമാരെയും പി.എം.യു.-വിന്റേയും പി.ഐ.യു.-വിന്റെയും നിർണ്ണായക സ്റ്റാഫുകളെയും അനുബന്ധം XIX-ൽ കാണിച്ചിരിക്കുന്നത് പോലെ മുറയ്ക്ക് മാറ്റിയിരുന്നു. പി.എം.യു.-വിന്റെയും പി.ഐ.യു.-വിന്റെയും സ്റ്റാഫുകളുടെ മാറ്റം തുടർച്ച ഇല്ലാതാക്കുന്നതിന്

കാരണമാകുകയും അത് പദ്ധതിയുടെ നിർവ്വഹണത്തെ ബാധിക്കുകയും ചെയ്യുന്നു. മുഴുവൻ സമയ പി.ഡി.-യുടെ അഭാവവും മറ്റുള്ള നിർണ്ണായകമായ സ്റ്റാഫുകളുടെ ഒഴിവുകളും മൂലം പദ്ധതി നിർവ്വഹണത്തിലുണ്ടായ പ്രതികൂല ഫലങ്ങൾ എ.ഡി.ബി.-യും ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

**അനുബന്ധം XIX**

യൂണിറ്റുകളിലെ ജീവനക്കാരുടെ സ്ഥിതി വിവരം

| യൂണിറ്റിന്റെ പേര് | തസ്തിക | വരുത്തിയ മാറ്റങ്ങളുടെ എണ്ണം | അഭിപ്രായം |
|---|---|---|---|
| പി.എം.യു., തിരുവനന്തപുരം | പ്രോജക്റ്റ് ഡയറക്ടർ | 11 | മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് നാലു തവണ അധിക ചുമതല നൽകിയിരുന്നു. |
| | ഡെപ്യൂട്ടി പ്രൊജക്റ്റ് ഡയറക്ടർ (ഇൻഫ്ര) | 1 | |
| | ഡെപ്യൂട്ടി പ്രൊജക്റ്റ് ഡയറക്ടർ(ഫൈനാൻസ്) | 5 | |
| | കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഓഫീസർ | 6 | |
| പി.ഐ.യു., തിരുവനന്തപുരം | പി.എം. | 9 | മറ്റ് ഉദ്യോഗസ്ഥർക്ക് മൂന്നു തവണ അധിക ചുമതല നൽകിയിരുന്നു. |
| | ടെക്നിക്കൽ ഓഫീസർ (പ്രൊക്യൂർമെന്റ്) | 1 | |
| | ടെക്നിക്കൽ ഓഫീസർ (ഡബ്ല്യൂ.എസ്. & എസ്.) | - | |
| | ടെക്നിക്കൽ ഓഫീസർ (ഇ) | 5 | |
| | സോഷ്യൽ ഡെവലപ്മെന്റ് ഓഫീസർ (എസ്.ഡി.ഒ.) | 2 | |

| | | | |
|---|---|---|---|
| പി.ഐ.യു.,കൊല്ലം | പ്രോജക്ട് മാനേജർ | 5 | |
| | ടെക്നിക്കൽ ഓഫീസർ (പ്രൊക്യൂർമെന്റ്) | 2 | |
| | ടെക്നിക്കൽ ഓഫീസർ (ഡബ്ല്യൂ.എസ്. & എസ്.) | 4 | |
| | ടെക്നിക്കൽ ഓഫീസർ(ഇ) | 2 | |
| | സോഷ്യൽ ഡെവലപ്മെന്റ് ഓഫീസർ (എസ്.ഡി.ഒ.) | 2 | |
| പി.ഐ.യു, കൊച്ചി | പി.എം. | 7 | |
| | ടെക്നിക്കൽ ഓഫീസർ | 4 | |
| | ടെക്നിക്കൽ ഓഫീസർ (പ്രൊക്യൂർമെന്റ്) | 5 | 2014 ഡിസംബർ 8 മുതൽ ഒഴിവായിക്കിടക്കുന്നു |
| | ടെക്നിക്കൽ ഓഫീസർ (ഡബ്ല്യൂ.എസ്. & എസ്.) | 1 | അധിക ചുമതല ഒരു തവണ നൽകിയിരുന്നു |
| | സോഷ്യൽ ഡെവലപ്മെന്റ് ഓഫീസർ (എസ്.ഡി.ഒ.) | 5 | അധിക ചുമതല ഒരു തവണ നൽകി |
| പി.ഐ.യു., തൃശ്ശൂർ | പി.എം. | 3 | |
| | ടെക്നിക്കൽ ഓഫീസർ (എൻവയോൺമെന്റ്) | 3 | |
| | ടെക്നിക്കൽ ഓഫീസർ (പ്രൊക്യൂർമെന്റ്) | - | |
| | ടെക്നിക്കൽ ഓഫീസർ (ഡബ്ല്യൂ.എസ്. & എസ്.) | 3 | |

| | | | |
|---|---|---|---|
| | സോഷ്യൽ ഡെവലപ്മെന്റ് ഓഫീസർ (എസ്.ഡി.ഒ.) | 4 | |
| പി.ഐ.യു., കോഴിക്കോട് | പി.എം. | 8 | അധിക ചുമതല മൂന്നു തവണ നൽകിയിരുന്നു |
| | ടെക്നിക്കൽ ഓഫീസർ(ഇ) | 4 | 2015 ജനുവരി 7 മുതൽ 2015 ഒക്ടോബർ 19 വരെ ഒഴിവായിക്കിടന്നു. |
| | ടെക്നിക്കൽ ഓഫീസർ (പ്രൊക്യൂർമെന്റ്) | 5 | |
| | ടെക്നിക്കൽ ഓഫീസർ (ഡബ്ല്യൂ.എസ് .& എസ്.) | 6 | |
| | സോഷ്യൽ ഡെവലപ്മെന്റ് ഓഫീസർ (എസ്.ഡി.ഒ.) | 3 | |

### 3.1.16 സംഗ്രഹം

ലോൺ തുക വിനിയോഗിച്ചുള്ള പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും പല വീഴ്ചകളും ഉണ്ടായിരുന്നു. പദ്ധതിയുടെ കാലാവധി ആദ്യം നിശ്ചയിച്ച അഞ്ചു വർഷത്തിൽ നിന്ന് ഒൻപത് വർഷത്തിലേയ്ക്ക് ദീർഘിപ്പിച്ചെങ്കിലും വ്യവസ്ഥ ചെയ്യപ്പെട്ട ലോൺ തുക $221.20 ദശലക്ഷത്തിൽ കോർപ്പറേഷന് $113 ദശലക്ഷം മാത്രമെ വിനിയോഗിക്കാൻ സാധിച്ചുള്ളൂ. ഇത് അനുവദിക്കപ്പെട്ട ലോൺ തുകയുടെ 51.48 ശതമാനം മാത്രമായിരുന്നു. ലോൺ തുക വിനിയോഗിക്കുന്നതിന് നിശ്ചയിച്ച അളവുകോൽ നിറവേറാത്തതുകൊണ്ട് ₹43.68 കോടി കമ്മിറ്റ്മെന്റ് ചാർജ്ജായി അടക്കേണ്ടി വന്നു. നിഷ്കർഷിച്ച സമയത്തിനുള്ളിൽ നടപ്പിലാക്കാൻ സാധിക്കാത്ത പദ്ധതികളുമായി ബന്ധപ്പെട്ട ലോൺ ഭാഗം റദ്ദാക്കുന്നതിൽ സർക്കാരിന്റെ ഭാഗത്ത് വീഴ്ചയുണ്ടായിരുന്നു. അത് ഒഴിവാക്കാമായിരുന്ന കമ്മിറ്റ്മെന്റ് ചാർജ്ജ് അടക്കുന്നതിലേക്ക് നയിച്ചു. കെ.എൽ.ജി.ഡി.എഫ്. ഫലപ്രദമാക്കുന്നതിലെ പരാജയം മൂലം യു.എൽ.ബി.-കളുടെ പുരോഗതിയെ സഹായിക്കുന്നതിനും അടിസ്ഥാന സൗകര്യ പദ്ധതികളുടെ സാമ്പത്തിക സഹായത്തിനും വേണ്ടിയുള്ള പാർട്ട് സി-തദ്ദേശ ഭരണ അടിസ്ഥാന സൗകര്യ വികസനം എന്ന മുഴുവൻ ഘടകങ്ങളും റദ്ദാക്കി. നിലവിലുള്ള

സ്വീവേജിന്റെയും ജലവിതരണ സംവിധാനത്തിന്റെയും നിർമ്മാണം/ പുനഃസ്ഥാപിക്കലും ദീർഘിപ്പിക്കലും സ്റ്റോം വാട്ടർ ഡ്രെയ്നേജ്, ഖരമാലിന്യ സംസ്കരണം, റോഡിന്റെയും പാലങ്ങളുടേയും മെച്ചപ്പെടുത്തൽ മുതലായ പ്രവൃത്തികളിൽ അഞ്ച് കോർപ്പറേഷനുകൾ ആരംഭിച്ച് 24 പദ്ധതികളിൽ ഏഴ് എണ്ണം മാത്രമേ പൂർത്തീകരിച്ചുള്ളൂ. കൊച്ചി കോർപ്പറേഷന് ഇതുമായി ബന്ധപ്പെട്ട ഒരു പ്രോജക്റ്റു പോലും തീർക്കുവാൻ സാധിച്ചില്ല. നിർവ്വഹണത്തിന് വേണ്ടി ഏറ്റെടുത്ത 74 കരാർ പാക്കേജുകളിൽ 15 പാക്കേജുകൾ പൊതുജന പ്രതിഷേധം, പാരിസ്ഥിതിക പ്രശ്നങ്ങൾ, ഭൂമി ഏറ്റെടുക്കലിന്റെ കാലതാമസം, റോഡ് മുറിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിലുള്ള കാലതാമസം മുതലായവകൊണ്ട് ഇടയ്ക്കു വച്ച് നിർത്തി വയ്ക്കേണ്ടിവന്നു. കരാറുകാർക്ക് നൽകുന്ന മൊബിലൈസേഷൻ അഡ്വാൻസിന് കോർപ്പറേഷൻ പലിശ ഈടാക്കിയിരുന്നില്ല. ചെലവിന്റെ ഭൂരിഭാഗവും സ്വീവറേജ് പദ്ധതിയ്ക്ക് ഉദ്ദേശിച്ചെങ്കിലും സ്വീവറേജ് പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി വളരെ മന്ദഗതിയിലാകുകയും ഇതിൽ ഭൂരിഭാഗവും ഇടയ്ക്കുവച്ച് നിർത്തി വയ്ക്കേണ്ടി വരികയും ചെയ്തു. യഥാർത്ഥ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിനിയോഗിച്ച ₹573.09 കോടിയിൽ ₹86.77 കോടി നിഷ്ഫലമായി തീർന്നു. നിർവ്വഹണത്തിന്റെ ഭാഗമായി ഉണ്ടാക്കിയ ആസ്തികളുടെ ഗണ്യമായ ഭാഗം ജീർണ്ണതയ്ക്ക് വഴിവച്ചുകൊണ്ട് നിഷ്ക്രിയമായി കിടക്കുന്നു. കെ.എസ്.യു.ഡി.പി.-യിൽ നിന്നും ലഭിച്ച ധനസഹായവുമായി തട്ടിച്ചു നോക്കുമ്പോൾ കോർപ്പറേഷനുകളുടെ പ്രകടനം വളരെ പരിതാപകരമായിരുന്നു.

(2016 മാർച്ചിൽ അവസാനിച്ച വർഷത്തെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.

1) എ.ഡി.ബി.യിൽ നിന്നും വായ്പ എടുത്ത ഒരു പദ്ധതിയും പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലെന്നും ഒരു മുൻസിപ്പാലിറ്റിക്ക് വേണ്ടി എടുത്ത തുക പൂർണ്ണമായും ലാപ്സാവുകയും വേസ്റ്റ് മാനേജ്മെന്റ് പൂർണ്ണമായി ഉപേക്ഷിക്കേണ്ടതായി വന്നുവെന്നും എ.ഡി.ബി.യുടെ നോംസ് അനുസരിച്ച് പദ്ധതി നടപ്പിലാക്കാൻ സാധിക്കാതെ വരിക, ഇടയ്ക്ക് വച്ച് വായ്പ പൂർണ്ണമായി ഉപേക്ഷിക്കുക, കോൺട്രാക്ടർമാർ പ്രവൃത്തികൾ ഫലപ്രദമായി നടത്താതിരിക്കുക, പദ്ധതികളുടെ സൂപ്പർവിഷൻ ചുമതലകൾ നടത്താതിരിക്കുക എന്നിങ്ങനെ നിരവധി പാളിച്ചകളാണ് ഇതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ളതെന്നും ആമുഖമായി പറഞ്ഞ സമിതി വാട്ടർ അതോറിറ്റിയെ പ്രവൃത്തികൾ ചെയ്യാൻ ചുമതലപ്പെടുത്തിയിരുന്നെങ്കിലും അവർക്കും അത് ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചിട്ടില്ലെന്നും ഒരു പദ്ധതി നടപ്പാക്കേണ്ട

പ്രാവീണ്യമോ, പ്രാഗൽഭ്യമോ ഇതുമായി ബന്ധപ്പെട്ട വകുപ്പുകൾക്കില്ലെന്നാണ് വായ്പ ലാപ്സാവുന്നതിലൂടെ വെളിവാകുന്നതെന്നും ഇക്കാര്യത്തിൽ വാട്ടർ അതോറിറ്റിക്ക് എന്താണ് പറയാനുള്ളതെന്നും ആരാഞ്ഞു. വാട്ടർ അതോറിറ്റി ഏറ്റെടുത്ത പദ്ധതികളിൽ പ്രധാനപ്പെട്ടത് തിരുവനന്തപുരത്തെ മുട്ടത്തറയിൽ പ്രവർത്തിക്കുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവൃത്തിയായിരുന്നുവെന്നും ആയത് പൂർത്തീകരിച്ച് നല്ലരീതിയിൽ പ്രവർത്തിച്ച് വരികയാണെന്നും, 60 എം.എൽ.ഡി. വെള്ളമാണ് ടി പ്ലാന്റ് ട്രീറ്റ് ചെയ്യുന്നതെന്നും വാട്ടർ അതോറിറ്റി സമിതിയെ അറിയിച്ചു.

2) ഇതോടൊപ്പമുള്ള മറ്റ് പ്രവൃത്തികൾ ഉപേക്ഷിക്കേണ്ടതായി വന്നത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന്, പദ്ധതികൾക്കാവശ്യമായ ഭൂമി സമയബന്ധിതമായി ലഭിക്കാത്ത സാഹചര്യത്തിലാണ് അവ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാതെ വന്നതെന്നും പദ്ധതികളുടെ ഭാഗമായുള്ള പൈപ്പ്ലൈനുകൾ നഗരത്തിന്റെ പ്രധാന റോഡുകൾ കുഴിച്ചാണ് സ്ഥാപിക്കേണ്ടതെന്നും അതിനായി റോഡ് കുഴിക്കാൻ അനുമതി നൽകുന്നതിന് പി.ഡബ്ല്യൂ.ഡി.-യുടെ ഭാഗത്തുനിന്നും വലിയ കാലതാമസം വരുന്നുവെന്നും സ്വീവേജ് പമ്പ് ഹൗസിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുമ്പോൾ പൊതുജന പ്രക്ഷോഭങ്ങൾ ഉണ്ടാകാറുണ്ടെന്നും  വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

3) മുട്ടത്തറയിൽ മേൽ സൂചിപ്പിച്ച പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, 2008-ൽ ഏറ്റെടുത്ത സ്ഥലത്താണ് മുട്ടത്തറ സ്വീവേജ് പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളതെന്നും, അവിടെ മറ്റൊരു പ്ലാന്റ് പ്രവർത്തിച്ചിരുന്ന സ്ഥലമായിരുന്നുവെന്നും അതിനോടൊപ്പം 120 എം.എൽ.ഡി. ശേഷിയുള്ള പുതിയൊരു പ്ലാന്റാണ് നിർമ്മിച്ചതെന്നും സ്വീവേജ് പ്ലാന്റ് എന്നു പറയുമ്പോൾ പൊതുവേ ജനങ്ങൾക്കിടയിൽ എതിർപ്പ് ഉയരുന്ന സാഹചര്യമാണ് സംസ്ഥാനത്തുള്ളതെന്നും വാട്ടർ അതോറിറ്റി മറുപടി നൽകി.

4) അഞ്ച് കോർപ്പറേഷനുകളിലായി 102 പ്രോജക്ടുകൾക്കാണ് എ.ഡി.ബി. വായ്പ അനുവദിച്ചിരുന്നതെന്നും സ്റ്റേറ്റ് ഫണ്ടിൽ  നിന്നും പണം ചെലവഴിച്ച് പദ്ധതി നടപ്പിലാക്കുകയും പിന്നീട് എ.ഡി.ബി.ക്ക് സമർപ്പിച്ച് അതിനുള്ള റീ-ഇംബേഴ്സ്മെന്റ് നേടുകയായിരുന്നു ചെയ്ത് വന്നിരുന്നതെന്നും, എന്നാൽ എ.ഡി.ബി. അംഗീകരിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് വ്യവസ്ഥയുണ്ടായിരിക്കുകയും പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസം വരികയും ചെയ്തപ്പോഴാണ് അവർക്ക് കമ്മിറ്റ്മെന്റ് ചാർജ് നൽകേണ്ടതായി വന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

5) എ.ഡി.ബി. അനുവദിച്ച വായ്പ വേണ്ടെന്ന് വയ്ക്കുന്ന സാഹചര്യമുണ്ടായിരുന്നോയെന്ന് സമിതി ആരാഞ്ഞതിന്, മുനിസിപ്പാലിറ്റികളെ തെരഞ്ഞെടുക്കുന്നതിന് സബ്പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട മാനദണ്ഡം എങ്ങനെയാണെന്ന് ആരാഞ്ഞുകൊണ്ട് എ.ഡി.ബി. കത്ത് അയയ്ക്കുകയും അതുപ്രകാരം 38-ാം എംപവേർഡ് കമ്മിറ്റിയിൽ ഇക്കാര്യം ചർച്ച ചെയ്യുകയും 2013-ൽ പദ്ധതികൾ ഉപേക്ഷിക്കുകയാണുണ്ടായതെന്നും 102 പദ്ധതികളിൽ 89 എണ്ണം പൂർത്തിയാക്കിയിട്ടുണ്ടെന്നും അദ്ദേഹം സമിതിയെ അറിയിച്ചു. മുട്ടത്തറയിൽ 120 എം.എൽ.ഡി.യുടെ പ്ലാന്റാണ് ചെയ്തിരുന്നതെങ്കിലും നിലവിൽ 35 ശതമാനം മാത്രമേ പ്രവർത്തിക്കുന്നുള്ളുവെന്നും മറ്റ് സ്ഥലങ്ങളിലുള്ള സ്വീവേജ് കൂടി അവിടെ എത്തിക്കുന്നതിനുള്ള നെറ്റ്വർക്കിന്റെ ഭാഗമായി റോഡ് കുഴിക്കുന്ന പ്രവൃത്തികൾ ആരംഭിച്ചപ്പോൾ പൊതുജന പ്രക്ഷോഭങ്ങൾ ഉണ്ടാവുകയും, തുടർന്ന് എ.ഡി.ബി.യുടെ തന്നെ നിർദ്ദേശപ്രകാരം കൂടുതൽ മാൻഹോളുകൾ സ്ഥാപിച്ച് ഭൂമിക്കടിയിൽക്കൂടി ചെയ്യുന്ന നെറ്റ്വർക്ക് സ്ഥാപിക്കുന്ന പ്രവൃത്തിയുമായി മുന്നോട്ട് പോയപ്പോഴും പൊതുജനങ്ങളുടെ ഭാഗത്ത് നിന്ന് വലിയ എതിർപ്പ് ഉണ്ടായെന്നും, കൊച്ചിയിൽ മുട്ടത്തറയ്ക്ക് സമാനമായി സ്വീവേജ് പ്ലാന്റ് നടപ്പാക്കാൻ ശ്രമിച്ചപ്പോൾ തടസ്സങ്ങൾ വരികയും തുടർന്ന് മുണ്ടൻവേലിയിൽ സ്ഥലം കണ്ടെത്തി പ്രവൃത്തികൾ ആരംഭിച്ച അവസരത്തിൽ ഹരിത ട്രിബ്യൂണലിൽ കേസ് വരികയും അതേ തുടർന്ന് പദ്ധതി മുടങ്ങുകയും ചെയ്തെന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

6) കോഴിക്കോട് നെറ്റ്വർക്കിന്റെ ഭാഗമായുള്ള പ്രവർത്തികൾ ചെയ്തെങ്കിലും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചില്ലെന്നും പൊതുജനങ്ങളുടെ എതിർപ്പുമൂലം പദ്ധതികൾ മുന്നോട്ട് പോകാൻ കഴിയാത്ത സാഹചര്യത്തിൽ കമ്മിറ്റ്മെന്റ് ചാർജ് കൂടുമെന്നതിനാലാണ് പദ്ധതികൾ ഉപേക്ഷിക്കേണ്ടിവന്നതെന്നും കേന്ദ്രീകൃതമായ പദ്ധതികൾ പലതും വികേന്ദ്രീകൃതമായി നടപ്പാക്കാൻ ശ്രമിച്ചെങ്കിലും അവിടെയും പൊതുജനങ്ങളിൽ നിന്ന് എതിർപ്പുണ്ടായിയെന്നും കൊച്ചിയിൽ ബ്രഹ്മപുരത്തും വെല്ലിംഗ്ടൺ ഐലന്റിലും 100 കെ.എൽ.ഡി.യുടെ രണ്ട് പ്ലാന്റുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും പൊതുജനങ്ങൾ എതിർപ്പ് ഉന്നയിച്ചുകൊണ്ടിരിക്കുകയാണെന്നും മുനിസിപ്പാലിറ്റികളിൽ വിഭാവനം ചെയ്ത പദ്ധതികളിൽ പ്രവൃത്തികൾ ഒന്നുംതന്നെ ആരംഭിക്കാത്തതിനാൽ മുഴുവൻ പദ്ധതികളും ഉപേക്ഷിക്കുകയാണുണ്ടായതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

7) മുനിസിപ്പാലിറ്റികളിലെ മുഴവൻ പദ്ധതികളും ഉപേക്ഷിച്ചതിനുള്ള കാരണം സമിതി ആരാഞ്ഞതിന് കെ.യു.ആർ.ഡി.എഫ്.സി. മുഖേന എ.ഡി.ബി.യിൽ നിന്നും സഹായം നേടിയെടുക്കാനാണ് ആദ്യം തീരുമാനം എടുത്തിരുന്നതെന്നും എന്നാൽ എ.ഡി.ബി. അത് നിരസിക്കുകയും പ്രത്യേകം ഡി.പി.ആർ. സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും അതു സംബന്ധിച്ച് ക്വറി വരികയും തുടർന്ന് അന്നത്തെ എംപവേർഡ് കമ്മിറ്റി പദ്ധതി പ്രവർത്തനങ്ങൾ അവസാനിപ്പിക്കാമെന്ന് തീരുമാനമെടുക്കുകയുമാണുണ്ടാ യതെന്നും തുടർന്ന് UIDSSMT, AMRUT എന്നീ പദ്ധതികൾ നിലവിൽ വരികയും ചെയ്തെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

8) AMRUT പദ്ധതിയിലെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് സമിതി ആരാഞ്ഞതിന്, അഞ്ച് കമ്പോണന്റുകളാണ് അമൃത് പദ്ധതിയിൽ ഉള്ളതെന്നും വാട്ടർ സപ്ലൈ, സ്വീവറേജ്, ഡ്രെയിനേജ്, പാർക്ക്, അർബൻ ട്രാൻസ്പോർട്ട് എന്നിവയാണ് അവയെന്നും, 2020 മാർച്ച് മാസത്തോടെ പദ്ധതി പ്രവർത്തനങ്ങൾ തീർക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും, കഴിഞ്ഞ ഒരു വർഷത്തിനകം 530 കോടി രൂപ ടി പദ്ധതിയുടെ ഭാഗമായി ചെലവഴിക്കാൻ സാധിച്ചിട്ടുണ്ടെന്നും, കുടിവെള്ള വിതരണവും സ്വീവറേജുമാണ് AMRUT പദ്ധതിയിലെ ഏറ്റവും പ്രധാനപ്പെട്ട പ്രവൃത്തികളെന്നും വർദ്ധിച്ചുവരുന്ന ജനപ്പെരുപ്പം മുന്നിൽ കണ്ട് കൂടുതൽ സ്വീവറേജ് പ്ലാന്റുകൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

9) കൊല്ലം കുരീപ്പുഴയിൽ വിഭാവനം ചെയ്ത പ്ലാന്റിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത പ്രവൃത്തിക്കും പൊതുജനങ്ങളുടെ എതിർപ്പ് നേരിടുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. കേരളത്തിലെ 5 കോർപ്പറേഷനുകളിൽ സ്വീവറേജ് പ്ലാന്റ് സ്ഥാപിക്കണമെന്ന് സുപ്രീംകോടതി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഗ്രാമീണ മേഖലയിൽ പോലും ചെറിയ പ്ലാന്റുകൾ സ്ഥാപിക്കാൻ സാധിക്കാത്ത സ്ഥിതിയാണ് ഉള്ളതെന്നും ആയതിനാൽ ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഒരു മാർഗ്ഗരേഖ തയ്യാറാക്കി മുന്നോട്ട് പോയാൽ മാത്രമേ പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂവെന്നും വികേന്ദ്രീകൃതമായി പ്ലാന്റുകൾ സ്ഥാപിച്ച സ്ഥലങ്ങളിൽ ശരിയായ രീതിയിൽ അവ പ്രവർത്തിപ്പിക്കാൻ സാധിക്കാത്തതും ഇക്കാര്യത്തിൽ ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെടാൻ ഇടയാക്കിയിട്ടുണ്ടെന്നും സമിതി നിരീക്ഷിച്ചു.

10) ഇക്കാര്യത്തിൽ ഒരു ബദൽ സംവിധാനം കണ്ടെത്തേണ്ടതല്ലേയെന്ന് സമിതി ആരാഞ്ഞതിന് വലിയ പ്ലാന്റുകൾ സ്ഥാപിക്കുകയെന്നത് സർക്കാരിനെ സംബന്ധിച്ചിടത്തോളം ആശാസ്യമല്ലെന്നും, ചെറിയ പ്ലാന്റുകൾ സ്ഥാപിച്ച് സ്വീവറേജ് ട്രീറ്റ് ചെയ്യാൻ സാധിക്കുമെന്നും

പക്ഷേ സ്വീവറേജ് അവിടെ എത്തിക്കുക എന്നതാണ് പ്രധാന വെല്ലുവിളിയെന്നും. പുതിയതായി നിർമ്മിക്കുന്ന പ്ലാന്റുകൾ ഗാർഡൻ പോലെ മെയിന്റയിൻ ചെയ്തുകൊണ്ട് പോകാൻ കഴിയുമെന്നും കർണ്ണാടകയിലും ഡൽഹിയിലും അത്തരം ഡീ-സെൻട്രലൈസ്ഡ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും വാട്ടർ അതോറിറ്റി സമിതിയെ അറിയിച്ചു.

11) എത്രകോടി രൂപയാണ് എ.ഡി.ബി.യിൽ നിന്നും ലഭിച്ച വായ്പയെന്നും, എത്ര തിരിച്ചടച്ചിട്ടുണ്ടെന്നും, എത്ര പ്രോജക്ടുകൾ പൂർത്തീകരിച്ചുവെന്നും സമിതി ആരാഞ്ഞതിന്, 102 പ്രോജക്ടുകൾക്കായി 1422.5 കോടി രൂപയാണ് വായ്പ എടുത്തിട്ടുള്ളതെന്നും 89 പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വാട്ടർ സപ്ലൈയുമായി ബന്ധപ്പെട്ട 10-ൽ 10 വർക്കുകളും, സ്വീവറേജ് ട്രീറ്റ്മെന്റുമായി ബന്ധപ്പെട്ട 14-ൽ 3 വർക്കുകളുമാണ് നടപ്പിലാക്കി വരുന്നതെന്നും അതിൽ മുട്ടത്തറ സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂവെന്നും AMRUT മിഷൻ ഡയറക്ടർ അറിയിച്ചു. പൂർത്തീകരിച്ച പദ്ധതികൾ 55 എണ്ണമാണെന്നാണ് എ.ജി.യുടെ റിപ്പോർട്ടിലുള്ളതെന്ന് ചൂണ്ടിക്കാട്ടിയ സമിതി എ.ഡി.ബി. സഹായത്തോടെ ആരംഭിക്കുകയും പകുതി വഴിയിൽ ഉപേക്ഷിക്കുകയും ചെയ്ത വർക്കുകൾ ഉൾപ്പെടെയാണോ 89 പദ്ധതികൾ എന്ന് ആരാഞ്ഞതിന്, എ.ഡി.ബി.യുടെ കമ്പോണന്റായ കമ്മ്യൂണിറ്റി ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട്, പോവർട്ടി സോഷ്യൽ ഫണ്ട് എന്നിവ ഉപയോഗിച്ച് 5 കോർപ്പറേഷനുകളിൽ ചെയ്തിട്ടുള്ള പ്രോജക്ടുകളും 89 പദ്ധതികളിൽ ഉൾപ്പെടുമെന്ന് അദ്ദേഹം മറുപടി നൽകി. എ.ഡി.ബി. സഹായത്തോടെ ചെയ്യുന്ന 102 പദ്ധതികളിൽ ഉൾപ്പെടുന്ന ഈ പ്രോജക്ടുകൾ നിലവിൽ പ്രവർത്തനക്ഷമമാണോയെന്ന് സമിതി ആരാഞ്ഞതിന് കമ്മ്യൂണിറ്റി ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടുപയോഗിച്ച് നടപ്പാക്കിയ 11 പദ്ധതികളും പോവർട്ടി സോഷ്യൽ ഫണ്ടുപയോഗിച്ച് നടപ്പാക്കിയ 10 പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ടെന്നും കൂടാതെ ലോ കോസ്റ്റ് സാനിട്ടേഷൻ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ടെന്നും AMRUT മിഷൻ ഡയറക്ടർ സമിതിയെ അറിയിച്ചു. ഏതൊക്കെ പദ്ധതികളാണ് നിലവിൽ പൂർത്തീകരിക്കുവാനുള്ളതെന്ന് സമിതി ആരാഞ്ഞതിന്, 11 സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും 2 സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്ലാന്റുകളുമാണ് പൂർത്തീകരിക്കാനുള്ളതെന്നും ഇനി അവ പൂർത്തീകരിക്കുവാൻ കഴിയില്ലെന്നും അദ്ദേഹം അറിയിച്ചു.

12) മുട്ടത്തറ സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റല്ലാതെ പൂർത്തിയായ മറ്റ് പ്ലാന്റുകൾ ഏതൊക്കെയാണെന്ന് സമിതി ആരാഞ്ഞതിന് മുട്ടത്തറ സ്വീവറേജ് പ്ലാന്റ് മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂവെന്നും മറ്റ് രണ്ട് ട്രീറ്റ്മെന്റ് പ്ലാന്റിലേക്കുള്ള അപ്രോച്ച് റോഡ് ഉൾപ്പെടെയുള്ള കമ്പോണന്റുകൾ പൂർത്തിയാക്കിയെന്നും തിരുവനന്തപുരത്തെ എ മുതൽ ഇ വരെയുള്ള സ്വീവറേജ് ബ്ലോക്കുകളിൽ സി,ഡി എന്നീ ബ്ലോക്കുകളിലെ പഴയ ടാങ്കുകൾ മാറ്റുന്നതുമായി ബന്ധപ്പെട്ട റീഹാബിലിറ്റേഷൻ വർക്കുകൾ ആരംഭിച്ചുവെങ്കിലും 20

ശതമാനം മാത്രമേ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളുവെന്നും കോൺട്രാക്ടർമാരുടെ അസൗകര്യവും യഥാസമയം അനുമതി ലഭിക്കാത്തതുമാണ് വർക്കുകൾ പൂർത്തീകരിക്കാൻ കഴിയാതെ പോയതിന് കാരണമെന്നും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. ടി കാരണത്താൽ അനുവദിച്ച എ.ഡി.ബി. വായ്പ വേണ്ടെന്ന് വച്ചോയെന്ന് സമിതി ആരാഞ്ഞതിന് എ.ഡി.ബി. സഹായത്തോടെ ചെയ്യുന്ന പദ്ധതികളുടെ ലിസ്റ്റിൽ നിന്നും ഈ പ്രോജക്ടുകൾ ഒഴിവാക്കുന്നതിന് 2015 ജൂൺ മാസത്തെ യോഗത്തിൽ തീരുമാനിച്ചതിനാൽ എ.ഡി.ബി.യിൽ നിന്നും ഇനി വായ്പ ലഭിക്കില്ലെന്നും ആയതിൽ മൂന്ന് സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളിൽ ഒന്ന് മുട്ടത്തറയാണുള്ളതെന്നും രണ്ടാമത്തേത് ലാന്റ് ഡെവലപ്പ്മെന്റ് ആന്റ് അപ്രോച്ച് റോഡ് വർക്ക്-സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് കോഴിക്കോടാണെന്നും അതിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും മൂന്നാമത്തേത് ലാന്റ് ഫില്ലിംഗ് വർക്ക്സ് ഓഫ് സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് മുണ്ടംവേലി വെസ്റ്റ് കൊച്ചിയാണെന്നും അവിടെ ലാന്റ് ഫില്ലിംഗ് കഴിഞ്ഞപ്പോഴാണ് ദേശീയ ഹരിത ട്രിബ്യൂണലിൽ കേസ് വന്നതെന്നും AMRUT ഡയറക്ടർ സമിതിയെ അറിയിച്ചു.

13) എ.ഡി.ബി. വായ്പയുടെ തിരിച്ചടവ് ഏത് വരെയായെന്ന് സമിതി ആരാഞ്ഞതിന്, പണം പിൻവലിച്ച തീയതി മുതൽ 5 വർഷം കഴിഞ്ഞാണ് തിരിച്ചടവ് ആരംഭിക്കുന്നതെന്നും അതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ പരിശോധിച്ച് സമിതിയെ അറിയിക്കാമെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

14) ഏറ്റെടുത്ത പദ്ധതികൾ ശരിയായി നടത്തുവാൻ വാട്ടർ അതോറിറ്റിക്ക് ആവശ്യമായ മാൻ പവർ ഇല്ലേയെന്ന് സമിതി ആരാഞ്ഞതിന് 1984-ൽ വാട്ടർ അതോറിറ്റി രൂപീകരിച്ചപ്പോഴുള്ള സ്റ്റാഫ് പാറ്റേണാണ് ഇപ്പോഴുമുള്ളതെന്നും നിലവിൽ 700 എഞ്ചിനീയർമാരാണ് ഉള്ളതെന്നും സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ഗവൺമെന്റിന്റെ പരിഗണനയിലാണെന്നും വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

15) തുടർന്ന്, തിരുവനന്തപുരം നഗരസഭയിലെ അഴുക്കുചാൽ പണികളുടെ നടത്തിപ്പിന്റെ നില, അയോഗ്യരായ ഏജൻസിയെ അഴുക്കുചാൽ പണി ഏൽപ്പിക്കൽ എന്ന ഓഡിറ്റ് പരാമർശത്തേക്കുറിച്ച് സമിതി ആരാഞ്ഞു. തിരുവനന്തപുരം നഗരത്തിലെ അഴുക്കുചാലുകളുടെയും ജലവിതരണ പദ്ധതികളുടെ പുനരധിവാസവും വികാസവും കൂടാതെ മലിനജല സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത 5 പദ്ധതികളും പൂർത്തീകരിക്കാത്തതിന് കാരണമെന്തെന്ന് സമിതി ആരാഞ്ഞതിന്, 5 സ്വീവറേജ് ട്രീറ്റ്മെന്റ് പ്രോജക്ടുകളാണ് കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തിരുന്നതെന്നും അതിൽ ഒരെണ്ണം (മുട്ടത്തറ എസ്.ടി.പി.107 എം.എൻ.ഡി-

പി.സി.എസ്.എസ്. നം.0066) പൂർത്തീകരിച്ചുവെന്നും ബാക്കിയുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനാവശ്യമായ പമ്പ് ഹൗസ് സ്ഥാപിക്കുന്നതിനും കിണറുകൾ കുഴിക്കുന്നതിനും സ്ഥലവാസികളുടെ എതിർപ്പുകാരണം സാധിക്കുന്നില്ലെന്നും കോഴിക്കോട് 12.50 എം.എൽ.ഡി.യുടെ പ്ലാന്റ് സ്ഥാപിക്കുന്നതിന് എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിച്ചപ്പോൾ സ്ഥലവാസികൾ ദേശീയ ഹരിത ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്തെന്നും കൊല്ലം നഗരസഭയിലെ കുരീപ്പുഴ സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സംബന്ധിച്ച പ്രവൃത്തികൾ സ്ഥലവാസികളുടെ എതിർപ്പ് കാരണം നടത്താൻ സാധിക്കുന്നില്ലെന്നും ടി പ്രശ്നം പരിഹരിക്കാൻ കൊല്ലം ജില്ലാ മേയറും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സ്ഥലം സന്ദർശിച്ച് സ്ഥലവാസികളുമായി ചർച്ച നടത്തിയെങ്കിലും പരിഹാരം കാണാൻ സാധിച്ചിട്ടില്ലെന്നും, നിലവിൽ AMRUT-ൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തിരിക്കുകയാണെന്നും വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

16) കൊല്ലം ജില്ലയിൽ മൂന്ന് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാണ് കേരള വാട്ടർ അതോറിറ്റി എഗ്രിമെന്റ് വച്ചിട്ടുള്ളതെന്നും അതിൽ രണ്ട് പ്ലാന്റുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലവാസികളുടെ എതിർപ്പുണ്ടെന്നും അതുകൊണ്ടായിരിക്കാം കുരീപ്പുഴ പദ്ധതിയിലും സ്ഥലവാസികൾ എതിർപ്പുണ്ടാക്കുന്നതെന്നും AMRUT മിഷൻ ഡയറക്ടർ സമിതിയെ അറിയിച്ചു.

17) AMRUT പദ്ധതി സംസ്ഥാന വിഹിതം ഉപയോഗിച്ചാണോ നടപ്പിലാക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് 50 ശതമാനം വിഹിതം കേന്ദ്ര സർക്കാരും, 30 ശതമാനം സംസ്ഥാന സർക്കാരും 20 ശതമാനം അതത് നഗരസഭകളും ചെലവഴിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് AMRUT മിഷൻ ഡയറക്ടർ സമിതിയെ അറിയിച്ചു.

18) പദ്ധതികൾ നടപ്പിലാക്കുന്നതിൽ എ.ഡി.ബി.യുടെ മാനദണ്ഡം എന്താണെന്ന് സമിതി ആരാഞ്ഞതിന്, എ.ഡി.ബി. സഹായത്തോടെയുള്ള പദ്ധതിക്ക് കോർപ്പറേഷൻ വിഹിതം എടുക്കേണ്ടതുണ്ടെങ്കിലും സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നിന്നും തുക കേരള വാട്ടർ അതോറിറ്റിക്ക് നൽകുകയും ടി തുക ചെലവഴിച്ചതിന് ശേഷം അത്രയും തുക എ.ഡി.ബി. റീഫണ്ട് ചെയ്തു നൽകുകയായിരുന്നുവെന്നും ആദ്യ ഇൻസ്റ്റാൾമെന്റായി 50 ശതമാനം തുകയും രണ്ടാമത്തെ ഇൻസ്റ്റാൾമെന്റും ലഭിച്ചെന്നും അതിൽ തന്നെ 30 ശതമാനം വിഹിതം സംസ്ഥാന സർക്കാരിന്റെയും 20 ശതമാനം വിഹിതം, യു.എൽ.ഡി.യുടേതുമായിരുന്നുവെന്നും വാട്ടർ സപ്ലൈയ്ക്കും സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിനും വേണ്ടി യു.എൽ.ഡി. 20 ശതമാനം തുക എടുക്കാനും 15 ശതമാനം തുക വായ്പയായി നൽകാനും അത് വരും വർഷങ്ങളിൽ അവരുടെ പ്ലാൻ ഫണ്ടിൽ നിന്നും തിരിച്ച് പിടിക്കാൻ ധനകാര്യ വകുപ്പുമന്ത്രിയും, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും തീരുമാനമെടുത്തിരുന്നുവെന്നും വാട്ടർ സപ്ലൈ സ്കീമിനു

സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുമായി 9 നഗരസഭകൾക്കുമായി ആകെ എത്ര രൂപയാണോ ചെലവ് വരുന്നത് അതിന്റെ 20 ശതമാനം കോർപ്പറേഷൻ വായ്പ എടുക്കണമെന്നും അത് ബുദ്ധിമുട്ടാണെങ്കിൽ സ്റ്റേറ്റ് അഡ്വാൻസായി തുക നൽകുമെന്നും അതിനുശേഷം പ്ലാൻ ഫണ്ടിൽ നിന്നും തുല്യ ഗഡുക്കളായി പലിശ സഹിതം തിരിച്ചുപിടിക്കാമെന്നും അതനുസരിച്ച് 3 കോടി രൂപ നൽകിയിട്ടുണ്ടെന്നും ടി തുക റിലീസ് ചെയ്ത് തവണകളായി പിടിച്ചുതുടങ്ങിയിട്ടുണ്ടെന്നും ഡയറക്ടർ സമിതിയെ അറിയിച്ചു. ടി പദ്ധതി മറ്റ് സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, നടപ്പിലാക്കുന്നുണ്ടെന്നും, കേരളസംസ്ഥാനത്തുള്ളത്ര പൊതുജന പ്രതിഷേധം മറ്റ് സംസ്ഥാനങ്ങളിൽ ഇല്ലെന്നും AMRUT മിഷൻ ഡയറക്ടർ സമിതിയെ അറിയിച്ചു.

19) നഗരസഭയിൽ അഴുക്കുചാൽ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനു വേണ്ടി ഏൽപ്പിച്ചിരുന്ന മെ. അഭിരാം ഇൻഫ്ര പ്രോജക്ട് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായുള്ള കരാർ റദ്ദായ സാഹചര്യത്തിൽ നഷ്ടോത്തരവാദ തുക നഗരസഭ തിരിച്ചു പിടിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, നഷ്ടോത്തരവാദ തുക തിരിച്ച് പിടിച്ചിട്ടില്ലെന്നും, വർക്ക് ടെണ്ടർ ചെയ്തത് നഗരസഭയായിരുന്നു എങ്കിലും അതിന്റെ നിർവ്വഹണ ഏജൻസി വാട്ടർ അതോറിറ്റി ആയിരുന്നുവെന്നും തിരുവനന്തപുരം നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു. എന്നാൽ കെ.എസ്.യു.ഡി.പി.യുടെ കീഴിലാണ് പദ്ധതി നടപ്പാക്കുന്നതെങ്കിലും അതത് നഗരസഭകളിലെ സെക്രട്ടറിമാരാണ് ഈ പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥരെന്നും പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ്, പ്രോജക്ട് മാനേജർ എന്നിവരടങ്ങുന്നതാണ് ഒരു പ്രോജക്ട് ഇംപ്ലിമെന്റിംഗ് ഏജൻസിയെന്നും അത് അതത് നഗരസഭാ സെക്രട്ടറിമാരുടെയും മേയറുടെയും കീഴിലാണ് പ്രവർത്തിച്ചിരുന്നതെന്നും, അവരുടെ അനുവാദത്തോടുകൂടി മാത്രമേ പ്രോജക്ട് ഇംപ്ലിമെന്റിംഗ് ഏജൻസിക്ക് കാര്യങ്ങൾ ചെയ്യാൻ സാധിക്കുമായിരുന്നുള്ളൂവെന്നും വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

20) പ്രസ്തുത പ്രവൃത്തിയിൽ വാട്ടർ അതോറിറ്റിയുടെ റോൾ എന്താണെന്ന് സമിതി ആരാഞ്ഞതിന് വർക്ക് ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ചുകഴിഞ്ഞാൽ പ്രസ്തുത വർക്ക് കരാറുകാരൻ വേണ്ട രീതിയിൽ ചെയ്യുന്നുണ്ടോയെന്ന് മേൽനോട്ടം വഹിക്കുന്നതാണ് വാട്ടർ അതോറിറ്റിയുടെ ഉത്തരവാദിത്വമെന്നും, എ.ഡി.ബി. മുഖേന വാട്ടർ അതോറിറ്റിക്ക് ഫണ്ട് അനുവദിക്കണമെങ്കിൽ അതോറിറ്റിക്ക് ഒരു ഡിസൈൻ ആന്റ് സൂപ്പർവിഷൻ കൺസൾട്ടന്റും ഒരു ടെക്നിക്കൽ സപ്പോർട്ട് യൂണിറ്റും വേണമെന്നും പദ്ധതിയുമായി ബന്ധപ്പെട്ട് പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ ഉണ്ടായിരുന്ന എഞ്ചിനീയർമാർക്ക് നിർദ്ദേശം കൊടുക്കുക എന്നതാണ് ടെക്നിക്കൽ സപ്പോർട്ടിംഗ് യൂണിറ്റിന്റെ ഉത്തരവാദിത്വമെന്നും, ഇതെല്ലാം നഗരസഭാ സെക്രട്ടറിയും, കൗൺസിലുമെല്ലാം അറിഞ്ഞുകൊണ്ടു തന്നെയാണ് ചെയ്തിരുന്നതെന്നും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

21) കരാറുകാരന് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ കഴിവുണ്ടോയെന്ന് പരിശോധിക്കേണ്ടത് വാട്ടർ അതോറിറ്റി അല്ലേ എന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത വർക്ക് ടെണ്ടർ ചെയ്തു കഴിഞ്ഞശേഷം മാത്രമാണ് വാട്ടർ അതോറിറ്റിയെ അറിയിച്ചതെന്ന് വാട്ടർ അതോറിറ്റി, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

22) കരാറുകാരനിൽ നിന്നും പദ്ധതിയുടെ നഷ്ടോത്തരവാദ തുക തിരിച്ചുപിടിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, 12.5 കോടി രൂപയുടേതായിരുന്ന പ്രസ്തുത പ്രോജക്ടെന്നും, മെ. അഭിരാം ഇൻഫ്രാ പ്രോജക്ട് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് അത് നടപ്പിലാക്കാൻ സാധിക്കാത്തതിനാലാണ് അവരുടെ നഷ്ടോത്തര വാദത്തിൽ പദ്ധതി ടെർമിനേറ്റ് ചെയ്തതെന്നും റിസ്ക് ആന്റ് കോസ്റ്റ് ഫൈനലൈസ് ചെയ്തുകൊണ്ടിരിക്കുകയാണെന്നും, മൊത്തത്തിലുള്ള നഷ്ടം കണക്കാക്കുന്നതേയുള്ളൂവെന്നും നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

23) പ്രോജക്ട് തുടരുന്നതിനായി പ്രസ്തുത കമ്പനി ചെയ്തിട്ടുള്ളത് ഒഴികെയുള്ള വർക്ക് കണക്കാക്കി 2014-ലെ റേറ്റ് പ്രകാരമാണ് 20 കോടിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് കണക്കാക്കിയിരിക്കുന്നതെന്നും പുതിയ കണക്കുകൾ പ്രകാരം തുക അതിലും കൂടാനേ സാധ്യതയുള്ളൂവെന്നും ആ തുക കൂടി കമ്പനിയിൽ നിന്നും തിരിച്ചു പിടിക്കേണ്ടതായി വരുമെന്നും വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

24) പമ്പ് ഹൗസ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി കിണറിന്റെ ആഴം കൂട്ടുന്നതിനായി വാട്ടർ അതോറിറ്റി തയ്യാറാക്കിയ 66 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, ഉദ്ദേശിക്കുന്നുണ്ടെന്നും അതിനായി എ.ഡി.ബി. ഫണ്ട് ലഭിക്കില്ലെന്നും സ്റ്റേറ്റ് ഫണ്ടിൽ മേജർ ഇൻഫ്രാസ്ട്രക്ച്ചറൽ ഡെവലപ്മെന്റ് ഫണ്ടിൽ വേസ്റ്റ് മാനേജ്മെന്റ് പ്രോഗ്രാം എന്ന ഒരു കാറ്റഗറി ഉണ്ടെന്നും അതിൽ മുൻസിപ്പൽ വേസ്റ്റ് മാനേജ്മെന്റ് എന്ന ഇനത്തിൽ ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തുക എടുക്കാവുന്നതാണെന്നും, 66 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് 'G1' ബ്ലോക്കിന്റേതാണെന്നും കൂടാതെ 'C' ബ്ലോക്കിനുവേണ്ടിയും ഫണ്ട് കണ്ടുപിടിക്കേണ്ടി വരുമെന്നും, നിലവിലുള്ള 107mld STP പൂർണമായും ഉപയോഗിക്കണമെങ്കിൽ 1000 കോടിയുടെ പ്ലംബിംഗ് വർക്ക് വേണ്ടിവരുമെന്നും വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

25) ഓരോ പ്രവൃത്തിക്കും കൃത്യസമയത്ത് അനുമതി ലഭിക്കാത്തതും, നാട്ടുകാരുടെ പ്രതിഷേധവും വിവിധ വകുപ്പുകളുടെ സഹകരണമില്ലായ്മയും പ്രോജക്ട് നടപ്പിലാകാതെ പോയതിനുള്ള കാരണമാണെന്ന് സമിതി നിരീക്ഷിക്കുകയും വിവിധ വകുപ്പുകളെ തമ്മിൽ ഏകോപിപ്പിച്ച് പദ്ധതി നടത്തിപ്പ് സുഗമമാക്കേണ്ടത് ആരുടെ ഉത്തരവാദിത്വമാണെന്ന് ആരാഞ്ഞതിന് അത് നഗരസഭയുടെ ഉത്തരവാദിത്വമാണെന്ന് വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ സമിതിയെ അറിയിക്കുകയും ചെയ്തു.

26) AMRUT പദ്ധതിയിൽ ഇത്തരം തടസങ്ങളെല്ലാം നേരിടുന്നത് എങ്ങനെയാണെന്ന് സമിതി ആരാഞ്ഞതിന് ആദ്യകാലങ്ങളിൽ പദ്ധതി നടത്തിപ്പ് മന്ദഗതിയിലായിരുന്നുവെങ്കിലും കഴിഞ്ഞ ഒന്നര വർഷമായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ പ്രധാനപ്പെട്ട എല്ലാ ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി ഒരു സ്റ്റേറ്റ് ഹൈപവർ സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ച് ഇത്തരം പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നുണ്ടെന്നും കൂടാതെ വാട്ടർ അതോറിറ്റിയും, തദ്ദേശസ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിംഗും മാസം തോറും മീറ്റിംഗ് നടത്തുന്നുണ്ടെന്നും, കഴിഞ്ഞ ഒരു വർഷംകൊണ്ട് 530 കോടിയോളം രൂപയുടെ പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും റോഡ് മുറിക്കൽ സംബന്ധിച്ച് ഇപ്പോഴും പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ റോഡ് ഫണ്ട് ബോർഡ്, പി.ഡബ്ല്യൂ.ഡി. റോഡ്സ്, എൻ.എച്ച് എന്നിവരെയൊക്കെ വിളിച്ച് മീറ്റിംഗ് നടത്തുമ്പോഴും നാഷണൽ ഹൈവേ അതോറിറ്റി അതിൽ നിന്നും വിട്ടുനിൽക്കുകയാണെന്നും AMRUT മിഷൻ ഡയറക്ടർ സമിതിയെ അറിയിച്ചു.

27) സ്വീവറേജ് പൈപ്പുകൾ ആറുമുതൽ 10 മീറ്റർ വരെ ആഴത്തിലാണ് സ്ഥാപിക്കേണ്ടതെന്നും തിരക്കുള്ളതും, ചെറുതുമായ റോഡുകളിൽ കുഴിയെടുക്കുന്നത് വളരെ പ്രയാസമാണെന്നും സമയാസമയങ്ങളിൽ പദ്ധതി നിർവ്വഹണത്തിനുള്ള അനുമതി ലഭിക്കാത്ത സാഹചര്യങ്ങളിൽ കോൺട്രാക്ടർമാർ പ്രവൃത്തിയിൽ നിന്നും പിൻമാറാൻ തുടങ്ങുമെന്നും അത് എ.ഡി.ബി. പ്രോജക്ടുകൾ നടപ്പിലാകാത്തതിനുള്ള പ്രധാന കാരണമാണെന്നും വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

28) എ.ഡി.ബി. പദ്ധതികൾ കാര്യക്ഷമമായി നടത്തിക്കൊണ്ട് പോകുന്നതിന് വകുപ്പുകളുടെ ഏകോപനം ശരിയായ രീതിയിൽ ഉണ്ടായിട്ടില്ലെന്നും പദ്ധതികൾ നടപ്പിലാക്കുമ്പോൾ ജനങ്ങളുടെ ഭാഗത്തുനിന്നും വലിയ പ്രതിഷേധങ്ങൾ ഉണ്ടാകുന്നത് പദ്ധതി നടത്തിപ്പിന് തടസ്സമായി വന്നിട്ടുണ്ടെന്നും ജനങ്ങളെ കാര്യങ്ങൾ ശരിയായി ബോധ്യപ്പെടുത്തേണ്ടതുണ്ടെന്നും അവർ അത് അംഗീകരിക്കാൻ തയ്യാറാവുകയും വേണമെന്നും സമിതി നിർദ്ദേശിച്ചു.

29) കൊച്ചി, കൊല്ലം, കോഴിക്കോട് നഗരസഭകളിലെ പാരിസ്ഥിതിക പ്രശ്നങ്ങളെ തുടർന്ന് മുടങ്ങിയ പദ്ധതികൾ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി പരിഗണിച്ചു. കൊച്ചി സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലെ അവസ്ഥ സമിതി ആരാഞ്ഞതിന്, AMRUT പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും മുണ്ടൻവേലി പ്ലാന്റും, പശ്ചിമകൊച്ചി കേന്ദ്രീകരിച്ചിട്ടുള്ള പ്ലാന്റുമാണ് മുടങ്ങിക്കിടക്കുന്നതെന്നും ടി പ്ലാന്റുകളുമായി ബന്ധപ്പെട്ട ഗ്രീൻ ട്രിബ്യൂണലിൽ കേസ് നിലനിൽക്കുന്നില്ലേയെന്ന് സമിതി

ആരാഞ്ഞതിന്, കേസ് നിലനിൽക്കുന്നുവെന്നും തന്മൂലം ആ പദ്ധതികൾ ഉപേക്ഷിച്ചു വെന്നാണ് കൊച്ചി നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുള്ളതെന്നും AMRUT മിഷൻ ഡയറക്ടർ സമിതിയെ അറിയിച്ചു.

30) കൊച്ചി പള്ളുരുത്തിയിലെ പ്രോജക്ടിനെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, AMRUT പദ്ധതിയിൽ ഉൾപ്പെടുത്തി 4.5 എം.എൽ.ഡി-യുടെ പ്രോജക്ടാണെന്നും, മുണ്ടൻവേലി പ്ലാന്റിനായി തെരഞ്ഞെടുത്ത സ്ഥലം ചതുപ്പ് നിലം ആയിരുന്നുവെന്നും 90 ശതമാനത്തോളം ഭാഗം മണ്ണിട്ട് നികത്തി ഒരുക്കി എടുത്തപ്പോഴാണ് സി.ആർ.ഇസഡ്-ന്റെ വയലേഷൻ ഉള്ളതിനാൽ, അവിടെ സ്വീവറേജ് പ്ലാന്റ് സ്ഥാപിക്കാൻ സാധിക്കില്ലെന്ന് ദേശീയ ഹരിത ട്രിബ്യൂണൽ അറിയിച്ചതെന്നും AMRUT മിഷൻ ഡയറക്ടർ സമിതിയെ അറിയിച്ചു. പ്രസ്തുത പ്രോജക്ടിന് കേരള സ്റ്റേറ്റ് കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതി ഇല്ലാത്തതുകൊണ്ട് ഹരിത ട്രിബ്യൂണൽ പ്രവൃത്തി തടയുകയും അങ്ങനെ രണ്ട് കോടിയോളം രൂപ ഉപയോഗ ശൂന്യമാവുകയും ചെയ്തതെന്ന് സമിതി നിരീക്ഷിച്ചു.

31) കൊല്ലം നഗരസഭയിൽ എ.ഡി.ബി.യുടെ സഹായത്തോടെ ഖരമാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഇല്ലായെന്നും പ്രസ്തുത സ്ഥലം വേസ്റ്റ് ടു എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. ലിമിറ്റഡിന് കൈമാറിയിട്ടുണ്ടെന്നും, കുരീപ്പുഴ സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് AMRUT പദ്ധതിയിൽ ഉൾപ്പെടുത്തി അവാർഡ് ചെയ്യാൻ പോകുകയാണെന്നും അവിടെ ഖരമാലിന്യ സംസ്ക്കരണ പ്ലാന്റും സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്നും എന്നാൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രീൻ ട്രിബ്യൂണലിൽ കേസ് നിലനിൽക്കുകയാണെന്നും AMRUT മിഷൻ ഡയറക്ടർ സമിതിയെ അറിയിച്ചു.

32) കേസ് നടത്തുന്നതിനൊപ്പം സ്വീവറേജ് ട്രീറ്റുമെന്റ് പ്ലാന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത പ്ലാന്റ് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്തെങ്കിലും സ്ഥലവാസികളുടെ എതിർപ്പുകാരണം പ്രവൃത്തി ആരംഭിക്കാൻ സാധിക്കുന്നില്ലെന്ന് കൊല്ലം നഗരസഭ ഡെപ്യൂട്ടി സെക്രട്ടറി സമിതിയെ അറിയിച്ചു.

33) അഷ്ടമുടി കായലിന്റെ തീരത്താണ് പ്രസ്തുത സ്ഥലം എന്നുള്ളതുകൊണ്ട് ഗ്രീൻ ട്രിബ്യൂണലിന്റെ അനുമതി ലഭിക്കാൻ പ്രയാസമാണെന്നും അഥവാ ലഭിച്ചാൽ സ്ഥലവാസികളുടെ എതിർപ്പുമൂലം പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കുന്നില്ലെന്നും ആയതിനാൽ നഗരസഭ സ്ഥലവാസികളുമായി സംസാരിച്ച് പ്രശ്നം പരിഹരിച്ച് മുന്നോട്ട് പോകാൻ സമിതി നിർദ്ദേശിച്ചു.

34) കോഴിക്കോട് നഗരസഭയിലെ വേങ്ങേരി പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാക്കുകയുണ്ടായോയെന്ന് സമിതി ആരാഞ്ഞതിന്, 6.76 ഏക്കർ സ്ഥലത്ത് സോൺ 'എ', സോൺ 'ബി' എന്ന നിലയിൽ രണ്ട് നെറ്റ് വർക്കുകളും 13.5 എം.എൽ.ഡി. ശേഷിയുള്ള സ്വീവറേജ് പ്ലാന്റുമാണുണ്ടായിരുന്നതെന്നും 90 കോടി രൂപയുടെ 3 കമ്പോണന്റുകളാണ് അവിടെ ഉണ്ടായിരുന്നതെന്നും 2011-ൽ പ്രവൃത്തിയുടെ കരാർ ഒപ്പിടുകയും പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തുവെന്നും രണ്ട് സോണിലുമായി 3 പമ്പിംഗ് സ്റ്റേഷൻ ഉൾപ്പെടെ ഏകദേശം 60 കിലോമീറ്റർ സ്വീവറേജ് ലൈൻ സ്ഥാപിക്കുന്നതിനായിരുന്ന പദ്ധതി വിഭാവനം ചെയ്തിരുന്നതെന്നും പ്രവൃത്തി ആരംഭിച്ച് 16 കിലോമീറ്റർ സ്വീവറേജ് ലൈൻ സ്ഥാപിക്കുകയും ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തപ്പോഴേക്കും ദേശീയ ഹരിത ട്രിബ്യൂണലിൽ നിന്ന് സ്റ്റേ ഓർഡർ ലഭിച്ചുവെന്നും കോഴിക്കോട് നഗരസഭാ സെക്രട്ടറി അറിയിച്ചു. അതിനുശേഷം പദ്ധതി പ്രവൃത്തികൾ തുടരാൻ സാധിച്ചിട്ടില്ലെന്നും വില്ലേജ് രേഖകളിൽ തണ്ണീർത്തടമാണെന്ന് കാണുന്നതിനാൽ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേർന്ന് രേഖകൾ പരിശോധിച്ച് അംഗീകാരം ലഭ്യമാക്കി ആയത് ഹരിത ട്രിബ്യൂണലിൽ സമർപ്പിച്ചുവെങ്കിലും അനുകൂല ഉത്തരവ് ലഭിക്കാത്തതിനാൽ പദ്ധതി മുന്നോട്ട് പോകാൻ സാധിച്ചിട്ടില്ലെന്നും കോൺട്രാക്ട് ഇപ്പോഴും പ്രാബല്യത്തിലുണ്ടെന്നും കോഴിക്കോട് നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

35) പ്രസ്തുത പദ്ധതിക്കുള്ള ഫണ്ട് കണ്ടെത്തിയത് എവിടെ നിന്നാണെന്ന് സമിതി ആരാഞ്ഞതിന്, എ.ഡി.ബി. ഫണ്ടിലാണ് പ്രവൃത്തി ആരംഭിച്ചതെന്നും, എന്നാൽ നിലവിൽ എ.ഡി.ബി ഫണ്ടില്ലാത്തതിനാൽ ഹരിത ട്രിബ്യൂണലിലെ സ്റ്റേ വെക്കേറ്റ് ചെയ്താലും പദ്ധതി പൂർത്തിയാക്കാൻ സാധിക്കില്ലെന്നും, AMRUT plus പദ്ധതിയിലോ മറ്റേതെങ്കിലും പദ്ധതിയിലോ ഉൾപ്പെടുത്തി മാത്രമേ ഇനി ഈ പദ്ധതി നടപ്പാക്കാൻ സാധിക്കൂവെന്നും കോഴിക്കോട് നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

36) ഹരിത ട്രിബ്യൂണലിലെ കേസ് വീണ്ടും പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് ട്രിബ്യൂണലിനെ സമീപിച്ചിരുന്നോയെന്നും, കേസിന്റെ വിധിയെ സുപ്രീം കോടതിയിൽ ചലഞ്ച് ചെയ്യാൻ കഴിയുമോയെന്നും സമിതി ആരാഞ്ഞതിന്, അന്നത്തെ നഗരസഭാ സെക്രട്ടറി ശ്രമങ്ങൾ നടത്തിയിരുന്നുവെന്നും വിധി സുപ്രീം കോടതിയിൽ ചലഞ്ച് ചെയ്യാൻ കഴിയുമെന്നാണ് മനസിലാക്കുന്നതെന്നും കോഴിക്കോട് നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

37) പ്രസ്തുത പദ്ധതിയോടൊപ്പം 16.5 കോടി രൂപയുടെ മറ്റൊരു പദ്ധതിയും AMRUT-ൽ ഉൾപ്പെടുത്തി ചെയ്തുവരുന്നുണ്ടെന്നും ടി പദ്ധതികൾ ടെണ്ടർ നടപടികളിലേക്ക് കടന്നിരിക്കുകയാണെന്നും, പദ്ധതി സി.ആർ.ഇസഡ്-2-ന്റെ പരിധിയിൽ വരുന്നതാണെന്നും, പ്ലാന്റ് സ്ഥാപിച്ചു കഴിയുമ്പോൾ ട്രീറ്റ് ചെയ്ത വെള്ളമായിരിക്കും കടലിലേക്ക് ഒഴുക്കുകയെന്നും കോഴിക്കോട് നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

38) ഹരിത ട്രിബ്യൂണലിലെ കേസ് തീർപ്പായാലും പുതിയ ഫണ്ട് കണ്ടെത്തിയാൽ മാത്രമേ പദ്ധതി പൂർത്തിയാക്കാൻ കഴിയൂവെന്നും ടി പദ്ധതി അവസാനിപ്പിച്ച് ചെയ്ത പ്രവൃത്തിയുടെ തുക ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കോൺട്രാക്ടർ കത്ത് സമർപ്പിച്ചിട്ടുണ്ടെന്നും, ട്രീറ്റ്മെന്റ് പ്ലാന്റിനെതിരെ ജനങ്ങളുടെ ഭാഗത്ത് നിന്നും വലിയ പ്രതിഷേധം ഇല്ലായിരുന്നുവെന്നും, സമീപത്തുള്ള ഫ്ലാറ്റ് നിർമ്മാതാക്കളാണ് കേസിന് പോയതെന്നും കോഴിക്കോട് നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

39) കോഴിക്കോട് നഗരസഭയിലെ ലീച്ചെറ്റ് സംസ്കരണ പ്ലാന്റിന്റെ അവസ്ഥ എന്താണെന്ന് സമിതി ആരാഞ്ഞതിന്, 2008-ൽ 3.8 കോടി രൂപയ്ക്കാണ് ലീച്ചെറ്റ് ട്രീറ്റ്മെന്റ് പ്ലാന്റിനുള്ള കരാർ വയ്ക്കുന്നതെന്നും 8 കമ്പോണന്റുള്ള പാക്കേജിൽ ഒരെണ്ണമൊഴിച്ച് മറ്റെല്ലാം പൂർത്തിയാക്കിയെന്നും, പ്രവർത്തനത്തിൽ പ്രതീക്ഷിച്ച ഫലം ലഭിക്കാത്തതിനാൽ പ്രവർത്തനം അവസാനിപ്പിക്കുകയായിരുന്നുവെന്നും തുടർന്ന് 2015-ൽ റിസ്ക് ആന്റ് കോസ്റ്റിൽ കരാറിലുണ്ടായിരുന്ന സ്ഥാപനത്തെ ഒഴിവാക്കി 75 ലക്ഷം രൂപയുടെ പുതിയ കരാറിൽ ഏർപ്പെടുകയും പ്രസ്തുത കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചുവെങ്കിലും രണ്ടാഴ്ച കഴിഞ്ഞപ്പോൾ ഡിസ്ചാർജിന്റെ ക്വാളിറ്റി സംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡിന്റെ റിപ്പോർട്ട് വന്നപ്പോൾ പ്ലാന്റിന്റെ പ്രവർത്തനം പരാജയമാണെന്ന് കണ്ടെത്തുകയും തുടർന്ന് കരാറുകാരൻ പിൻമാറുകയും 56 ലക്ഷം രൂപ തിരികെ കൊടുക്കുകയും ചെയ്യേണ്ടിവന്നെന്നും നിലവിൽ പ്ലാന്റ് ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിയിലാണെന്നും ടെക്നോളജിയിൽ വന്ന വ്യത്യാസമാണ് പരാജയകാരണമെന്നും, വേസ്റ്റ് ടു എനർജിയുടെ ഭാഗമായ 9 പൈലറ്റ് പ്രോജക്ടുകളിൽ ഒന്നായിരുന്ന പ്രസ്തുത പ്രോജക്ടെന്നും നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

40) കൊല്ലം നഗരസഭയിലെ ബയോഗ്യാസ് പ്ലാന്റുകൾക്കുണ്ടായ പാഴ്ച്ചെലവ് എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി പരിഗണിച്ച സമിതി ബയോഗ്യാസ് പ്ലാന്റിനെക്കുറിച്ച് വിശദാംശങ്ങൾ ആരാഞ്ഞതിന്, അവ നന്നായി പ്രവർത്തിക്കുന്നുണ്ടെന്നും, പ്ലാന്റിന് സമീപമുള്ള ഹോട്ടലുകൾക്കാണ് ഗ്യാസ് നൽകുന്നതെന്നും, ഗ്യാസ് കൊണ്ടുപോകുന്നതിനുള്ള പൈപ്പും ബർണറും കോർപ്പറേഷനാണ് നൽകുന്നതെന്നും, ഹോട്ടലുകൾക്ക് ആവശ്യമായത്ര ഗ്യാസ് നൽകാൻ സാധിക്കുന്നില്ലെന്നും കൊല്ലം നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

41) ലിക്വിഡേറ്റഡ് ഡാമേജ് ക്രമരഹിതമായി മടക്കി നൽകൽ എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി പരിഗണിച്ച സമിതി തിരുവനന്തപുരം നഗരസഭയിലെ മുട്ടത്തറ സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ വർക്ക് ഏറ്റെടുത്ത M/s UEM ഇന്ത്യ ലിമിറ്റഡ് എന്ന കമ്പനിയിൽ നിന്നും ലിക്വിഡിറ്റി ഡാമേജസ് ആയി കൊടുത്ത 1.62

കോടി രൂപ എന്തുകൊണ്ടാണ് തിരികെ ഈടാക്കാത്തതെന്നും ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും ആരായുകയും 37-ാമത് എംപവേർഡ് കമ്മിറ്റി വർക്കിന്റെ കാലതാമസം ചൂണ്ടിക്കാണിക്കുകയും ലിക്വിഡേറ്റഡ് ഡാമേജസ് ഒഴിവാക്കുന്നതിനു വേണ്ടി കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിക്കുകയും 5 വർഷത്തേക്ക് പ്ലാന്റിന്റെ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ജോലികൾ ഇതേ കരാറുകാരൻ തന്നെ നിർവഹിക്കുകയും ചെയ്യേണ്ട സാഹചര്യത്തിലാണ് 49-ാമത് എംപവേർഡ് കമ്മിറ്റി തുക റിലീസ് ചെയ്യാൻ തീരുമാനിക്കുകയും ചെയ്തതെന്നും വാട്ടർ അതോറിറ്റി ടെക്നിക്കൽ മെമ്പർ സമിതിയെ അറിയിച്ചുവെങ്കിലും റിലീസ് ചെയ്ത് നൽകിയ 1.62 കോടി രൂപ എന്തടിസ്ഥാനത്തിലാണ് നൽകിയതെന്ന് സമിതി ആരായുകയും പ്രസ്തുത തുക റിലീസ് ചെയ്തു നൽകി കരാറുകാരനെ വഴിവിട്ട് സഹായിച്ചുവെന്ന നിഗമനത്തിൽ എത്തുകയും എംപവേർഡ് കമ്മിറ്റികളുടെ അജണ്ടയും മിനിട്സും പരിശോധിച്ച് സമിതിയെ അറിയിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

42) ഫീൽഡ് ലെവലിൽ വർക്ക് എക്സിക്യൂട്ട് ചെയ്യുമ്പോൾ എഗ്രിമെന്റ് പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ ഇത്ര വർക്ക് തീർക്കണമെന്ന് നിബന്ധനയുണ്ടെന്നും അത്തരത്തിൽ വർക്ക് ചെയ്യാതെ വരുമ്പോഴാണ് കാലതാമസത്തിന് നടപടി സ്വീകരിക്കേണ്ടിവരുന്നതെന്നും കാലതാമസത്തിന് കാരണം കരാറുകാരാണോ, അതോ വകുപ്പാണോ എന്നൊന്നും എൽ.ഡി.വിളിക്കുമ്പോൾ പറയാറില്ലെന്നും ഓരോ ബില്ലും വരുമ്പോൾ എൽ.ഡി. പിടിച്ചിട്ട് ബാക്കി തുകയാണ് കൊടുക്കുന്നതെന്നും അങ്ങനെ വരുമ്പോൾ കോൺട്രാക്ടർ തന്റെ മാത്രം തെറ്റല്ലെന്നും, വകുപ്പും ഇതിന് ഉത്തരവാദിയാണെന്നും കാണിച്ച് റെപ്രസെന്റേഷൻ കൊടുക്കുമ്പോഴാണ് എൽ.ഡി. ഒഴിവാക്കിക്കൊടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതെന്നും ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചതിനെ തുടർന്ന് ഡിപ്പാർട്ട്മെന്റ് ഉചിതമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

43) നഷ്ടോത്തരവാദം നടപ്പാക്കുന്നതിലെ കോർപ്പറേഷന്റെ പരാജയം കാരണമുണ്ടായ നഷ്ടം എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി പരിഗണിച്ചു. കൊച്ചി നഗരസഭ തയ്യാറാക്കിയ ജലവിതരണ പദ്ധതിയിൽ എസ്.എ. റോഡിലെ ജലവിതരണത്തിനുള്ള കണക്ഷനുകൾ പുനഃസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എ.ഡി.ബി. വായ്പയിൽ ഉൾപ്പെടുത്തി പൈപ്പുകൾ വാങ്ങിയെങ്കിലും പ്രസ്തുത വായ്പാ കാലാവധി കഴിയുന്നതുവരെ കൊച്ചി കോർപ്പറേഷൻ, അനുമതി നൽകിയിരുന്നില്ലെന്ന് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. കൊച്ചി മെട്രോ വന്നപ്പോൾ അടിയന്തരമായി നൽകിയ അനുമതി എന്തുകൊണ്ട് നേരത്തേ നൽകിയില്ലായെന്ന് സമിതി ആരാഞ്ഞതിന്, മെട്രോയുടെ വർക്ക് വരുമ്പോൾ ആ റോഡ് പൊളിക്കേണ്ടിവരുമെന്നും, ആ സമയത്ത് റോഡിന്റെ വർക്ക് നടത്താമെന്നാണ് തീരുമാനിച്ചിരുന്നതെന്നും PWD റോഡ്സ് വിഭാഗം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

44) ജലവിതരണത്തിനായി എ.ഡി.ബി. വായ്പ ഉപയോഗിച്ച് വാങ്ങിയ പൈപ്പുകളുടെ തുക മാത്രം കരാറുകാരന് തിരിച്ച് കൊടുത്തെന്ന് കൊച്ചി കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

45) തെറ്റായ രൂപകല്പന കാരണമുള്ള പാഴ്ച്ചെലവ് എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി പരിഗണിക്കുകയും സ്ഥലത്തിന്റെ യഥാർത്ഥ സ്ഥിതി നിർണ്ണയിക്കാതെ തെറ്റായ രൂപകല്പന തയ്യാറാക്കിയ കൺസൾട്ടന്റിനെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുകയും ചെയ്തു.

46) അധികം പണം കൊടുക്കൽ എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി പരിഗണിച്ച സമിതി കരാറുകാരന് അധികമായി നൽകിയ 24.81 ലക്ഷം രൂപ തിരിച്ചു പിടിക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ചു.

47) തിരുവനന്തപുരം ഡ്രെയിനേജ് പദ്ധതി നടത്തിപ്പിലുള്ള സംശയകരമായ കുറ്റം എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി പരിഗണിച്ച സമിതി തിരുവനന്തപുരം നഗരസഭയിലെ പഴവങ്ങാടി ഡ്രെയിനേജ് പദ്ധതി പ്രകാരം സ്ഥാപിച്ച ബാർ സ്ക്രീനുകൾ പൊളിച്ചുമാറ്റാൻ കാരണമെന്തെന്ന് ആരാഞ്ഞതിന്, പഴവങ്ങാടി തോട് മൊത്തത്തിൽ വൃത്തിയാക്കി ഡി.പി.ആർ. -ൽ നിർദ്ദേശിച്ചിരുന്ന പ്രകാരം ബാർ സ്ക്രീനുകൾ സ്ഥാപിച്ചുവെങ്കിലും ആയതിൽ മാലിന്യം അടിഞ്ഞുകൂടി ദുർഗന്ധം പരക്കുന്നതുകൊണ്ട് സ്ഥലവാസികൾ പ്രതിഷേധിക്കുകയും ബാർ സ്ക്രീനുകൾ മാറ്റുകയുമാണ് ചെയ്തതെന്നും, ബാർസ്ക്രീൻ സ്ഥാപിക്കുന്നതിന് കരാറുകാരന് തുക നൽകിയിട്ടില്ലാത്തതിനാൽ നഗരസഭക്ക് നഷ്ടമൊന്നും ഉണ്ടായിട്ടില്ലെന്നും നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

48) ബാർസ്ക്രീനിൽ അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യാത്തതു മൂലമല്ലേ ഇത്തരം സ്ഥിതി വിശേഷമുണ്ടായതെന്ന സമിതിയുടെ ചോദ്യത്തിന് തോട്ടിൽ മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നത് മാത്രമല്ല ബാർ സ്ക്രീനുകൾ സ്ഥാപിച്ചിടത്ത് രാത്രികാലങ്ങളിൽ പുറത്തുനിന്നും ആളുകൾ മാലിന്യങ്ങൾ നിക്ഷേപിക്കാറുണ്ടെന്നും അമൃത് മിഷൻ ഡയറക്ടർ വിശദമാക്കി.

49) തോട്ടിൽ മാലിന്യങ്ങൾ നിക്ഷേപിക്കാതിരിക്കാനും നിക്ഷേപിക്കുന്നവരെ പിടികൂടുന്നതിനുമുള്ള സംവിധാനം കോർപ്പറേഷൻ തന്നെ തയ്യാറാക്കണമായിരുന്നുവെന്നും നഗരത്തിന്റെ ഹൃദയഭാഗത്ത് മാലിന്യങ്ങൾ മൂടിക്കിടന്ന തോട് ബാർസ്ക്രീനുകൾ സ്ഥാപിച്ച് മാലിന്യങ്ങൾ എപ്പോഴും നീക്കം ചെയ്ത് വൃത്തിയായി നിലനിർത്തുന്നതിനുള്ള പ്രോജക്ട് അധികൃതരുടെ അവഗണനകൊണ്ട് പാഴായിപ്പോയെന്നും മാലിന്യങ്ങൾ നിക്ഷേപിക്കുന്നവരെ തിരിച്ചറിയാൻ സ്ഥാപിച്ചിട്ടുള്ള ക്യാമറകൾ പ്രവർത്തിക്കുന്നില്ലെന്നും കണ്ടെത്തിയ സമിതി ക്യാമറകൾ അടിയന്തരമായി പ്രവർത്തനക്ഷമമാക്കി മാലിന്യങ്ങൾ നീക്കം ചെയ്ത് തോട് പുനരുദ്ധരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു.

50) ക്യാമറകൾ സ്ഥാപിച്ച് ഡാറ്റ കളക്ട് ചെയ്ത് ബന്ധപ്പെട്ട പോലീസിനു കൈമാറിയാൽ അവർ മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുമെന്നും ജലാശയങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കരുതെന്ന് ഇപ്പോൾ നിയമം ഉള്ളതിനാൽ ഫൈൻ ഈടാക്കാൻ സാധിക്കുമെന്നും AMRUT മിഷൻ ഡയറക്ടർ സമിതിയെ ധരിപ്പിച്ചു.

51) കൊല്ലം നഗരസഭയിലെ കെ.എം.കെ. റോഡിന്റെ മെച്ചപ്പെടുത്തലുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സ്വമേധയാ വിട്ടുനൽകിയ സ്ഥലം ഏറ്റെടുക്കാത്തതെന്താണെന്ന് സമിതി ആരാഞ്ഞതിന്, കുറച്ചുപേർ സൗജന്യമായി സ്ഥലം വിട്ടുനൽകിയെങ്കിലും അതിലുൾപ്പെട്ട ഒരാൾ തുക വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ ബാക്കിയുള്ളവരും തുക വേണമെന്ന് ആവശ്യപ്പെട്ടുവെന്നും ആദ്യം തുക വേണമെന്നാവശ്യപ്പെട്ടയാളെ വിളിച്ചുവരുത്തി സംസാരിക്കാൻ ശ്രമിച്ചെങ്കിലും നടന്നില്ലെന്നും നോട്ടീസ് അയച്ചാൽ അയാൾ ഹിയറിംഗിന് ഹാജരാകാറില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥ സമിതിയെ അറിയിച്ചു.

52) തിരുവനന്തപുരം നഗരസഭയിലെ സ്റ്റോം വാട്ടർ ഡ്രെയിനേജ് പ്രോജക്ടുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി ടെർമിനലിന് സമീപമുള്ളവരെ ഒഴിപ്പിച്ചോയെന്ന് സമിതി ആരാഞ്ഞതിന്, ഓപ്പറേഷൻ അനന്തയുടെ ഭാഗമായി കടകൾ ഉൾപ്പെടെ തമ്പാനൂർ മുതൽ പഴവങ്ങാടി വരെയുള്ള സ്ട്രീറ്റ് ഒഴിപ്പിക്കേണ്ടതായിരുന്നുവെന്നും, എന്നാൽ സ്ഥലവാസികളുടെ പ്രതിഷേധം കാരണം യഥാസമയം ഒഴിപ്പിക്കാൻ കഴിഞ്ഞില്ലെന്നും റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ കുറച്ചുപേരെ ഒഴിപ്പിച്ചുവെന്നും, 2014-ന് മുമ്പ് പൂർത്തീകരിക്കേണ്ട ഈ പദ്ധതി നിലവിൽ പ്രവർത്തിക്കുന്നില്ലെന്നും തിരുവനന്തപുരം നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

53) ആസ്തികളുടെ നിഷ്ക്രിയത്വം എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീവറേജ് പദ്ധതികൾക്കായി കൊച്ചി നഗരസഭ വാങ്ങിയ പൈപ്പുകളുടെ നിലവിലെ സ്ഥിതിയെന്താണെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത പൈപ്പുകൾ സ്റ്റോക്ക് യാർഡിൽ സൂക്ഷിച്ചിരിക്കുകയാണെന്നും ഏകദേശം 19 കോടി രൂപയുടെ ഈ പൈപ്പുകൾ സ്വീവറേജ് പദ്ധതികൾക്കു മാത്രമേ ഉപയോഗിക്കാൻ സാധിക്കുവെന്നും കൊച്ചി നഗരസഭാ സെക്രട്ടറി അറിയിച്ചു.

54) തൃശ്ശൂർ നഗരസഭ വാങ്ങിയ 48000 പ്രാഥമിക ശേഖരണ വീപ്പകളുടെയും മറ്റ് സാമഗ്രികളുടെയും നിലവിലെ സ്ഥിതിയെന്താണെന്ന് സമിതി ആരാഞ്ഞതിന് സുസ്ഥിര നഗരവികസന പദ്ധതി പ്രകാരം പത്ത് ഇനത്തിൽപ്പെട്ട സാധനസാമഗ്രികളായിരുന്നു

ഖരമാലിന്യ പരിപാലനത്തിനായി കോർപ്പറേഷൻ വാങ്ങിയിരുന്നതെന്നും, 10 ലിറ്റർ ശേഷിയുള്ള 24000 വേസ്റ്റ് ബിന്നുകൾ 2016-ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് -ന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ, ജനശ്രീ യൂണിറ്റുകൾ മുഖാന്തരം മാലിന്യ ശേഖരണത്തിനായി ഉപയോഗിക്കുകയാണെന്നും, രണ്ടാമത്തെ ഇനമായ 15 ലിറ്റർ കപ്പാസിറ്റിയുള്ള 24000 വേസ്റ്റ് ബിന്നുകൾ സോൺ അടിസ്ഥാനത്തിൽ ഓരോ കുടുംബങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കാൻ ഹരിത കർമ്മ സേനയ്ക്കും റസിഡന്റ്സ് അസോസിയേഷനുകൾക്കും നൽകിയിട്ടുണ്ടെന്നും എ.ജി.ഓഡിറ്റ് സമയത്ത് അവ നിഷ്ക്രിയമായി കെട്ടികിടന്നിരുന്നുവെന്നും അതാണ് ഓഡിറ്റ് പരാമർശം ഉണ്ടാകാൻ കാരണമെന്നും ഇപ്പോൾ അവയെല്ലാം മലിന്യസംസ്കരണത്തിനായി ഉപയോഗിച്ചുകൊണ്ടിരിക്കുകയാണെന്നും തൃശ്ശൂർ നഗരസഭാ അഡീഷണൽ സെക്രട്ടറി അറിയിച്ചു.

55) മാലിന്യങ്ങൾ എവിടെയാണ് സംസ്കരിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന്, തൃശ്ശൂർ നഗരസഭയിലെ ശക്തൻ ബസ് സ്റ്റാന്റിലും കുരിയച്ചിറയിലും പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇവയ്ക്ക് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ദിനംപ്രതി 48 ടൺ മാലിന്യമാണ് സംസ്കരിക്കുന്നതെന്നും തൃശ്ശൂർ നഗരസഭാ അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

56) വ്യവസ്ഥകൾ ലംഘിച്ച് ദാരിദ്ര്യ സാമൂഹ്യ ഫണ്ടിന്റെ ഉപയോഗം എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ശീർഷകം സൂചിപ്പിക്കുന്നതുപോലെ വ്യവസ്ഥകൾ ലംഘിച്ചല്ല കാര്യങ്ങൾ ചെയ്തിട്ടുള്ളതെന്നതാണ് വസ്തുതയെന്നും, കുടുംബശ്രീയുടെ ഏറ്റവും അഭിമാനകരമായ പ്രോജക്ടാണ് ആശ്രയ പദ്ധതിയെന്നും നിരാംലംബരായവരെ സമൂഹത്തിന്റെ മുൻനിരയിലെത്തിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിതെന്നും ആരും ആശ്രയമില്ലാത്ത അഗതികളെ കണ്ടെത്തുകയും അവരെ അഗതികളായി മാത്രം കാണാതെ ആശ്രയമില്ലാത്ത ഒരു കുടുംബത്തെ മുഴുവൻ ഏറ്റെടുക്കുന്ന ഒരു പദ്ധതിയാണിതെന്നും, രൂപീകൃതമായതു മുതൽ നല്ല നിലയിലാണ് പ്രവർത്തിക്കുന്നതെന്നും ഗുണഭോക്താവിനെ കണ്ടെത്തി അവരുടെ ആവശ്യം മനസ്സിലാക്കി അത് ലഭ്യമാക്കുകയാണ് ചെയ്ത് വരുന്നതെന്നും അതിനായി നഗരസഭകളുടെ വിഹിതം കൂടാതെ റോട്ടറി, ലയൺസ് എന്നീ ക്ലബ്ബുകളുടെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിക്ക് ഈ ഫണ്ട് അനുവദിക്കുകയാണ് ചെയ്യുന്നതെന്നും ഡയറക്ടർ സമിതിയെ അറിയിച്ചു. കൊല്ലം നഗരസഭയിൽ സ്റ്റേറ്റ് ഫണ്ടും ടി ഫണ്ടും വിനിയോഗിച്ചിട്ടില്ലെന്ന് അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാണിച്ചപ്പോൾ സ്റ്റേറ്റ് ഫണ്ട് ഇതിന് തികയില്ലെന്നും അത് നിരാശ്രയരായവർക്ക് വേണ്ടി മാത്രമേ ചെലവഴിക്കാൻ സാധിക്കുകയുള്ളൂവെന്നും, അത് വകമാറ്റാൻ കഴിയില്ലെന്നും എംപവേർഡ് കമ്മിറ്റിയിൽ 9-4-2008-ൽ "Shall be supplementary and

Complimentary to SJSRY and other poverty alleviation programme of the Corporation" എന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്നും ആ മാനദണ്ഡപ്രകാരമാണ് ഫണ്ട് അനുവദിക്കുന്നതെന്നും AMRUT മിഷൻ ഡയറക്ടർ സമിതിയെ അറിയിച്ചു.

57) എ.ഡി.ബി.യുടെ തിരിച്ചടവ് നടക്കുന്നുണ്ടോയെന്നും അത് മുടങ്ങിയാൽ എന്തു നടപടിയാണുണ്ടാവുകയെന്നും സമിതി ആരാഞ്ഞതിന്, തിരിച്ചടവ് സംബന്ധിച്ച് പരിശോധിച്ച് സമിതിയെ അറിയിക്കാമെന്നും, സാധാരണയായി ഇക്കാര്യത്തിൽ മുടക്കം ഉണ്ടാകാറില്ലെന്നും കേന്ദ്രസർക്കാരിന്റെ ഗ്യാരന്റിയിലാണ് വായ്പ അനുവദിച്ചിരിക്കുന്നതെന്നും, വകുപ്പിന്റെ കണക്കുപ്രകാരം 609.07 കോടി രൂപയാണ് എ.ഡി.ബി. ലോണായി അനുവദിച്ചിരിക്കുന്നതെന്നും ധനകാര്യ വകുപ്പുമായി ചേർന്ന് പരിശോധിച്ചാൽ മാത്രമേ കൃത്യമായ തുക പറയാൻ സാധിക്കുകയുള്ളൂവെന്നും AMRUT മിഷൻ ഡയറക്ടർ സമിതിയെ അറിയിച്ചു.

58) മുടങ്ങികിടക്കുന്ന പദ്ധതികൾ സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

59) സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നിഷ്ഫല ചെലവ് എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടി പരിഗണിച്ച സമിതി തിരുവനന്തപുരം നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ കെൽട്രോൺ സ്ഥാപിച്ച ക്യാമറകൾ നിലവിലുണ്ടോയെന്ന് ആരാഞ്ഞതിന്, നഗരസഭാ പരിധിയിൽ 5.67 കി.മീ. ചുറ്റളവിൽ 37 ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള ഓർഡർ 2014 മാർച്ച് മാസത്തിലാണ് കെൽട്രോണിന് KSTP-യിൽ നിന്നും ലഭിച്ചതെന്നും KSUDP-യിൽ നിന്നും പ്രസ്തുത പ്രവൃത്തിക്കുള്ള പേയ്മെന്റ് ലഭിക്കുകയും 2015 മാർച്ചിൽ 35 ക്യാമറകൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ച് നഗരസഭയ്ക്ക് കൈമാറിയെന്നും എന്നാൽ ക്യാമറകൾ നിരീക്ഷിക്കുന്നതിനായി കൺട്രോൾ റൂമിൽ ഒരാളെ സ്ഥിരമായി നിയമിക്കുന്നതിൽ നഗരസഭ വീഴ്ചവരുത്തിയെന്നും തന്മൂലം പ്രസ്തുത ക്യാമറകൾ പ്രവർത്തനക്ഷമമാണോ, ആരെങ്കിലും ഇവ നശിപ്പിക്കുന്നുണ്ടോയെന്ന് കണ്ടെത്താൻ സാധിച്ചില്ലെന്നും കെൽട്രോൺ മാനേജർ സമിതിയെ അറിയിച്ചു. ക്യാമറകൾ സ്ഥാപിച്ചതിനുശേഷം കെൽട്രോണും, നഗരസഭയും തമ്മിലുള്ള സഹകരണമില്ലായ്മയാണ് ഇതിലൂടെ തെളിയുന്നതെന്നും ഇതു സംബന്ധിച്ച് നഗരസഭയ്ക്ക് എന്താണ് പറയാനുള്ളതെന്നും സമിതി ആരാഞ്ഞതിന്, പ്രസ്തുത ക്യാമറകളിൽ നിന്നും ലഭിക്കുന്ന ചിത്രങ്ങൾക്ക് വ്യക്തതക്കുറവ് ഉണ്ടായിരുന്നുവെന്നും അത് സംബന്ധിച്ച 2016-ൽ തന്നെ കെൽട്രോണിന് പരാതി നൽകിയിരുന്നുവെന്നും നഗരസഭാ സെക്രട്ടറി സമിതിയിൽ അറിയിച്ചു. 2014-ൽ

ലഭ്യമായ സാങ്കേതികവിദ്യ ഉപയോഗിച്ച് സ്ഥാപിച്ച ക്യാമറകൾ ആയിരുന്നുവെന്നും രാത്രി സമയങ്ങളിൽ വളരെ ദൂരെനിന്നും വരുന്ന വാഹനങ്ങളുടെ നമ്പർ പ്ലേറ്റുകൾ കാണാൻ സാധിക്കില്ല എന്നതൊഴിച്ചാൽ മറ്റ് ചിത്രങ്ങൾ വളരെ വ്യക്തമായിരുന്നുവെന്നും 2016 മാർച്ച് മാസത്തോടെ ഇവയുടെ വാറണ്ടി അവസാനിച്ചതിനെ തുടർന്ന് പ്രസ്തുത ക്യാമറകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി KSUDP-ൽ നിന്നും ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് ആവശ്യപ്പെട്ടതിന്, അറ്റകുറ്റപ്പണികൾ നടത്തുന്നത് നഗരസഭയാണെന്ന മറുപടിയാണ് ലഭിച്ചതെന്നും വാറണ്ടി കാലാവധി അവസാനിക്കുമ്പോൾ എല്ലാ ക്യാമറകളും പ്രവർത്തനക്ഷമമായിരുന്നുവെന്നും കെൽട്രോൺ മാനേജർ വ്യക്തമാക്കി.

60) ക്യാമറകൾ നിരീക്ഷിക്കുന്നതിനായി കൺട്രോൾ റൂമിൽ ആരെയും നിയമിക്കാത്തതെന്താണെന്ന് സമിതി ആരാഞ്ഞതിന്, ക്യാമറകൾ നിരീക്ഷിക്കുന്നതിനുവേണ്ടി ആയൂർവേദ കോളേജ് സർക്കിളിലെ എച്ച്.ഐ.-ക്ക് ചുമതല നൽകിയിട്ടുണ്ടായിരുന്നുവെന്ന് നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

61) എത്ര ക്യാമറകളുണ്ടെന്നും, എത്ര രൂപ ചെലവാക്കിയെന്നും അവ ഇനി പ്രവർത്തനക്ഷമമാക്കാൻ കഴിയില്ലേയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന്, ആകെ 35 ക്യാമറകളാണുണ്ടായിരുന്നതെന്നും 54 ലക്ഷം രൂപയാണ് മുടക്കിയതെന്നും അവ തകർക്കപ്പെട്ട നിലയിലും കേബിളുകൾ തീവെച്ച് നശിപ്പിച്ച നിലയിലുമാണെന്ന് കെൽട്രോൺ മാനേജർ മറുപടി നൽകി.

62) ഇത്രയും തുക ചെലവഴിച്ച് ക്യാമറകൾ സ്ഥാപിച്ചിട്ട് ആർക്കെങ്കിലുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, രണ്ട് കേസുകളിൽ പ്രോസിക്യൂഷൻ നടപടികളെടുത്തിട്ടുണ്ടെന്നും കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ ജനറൽ വേസ്റ്റ് ഡംപിംഗിനുള്ള പിഴ ഇനത്തിൽ 12.6 ലക്ഷം രൂപ ഈടാക്കിയിട്ടുണ്ടെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു.

63) സ്ഥാപിച്ച ക്യാമറകൾ അറ്റകുറ്റപ്പണി ചെയ്യുന്നതിനും പരിപാലിക്കുന്നതിനും കെൽട്രോണിന്റെ ഭാഗത്തും നഗരസഭയുടെ ഭാഗത്തും കുറ്റകരമായ വീഴ്ചയുണ്ടെന്ന് വിലയിരുത്തിയ സമിതി സംസ്ഥാനത്തിനാകെ ഖ്യാതി നേടിയെടുക്കാനും കേരളത്തിലെ ഒരു കോർപ്പറേഷനെങ്കിലും ഇത്തരത്തിലൊരു പദ്ധതി നടപ്പാക്കിയെന്ന് മാതൃകയായി കാണിക്കാനും സാധിക്കുമായിരുന്ന ഒരു പദ്ധതിയാണ് ഇരു കൂട്ടരുടെയും അനാസ്ഥയും സഹകരണമില്ലായ്മയും മൂലം പാഴായി പോയത് എന്നും ആയതിനാൽ ഇക്കാര്യം സമിതിയുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്നും നിർദ്ദേശിച്ചു.

64) വിവിധ ഏജൻസികളിൽ നിലനിൽക്കുന്ന വിനിയോഗിക്കാത്ത തുകകൾ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി പരിഗണിച്ച സമിതി, തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് നഗരസഭകൾ കേരള വാട്ടർ അതോറിറ്റിയിൽ 1.96 കോടി രൂപ അടച്ചത് എന്തിനുവേണ്ടിയാണെന്ന് ആരാഞ്ഞതിന് പി.ഡബ്ല്യൂ.ഡി. റോഡ് നന്നാക്കുന്നതിനുവേണ്ടി വിവിധ നഗരസഭകൾ ഒടുക്കിയിട്ടുള്ള തുകയാണതെന്ന് AMRUT മിഷൻ ഡയറക്ടർ സമിതിയെ അറിയിച്ചു.

65) വിവിധ കോർപ്പറേഷനുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി റോഡ് കട്ട് ചെയ്യുന്നതിനുള്ള തുക പി.ഡബ്ല്യൂ.ഡി.-യിൽ ഒടുക്കുകയും പിന്നീട് വിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചതിനുശേഷം തുക തിരികെ നൽകുകയുമാണ് ചെയ്തു വന്നിരുന്നതെന്നും കഴിഞ്ഞ 10 വർഷത്തെ കണക്കെടുത്തപ്പോൾ ഏകദേശം 400 കോടി രൂപയുടെ യു.സി. ലഭിക്കാനുണ്ടെന്നും അത് ഉടനെ ലഭ്യമാക്കുമെന്ന് പി.ഡബ്ല്യൂ.ഡി. അറിയിച്ചിട്ടുണ്ടെന്നും വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

66) പി.ഡബ്ല്യൂ.ഡി.യിൽ നഗരസഭകൾ നേരിട്ട് തുക ഒടുക്കിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, സ്വീവറേജിനായി കൊച്ചി നഗരസഭ 10 കോടി രൂപ അടച്ചിരുന്നുവെന്നും, എന്നാൽ ആ പ്രവൃത്തികൾ ഒന്നും നടന്നിട്ടില്ലെന്നും, സമാനമായി മറ്റ് നഗരസഭകളും തുക അടച്ചിട്ടുണ്ടാകാമെന്നും AMRUT മിഷൻ ഡയറക്ടർ സമിതിയെ അറിയിച്ചു.

67) യോഗത്തിൽ പരിഗണിച്ച വിഷയങ്ങൾ സംബന്ധിച്ച് കൂടുതലെന്തെങ്കിലും ബോധിപ്പിക്കാനുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, കൊച്ചി നഗരസഭയ്ക്കായി പൈപ്പ് വാങ്ങിയതുമായി ബന്ധപ്പെട്ട് 36 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് പൈപ്പ് വാങ്ങിയിരുന്നുവെന്നും എന്നാൽ പ്ലാന്റിന്റെ വർക്ക് മുടങ്ങിയതിനെ തുടർന്ന് പൈപ്പ് ലൈൻ സ്ഥാപിക്കാൻ കഴിഞ്ഞിരുന്നില്ലെന്നും തൻമൂലമാണ് പൈപ്പ് ബാക്കി വന്നതെന്നും ആയതിനാൽ പൈപ്പ് വാങ്ങിയത് ഒരു പാഴ്ചെലവായി പരാമർശിക്കരുതെന്നും വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ സമിതിയെ ബോധിപ്പിച്ചു.

68) മൊബിലൈസേഷൻ അഡ്വാൻസും പലിശയും തിരിച്ചു പിടിക്കാതിരിക്കൽ എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി പരിഗണിക്കുകയും കരാറുകാരനിൽ നിന്ന് സ്വീവേജ് പദ്ധതിയിൽ തിരികെ പിടിക്കാനുള്ള മൊബിലൈസേഷൻ അഡ്വാൻസ് തിരികെ പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

## നിഗമനങ്ങൾ / ശിപാർശകൾ

69) നഗരസഭകളിലെ എ.ഡി.ബി. ധനസഹായത്തോടെയുള്ള അഴുക്കുചാൽ നിർമ്മാണ പ്രവൃത്തികൾ കാര്യക്ഷമമായി നടത്തിക്കൊണ്ട് പോകുന്നതിൽ വിവിധ വകുപ്പുകളുടെ ഏകോപനം ഉണ്ടായിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. അഴുക്കുചാൽ നിർമ്മാണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിക്കൊണ്ട് പോകുന്നതിന് തദ്ദേശ സ്വയംഭരണം, പൊതുമരാമത്ത്, വാട്ടർ അതോറിറ്റി എന്നീ വകുപ്പുകളുടെ ഏകോപനം ഉണ്ടാകേണ്ടതുണ്ടെന്നും ഇതിനായി നഗരസഭകൾ മുൻകൈ എടുക്കണമെന്നും കൂടാതെ, ഇത്തരം പദ്ധതികൾക്കെതിരെ ജനങ്ങളുടെ ഭാഗത്തു നിന്നും പ്രതിഷേധങ്ങൾ ഉണ്ടാകുന്ന അവസരങ്ങളിൽ പദ്ധതികൾ നടപ്പാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കി പദ്ധതി പ്രവർത്തനം മുന്നോട്ട് കൊണ്ടു പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

70) കൊച്ചി പള്ളുരുത്തിയിലെ 4.5 എം.എൽ.ഡി. ശേഷിയുള്ള മുണ്ടൻവേലി സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണത്തിനായി കണ്ടെത്തിയ സ്ഥലം ചതുപ്പുനിലമായതിനാൽ കേരള സ്റ്റേറ്റ് കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതി ലഭിച്ചില്ലെന്നും ടി കാരണത്താൽ ദേശീയ ഹരിത ട്രിബ്യൂണൽ പ്രസ്തുത പ്രവൃത്തി തടഞ്ഞതിനെ തുടർന്ന് ആയത് നിർത്തിവയ്ക്കേണ്ടി വന്നുവെന്നും അതുവഴി ടി പ്രവൃത്തിക്കായി ചെലവഴിച്ച രണ്ട് കോടിയോളം രൂപ പാഴായി എന്നും സമിതി നിരീക്ഷിക്കുന്നു. കൊല്ലം, കോഴിക്കോട് എന്നീ നഗരസഭകളുടെ ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണവും ദേശീയ ഹരിത ട്രിബ്യൂണലിൽ നിന്നും അനുകൂല ഉത്തരവ് ലഭിക്കാത്തതിനാലും പ്രദേശവാസികളുടെ എതിർപ്പ് മൂലവും നിർത്തി വച്ചിരിക്കുകയാണെന്നും സമിതി വിലയിരുത്തുന്നു. പ്രദേശവാസികളുടെ എതിർപ്പ് മൂലം ഗ്രാമീണ മേഖലയിലും ചെറിയ പ്ലാന്റുകൾപോലും സ്ഥാപിക്കാൻ സാധിക്കാത്ത സ്ഥിതിയാണുള്ളതെന്നതിനാൽ ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഒരു മാർഗ്ഗരേഖ തയ്യാറാക്കി മുന്നോട്ട് പോയാൽ മാത്രമേ പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂവെന്ന് സമിതി നിരീക്ഷിക്കുന്നു. വികേന്ദ്രീകൃതമായി പ്ലാന്റുകൾ സ്ഥാപിച്ച സ്ഥലങ്ങളിൽ ശരിയായ രീതിയിൽ അവ പ്രവർത്തിപ്പിക്കാൻ സാധിക്കാത്തതും ഇക്കാര്യത്തിൽ ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെടാൻ ഇടയാക്കിയിട്ടുണ്ടെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഖരമാലിന്യ സംസ്കരണ പദ്ധതിക്കായി പദ്ധതി രൂപീകരണഘട്ടത്തിൽ തന്നെ വിശദമായ സ്ഥല വിശകലനവും സർവ്വേയും നടത്തണമെന്നും പരിസ്ഥിതി ഏജൻസികളിൽ നിന്നും ആവശ്യമായ അനുമതി നേടിയെടുക്കുന്നതിനുള്ള കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

71) തിരുവനന്തപുരം നഗരസഭയിലെ മുട്ടത്തറ സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനിൽ നിന്നും ലിക്വിഡേറ്റഡ് ഡാമേജസ് ഇനത്തിൽ ഈടാക്കിയ 1.62 കോടി രൂപ തിരികെ നൽകിയ നടപടി നീതീകരിക്കാനാവി ല്ലെന്നും കരാർ പ്രകാരം അഞ്ച് വർഷത്തേയ്ക്ക് ഒ. & എം. സേവനം ഉറപ്പാക്കാൻ കരാറുകാരൻ ബാധ്യസ്ഥനായിരുന്നു എന്നും സമിതി നിരീക്ഷിക്കുന്നു. കരാറുകാരനെ സഹായിക്കാൻ വേണ്ടിയായിരുന്നു പ്രസ്തുത തുക തിരികെ നൽകിയത് എന്ന് സമിതി കരുതുന്നു. ആയതിനാൽ എൽ.ഡി. ഒഴിവാക്കുന്നതിനുള്ള കരാറുകാരന്റെ അപേക്ഷ പരിഗണിച്ച 37-ാമത് എംപവേഡ് കമ്മിറ്റിയുടെയും തുക തിരികെ നൽകാൻ തീരുമാനിച്ച 49-ാമത് എംപവേഡ് കമ്മിറ്റിയുടെയും അജണ്ടയും മിനിട്ട്സും പരിശോധിച്ച് ഇതു സംബന്ധിച്ച് അടിയന്തര റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

72) നഗരസഭകളിലെ അഴുക്കുചാൽ ശൃംഖലയുടെ പുനരധിവാസവും മലിനജല സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട മെ. അഭിരാം ഇൻഫ്ര പ്രോജക്ട് പ്രൈവറ്റ് ലിമിറ്റഡുമായുള്ള കരാർ അവരുടെ നഷ്ടോത്തരവാദത്തിൽ റദ്ദായ സാഹചര്യത്തിൽ ടി കരാറുകാരനിൽ നിന്നും പദ്ധതിയുടെ നഷ്ടോത്തരവാദ തുക തിരിച്ചുപിടിക്കാനുള്ള നടപടി സ്വീകരിച്ച് ഇതു സംബന്ധിച്ച് അടിയന്തര റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

73) സ്വീവറേജ് പൈപ്പുകൾ സ്ഥാപിക്കുന്നതിനായി റോഡുകൾ വെട്ടിമുറിക്കുന്നതിനും കുഴിയെടുക്കുന്നതിനുമുള്ള അനുമതി നൽകുന്നതിന് പൊതുമരാമത്തു വകുപ്പ് വളരെയധികം കാലതാമസം വരുത്തുന്നത് മൂലം കരാറുകാർ പ്രവൃത്തികളിൽ നിന്നും പിന്മാറുന്ന സാഹചര്യം ഉണ്ടാകുന്നുണ്ടെന്നും ഇത് എ.ഡി.ബി. പ്രോജക്ടുകൾ നിന്നുപോകുന്നതിനുള്ള ഒരു പ്രധാന കാരണമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ മേൽവിഷയത്തിൽ, കാലതാമസം കൂടാതെ അനുമതി നൽകുന്നതിന് വേണ്ട നടപടി പൊതുമരാമത്ത് വകുപ്പ് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

74) പരിസ്ഥിതി പ്രശ്നങ്ങൾ, പൊതുജനങ്ങളുടെ എതിർപ്പ്, റോഡ് മുറിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിലെ താമസം എന്നിവ മൂലം എ.ഡി.ബി. വായ്പ ഉപയോഗിച്ചുകൊണ്ടുള്ള നിരവധി പദ്ധതികൾ ഇടയ്ക്ക് വച്ച് നിർത്തുകയോ ഉപേക്ഷിക്കുകയോ ചെയ്തതായി സമിതി വിലയിരുത്തുന്നു. ഇത്തരത്തിൽ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ സ്റ്റേറ്റ് ഫണ്ടുപയോഗിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

75) 2015-16 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം നഗരസഭയ്ക്ക് അനുവദിച്ച എ.ഡി.ബി. വായ്പയുടെ തിരിച്ചടവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി തെളിവെടുപ്പ് യോഗവേളയിൽ സമിതി മുമ്പാകെ ഉറപ്പ് നൽകിയിരുന്നു. പ്രസ്തുത വിശദാംശങ്ങൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

76) ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കരാറുകാരൻ കാലതാമസമോ വീഴ്ചയോ വരുത്തിയാൽ കേരള പൊതുമരാമത്ത് മാനുവലും കരാറിലെ നിബന്ധനകളും അനുസരിച്ചുള്ള നഷ്ടോത്തരവാദത്തിന്റെ നിബന്ധനകൾ കർശനമായി പാലിച്ച് കരാറുകാരനിൽ നിന്നും നഷ്ടം ഈടാക്കുന്നതിനുള്ള നടപടികൾ നഗരസഭകൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

77) ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതുപോലെ തന്നെ പ്രാധാന്യമർഹിക്കുന്നതാണ് അവയുടെ പരിപാലനവുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത പ്ലാന്റുകളുടെ മെയിന്റനൻസും, ഓപ്പറേഷൻ ആന്റ് മെയിന്റൻസ് കാലയളവിൽ കണ്ടെത്തുന്ന ന്യൂനതകൾ കരാറുകാരുടെ ഉത്തരവാദിത്തത്തിൽ തന്നെ പരിഹരിക്കാൻ വേണ്ട കർശന നടപടികൾ നഗരസഭ സ്വീകരിക്കണമെന്നും അതോടൊപ്പം പ്ലാന്റുകൾ ഏറ്റെടുത്ത ശേഷം സുഗമമായി പ്രവർത്തിപ്പിക്കുന്നതിന് പരിശീലനം നേടിയ വിദഗ്ദ്ധരുടെ സേവനം ഉറപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

78) കൊച്ചി നഗരസഭയിലെ ജലവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതിയിൽ സ്ഥലത്തിന്റെ യഥാർത്ഥ സ്ഥിതി ശരിയായ വിധത്തിൽ പരിശോധിച്ച് നിർണ്ണയിക്കാതെ പ്രോജക്ടിന്റെ പ്രഥമ രൂപകൽപ്പന തെറ്റായി തയ്യാറാക്കിയ കൺസൾട്ടന്റിനെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

79) സ്വീവറേജ് പ്രവൃത്തികളും ജലവിതരണ പ്രവൃത്തികളും നിർവ്വഹിക്കുന്നതിനായി നഗരസഭകൾ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയും ഇടയ്ക്ക് വച്ച് നിർത്തിയതോ അവസാനിപ്പിച്ചതോ ആയ പദ്ധതികളുമായി ബന്ധപ്പെട്ട് റോഡ് മുറിയ്ക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനായി പി.ഡബ്ല്യു.ഡി.യിൽ നിക്ഷേപിച്ച തുകയും വിനിയോഗിക്കാതെ അവശേഷിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. വിവിധ ഏജൻസികളിലായി ഇത്തരത്തിൽ വിനിയോഗിക്കാതെ കിടക്കുന്ന തുക നടന്നു കൊണ്ടിരിക്കുന്ന മറ്റേതെങ്കിലും പദ്ധതിയിലേയ്ക്ക് ക്രമീകരിക്കുന്നതിനോ അല്ലെങ്കിൽ തിരികെ ഈടാക്കുന്നതിനോ നഗരസഭകൾ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

80) കൊച്ചി ജലവിതരണ പാക്കേജിൽ (KCH-WSS-02) കരാറുകാരന് അധികമായി നൽകിയ 24.81 ലക്ഷം രൂപയും തിരിച്ച് പിടിക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

81) തിരുവനന്തപുരം നഗരസഭയിലെ പഴവങ്ങാടി തോട് അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തിയിൽ തോട് മാലിന്യമുക്തമാക്കുന്നതിനും തോട്ടിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനുമായി ബാർ സ്ക്രീനുകൾ സ്ഥാപിക്കുന്ന പദ്ധതി അധികൃതരുടെ അലംഭാവം മൂലം പാഴായിപ്പോയതായി സമിതി നിരീക്ഷിക്കുന്നു. തോട്ടിൽ മാലിന്യങ്ങൾ നിക്ഷേപിക്കാതിരിക്കുവാനും നിക്ഷേപിക്കുന്നവരെ പിടികൂടുന്നതിനുമുള്ള സംവിധാനം നഗരസഭ തന്നെ തയ്യാറാക്കേണ്ടതായിരുന്നു വെന്ന് സമിതി അഭിപ്രായപ്പെടുന്നു. മാലിന്യങ്ങൾ നീക്കം ചെയ്ത് തോട് പുനരുദ്ധരിക്കുന്നതിനുള്ള സത്വര നടപടി നഗരസഭ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. തോട്ടിൽ മാലിന്യം നിക്ഷേപിക്കുന്നവരെ തിരിച്ചറിയുന്നതിനും പിടികൂടുന്നതിനുമായി നിരീക്ഷണ ക്യാമറകൾ അടിയന്തരമായി സ്ഥാപിച്ച് അവയുടെ പ്രവർത്തനക്ഷമത കാലാകാലങ്ങളിൽ പരിശോധിച്ച് ഉറപ്പ് വരുത്തണമെന്നും തോട്ടിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നിയമപ്രകാരമുള്ള കർശന നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

82) തിരുവനന്തപുരം നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ ഖരമാലിന്യ പരിപാലനത്തിന് വേണ്ടിയും ആമയിഴഞ്ചാൻ തോട്ടിൽ അവശിഷ്ടങ്ങൾ കുന്നുകൂട്ടിയിടുന്നത് തടയുന്നതിന് വേണ്ടിയും സ്ഥാപിച്ച നിരീക്ഷണ ക്യാമറകൾ അറ്റകുറ്റപ്പണി ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിൽ കെൽട്രോണിന്റെ ഭാഗത്തും നഗരസഭയുടെ ഭാഗത്തും ഗുരുതരമായ വീഴ്ചയുണ്ടായതായി സമിതി വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കാതിരിക്കാനും സ്ഥാപിക്കപ്പെടുന്ന ക്യാമറകൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനും അവയുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനും കൃത്യമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിനും വേണ്ട നടപടിക്രമങ്ങൾ വിട്ടുവീഴ്ച കൂടാതെ നഗരസഭകൾ സ്വീകരിച്ച് ഇതു സംബന്ധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

83) കൊല്ലം കോർപ്പറേഷനിലെ കെഎംകെ റോഡ് വീതി കൂട്ടുന്നതിനായി 2009-ൽ നഗരസഭയ്ക്ക് വ്യക്തികളും സ്ഥാപനങ്ങളും സ്വമേധയാ വിട്ടു നൽകിയ ഭൂമി രേഖാമൂലം ഏറ്റെടുക്കുന്നതിൽ നഗരസഭ വരുത്തിയ കാലതാമസം നീതികരിക്കാനാവില്ലെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത വിഷയം അടിയന്തരമായി പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

**84) കൊച്ചി നഗരസഭ എ.ഡി.ബി. വായ്പ ഉപയോഗിച്ച് സ്വീവറേജ് പദ്ധതികൾക്കായി വാങ്ങിയ പൈപ്പുകൾ പദ്ധതി നിർത്തിവച്ചതിനെത്തുടർന്ന് ഉപയോഗിക്കാതെ കൂട്ടിയിട്ടിരിക്കുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പൈപ്പുകൾ സ്വീവറേജ് പദ്ധതികൾക്ക് മാത്രമേ ഉപയോഗിക്കാൻ കഴിയൂ എന്നതിനാൽ മറ്റേതെങ്കിലും സ്വീവറേജ് പദ്ധതികളിൽ ഫലപ്രദമായി വിനിയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**85) മൊബിലൈസേഷൻ അഡ്വാൻസും പലിശയും തിരിച്ചു പിടിക്കുന്നതിൽ നഗരസഭകൾ വീഴ്ച വരുത്തുന്നതായി സമിതി നിരീക്ഷിക്കുന്നു. വിവിധ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ക്രമീകരിക്കാത്ത മൊബിലൈസേഷൻ അഡ്വാൻസുകൾ കരാറുകാരിൽ നിന്നും ഈടാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ടി. പി. രാമകൃഷ്ണൻ,

*അധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,

2023 ആഗസ്റ്റ് 10.

അനുബന്ധം I

**നിഗമനങ്ങൾ / ശിപാർശകൾ**

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം/ വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 69 | തദ്ദേശ സ്വയംഭരണം, ജലവിഭവം, പൊതുമരാമത്ത് | നഗരസഭകളിലെ എ.ഡി.ബി. ധനസഹായത്തോടെയുള്ള അഴുക്കുചാൽ നിർമ്മാണ പ്രവൃത്തികൾ കാര്യക്ഷമമായി നടത്തിക്കൊണ്ട് പോകുന്നതിൽ വിവിധ വകുപ്പുകളുടെ ഏകോപനം ഉണ്ടായിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. അഴുക്കുചാൽ നിർമ്മാണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിക്കൊണ്ട് പോകുന്നതിന് തദ്ദേശസ്വയംഭരണം, പൊതുമരാമത്ത്, വാട്ടർ അതോറിറ്റി എന്നീ വകുപ്പുകളുടെ ഏകോപനം ഉണ്ടാകേണ്ടതുണ്ടെന്നും ഇതിനായി നഗരസഭകൾ മുൻകൈ എടുക്കണമെന്നും കൂടാതെ, ഇത്തരം പദ്ധതികൾക്കെതിരെ ജനങ്ങളുടെ ഭാഗത്തുനിന്നും പ്രതിഷേധങ്ങൾ ഉണ്ടാകുന്ന അവസരങ്ങളിൽ പദ്ധതികൾ നടപ്പാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കി പദ്ധതി പ്രവർത്തനം മുന്നോട്ട് കൊണ്ടു പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 70 | തദ്ദേശ സ്വയംഭരണം | കൊച്ചി പള്ളുരുത്തിയിലെ 4.5 എം.എൽ.ഡി. ശേഷിയുള്ള മുണ്ടൻവേലി സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണത്തിനായി കണ്ടെത്തിയ സ്ഥലം ചതുപ്പുനിലമായതിനാൽ കേരള സ്റ്റേറ്റ് കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതി ലഭിച്ചില്ലെന്നും ടി കാരണത്താൽ ദേശീയ ഹരിത ട്രിബ്യൂണൽ പ്രസ്തുത പ്രവൃത്തി തടഞ്ഞതിനെ തുടർന്ന് ആയത് നിർത്തിവയ്ക്കേണ്ടി വന്നുവെന്നും അതുവഴി ടി പ്രവൃത്തിക്കായി ചെലവഴിച്ച രണ്ട് കോടിയോളം രൂപ പാഴായി എന്നും സമിതി നിരീക്ഷിക്കുന്നു. കൊല്ലം, കോഴിക്കോട് എന്നീ നഗരസഭകളുടെ ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണവും ദേശീയ ഹരിത ട്രിബ്യൂണലിൽ നിന്നും അനുകൂല ഉത്തരവ് ലഭിക്കാത്തതിനാലും പ്രദേശവാസികളുടെ എതിർപ്പ് മൂലവും നിർത്തി വച്ചിരിക്കുകയാണെന്നും സമിതി വിലയിരുത്തുന്നു. പ്രദേശവാസികളുടെ എതിർപ്പ് മൂലം ഗ്രാമീണ മേഖലയിലും ചെറിയ പ്ലാന്റുകൾപോലും സ്ഥാപിക്കാൻ സാധിക്കാത്ത സ്ഥിതിയാണുള്ളതെന്നതിനാൽ ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഒരു മാർഗ്ഗരേഖ തയ്യാറാക്കി മുന്നോട്ട് പോയാൽ മാത്രമേ പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂവെന്ന് സമിതി നിരീക്ഷിക്കുന്നു. വികേന്ദ്രീകൃതമായി പ്ലാന്റുകൾ സ്ഥാപിച്ച സ്ഥലങ്ങളിൽ ശരിയായ രീതിയിൽ അവ പ്രവർത്തിപ്പിക്കാൻ |

| | | | |
|---|---|---|---|
| | | | സാധിക്കാത്തതും ഇക്കാര്യത്തിൽ ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെടാൻ ഇടയാക്കിയിട്ടുണ്ടെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഖരമാലിന്യ സംസ്കരണ പദ്ധതിക്കായി രൂപീകരണഘട്ടത്തിൽ തന്നെ വിശദമായ സ്ഥല വിശകലനവും സർവ്വേയും നടത്തണമെന്നും പരിസ്ഥിതി ഏജൻസികളിൽ നിന്നും ആവശ്യമായ അനുമതി നേടിയെടുക്കുന്നതിനുള്ള കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 71 | തദ്ദേശ സ്വയംഭരണം | തിരുവനന്തപുരം നഗരസഭയിലെ മുട്ടത്തറ സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനിൽ നിന്നും ലിക്വിഡേറ്റഡ് ഡാമേജസ് ഇനത്തിൽ ഈടാക്കിയ 1.62 കോടി രൂപ തിരികെ നൽകിയ നടപടി നീതീകരിക്കാനാവില്ലെന്നും കരാർ പ്രകാരം അഞ്ച് വർഷത്തേയ്ക്ക് ഒ. & എം. സേവനം ഉറപ്പാക്കാൻ കരാറുകാരൻ ബാധ്യസ്ഥനായിരുന്നു എന്നും സമിതി നിരീക്ഷിക്കുന്നു. കരാറുകാരനെ സഹായിക്കാൻ വേണ്ടിയായിരുന്നു പ്രസ്തുത തുക തിരികെ നൽകിയത് എന്ന് സമിതി കരുതുന്നു. ആയതിനാൽ എൽ.ഡി. ഒഴിവാക്കുന്നതിനുള്ള കരാറുകാരന്റെ അപേക്ഷ പരിഗണിച്ച 37-ാമത് എംപവേഡ് കമ്മിറ്റിയുടെയും തുക തിരികെ നൽകാൻ തീരുമാനിച്ച 49-ാമത് എംപവേഡ് കമ്മിറ്റിയുടെയും അജണ്ടയും മിനിട്ട്സും പരിശോധിച്ച് ഇതു സംബന്ധിച്ച് അടിയന്തര റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 4 | 72 | തദ്ദേശ സ്വയംഭരണം | നഗരസഭകളിലെ അഴുക്കുചാൽ ശൃംഖലയുടെ പുനരധിവാസവും മലിനജല സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട മെ. അഭിരാം ഇൻഫ്ര പ്രോജക്ട് പ്രൈവറ്റ് ലിമിറ്റഡുമായുള്ള കരാർ അവരുടെ നഷ്ടോത്തരവാദത്തിൽ റദ്ദായ സാഹചര്യത്തിൽ ടി കരാറുകാരനിൽ നിന്നും പദ്ധതിയുടെ നഷ്ടോത്തരവാദ തുക തിരിച്ചുപിടിക്കാനുള്ള നടപടി സ്വീകരിച്ച് ഇതു സംബന്ധിച്ച് അടിയന്തിര റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 73 | തദ്ദേശ സ്വയംഭരണം | സ്വീവറേജ് പൈപ്പുകൾ സ്ഥാപിക്കുന്നതിനായി റോഡുകൾ വെട്ടിമുറിക്കുന്നതിനും കുഴിയെടുക്കുന്നതിനുമുള്ള അനുമതി നൽകുന്നതിന് പൊതുമരാമത്തു വകുപ്പ് വളരെയധികം കാലതാമസം വരുത്തുന്നത് മൂലം കരാറുകാർ പ്രവൃത്തികളിൽ നിന്നും പിന്മാറുന്ന സാഹചര്യം ഉണ്ടാകുന്നുണ്ടെന്നും ഇത് എ.ഡി.ബി. പ്രോജക്ടുകൾ നിന്നുപോകുന്നതിനുള്ള ഒരു പ്രധാന കാരണമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ മേൽവിഷയത്തിൽ, കാലതാമസം കൂടാതെ |

| | | | |
|---|---|---|---|
| | | | അനുമതി നൽകുന്നതിന് വേണ്ട നടപടി പൊതുമരാമത്ത് വകുപ്പ് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 74 | തദ്ദേശ സ്വയംഭരണം | പരിസ്ഥിതി പ്രശ്നങ്ങൾ, പൊതുജനങ്ങളുടെ എതിർപ്പ്, റോഡ് മുറിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിലെ താമസം എന്നിവ മൂലം എ.ഡി.ബി. വായ്പ ഉപയോഗിച്ചുകൊണ്ടുള്ള നിരവധി പദ്ധതികൾ ഇടയ്ക്ക് വച്ച് നിർത്തുകയോ ഉപേക്ഷിക്കുകയോ ചെയ്തതായി സമിതി വിലയിരുത്തുന്നു. ഇത്തരത്തിൽ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ സ്റ്റേറ്റ് ഫണ്ടുപയോഗിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 75 | തദ്ദേശ സ്വയംഭരണം | 2015-16 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം നഗരസഭയ്ക്ക് അനുവദിച്ച എ.ഡി.ബി. വായ്പയുടെ തിരിച്ചടവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി തെളിവെടുപ്പ് യോഗവേളയിൽ സമിതി മുമ്പാകെ ഉറപ്പ് നൽകിയിരുന്നു. പ്രസ്തുത വിശദാംശങ്ങൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 8 | 76 | തദ്ദേശ സ്വയംഭരണം | ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കരാറുകാരൻ കാലതാമസമോ വീഴ്ചയോ വരുത്തിയാൽ കേരള പൊതുമരാമത്ത് മാനുവലും കരാറിലെ നിബന്ധനകളുമനുസരിച്ചുള്ള നഷ്ടോത്തരവാദത്തിന്റെ നിബന്ധനകൾ കർശനമായി പാലിച്ച് കരാറുകാരനിൽ നിന്നും നഷ്ടം ഈടാക്കുന്നതിനുള്ള നടപടികൾ നഗരസഭകൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 77 | തദ്ദേശ സ്വയംഭരണം | ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതുപോലെ തന്നെ പ്രാധാന്യമർഹിക്കുന്നതാണ് അവയുടെ പരിപാലന വുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത പ്ലാന്റുകളുടെ മെയിന്റനൻസും, ഓപ്പറേഷൻ ആന്റ് മെയിന്റൻസ് കാലയളവിൽ കണ്ടെത്തുന്ന ന്യൂനതകൾ കരാറുകാരുടെ ഉത്തരവാദിത്തത്തിൽ തന്നെ പരിഹരിക്കാൻ വേണ്ട കർശന നടപടികൾ നഗരസഭ സ്വീകരിക്കണമെന്നും അതോടൊപ്പം പ്ലാന്റുകൾ ഏറ്റെടുത്ത ശേഷം സുഗമമായി പ്രവർത്തിപ്പിക്കുന്നതിന് പരിശീലനം നേടിയ വിദഗ്ദ്ധരുടെ സേവനം ഉറപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 78 | തദ്ദേശ സ്വയംഭരണം | കൊച്ചി നഗരസഭയിലെ ജലവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതിയിൽ സ്ഥലത്തിന്റെ യഥാർത്ഥ സ്ഥിതി ശരിയായ വിധത്തിൽ പരിശോധിച്ച് |

| | | | |
|---|---|---|---|
| | | | നിർണ്ണയിക്കാതെ പ്രോജക്ടിന്റെ പ്രഥമ രൂപകൽപ്പന തെറ്റായി തയ്യാറാക്കിയ കൺസൾട്ടന്റിനെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 79 | തദ്ദേശ സ്വയംഭരണം | സ്വീവറേജ് പ്രവൃത്തികളും ജലവിതരണ പ്രവൃത്തികളും നിർവ്വഹിക്കുന്നതിനായി നഗരസഭകൾ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയും ഇടയ്ക്ക് വച്ച് നിർത്തിയതോ അവസാനിപ്പിച്ചതോ ആയ പദ്ധതികളുമായി ബന്ധപ്പെട്ട് റോഡ് മുറിയ്ക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനായി പി.ഡബ്ല്യൂ.ഡി.യിൽ നിക്ഷേപിച്ച തുകയും വിനിയോഗിക്കാതെ അവശേഷിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. വിവിധ ഏജൻസികളിലായി ഇത്തരത്തിൽ വിനിയോഗിക്കാതെ കിടക്കുന്ന തുക നടന്നുകൊണ്ടിരിക്കുന്ന മറ്റേതെങ്കിലും പദ്ധതിയിലേയ്ക്ക് ക്രമീകരിക്കുന്നതിനോ അല്ലെങ്കിൽ തിരികെ ഈടാക്കുന്നതിനോ നഗരസഭകൾ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 80 | തദ്ദേശ സ്വയംഭരണം | കൊച്ചി ജലവിതരണ പാക്കേജിൽ (KCH-WSS-02) കരാറുകാരന് അധികമായി നൽകിയ 24.81 ലക്ഷം രൂപയും തിരിച്ചു പിടിക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 81 | തദ്ദേശ സ്വയംഭരണം | തിരുവനന്തപുരം നഗരസഭയിലെ പഴവങ്ങാടി തോട് അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തിയിൽ തോട് മാലിന്യമുക്തമാക്കുന്നതിനും തോട്ടിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനുമായി ബാർ സ്ക്രീനുകൾ സ്ഥാപിക്കുന്ന പദ്ധതി അധികൃതരുടെ അലംഭാവം മൂലം പാഴായിപ്പോയതായി സമിതി നിരീക്ഷിക്കുന്നു. തോട്ടിൽ മാലിന്യങ്ങൾ നിക്ഷേപിക്കാതിരിക്കുവാനും നിക്ഷേപിക്കുന്നവരെ പിടികൂടുന്നതിനുമുള്ള സംവിധാനം നഗരസഭ തന്നെ തയ്യാറാക്കേണ്ടതായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. മാലിന്യങ്ങൾ നീക്കം ചെയ്ത് തോട് പുനരുദ്ധരിക്കുന്നതിനുള്ള സത്വര നടപടി നഗരസഭ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. തോട്ടിൽ മാലിന്യം നിക്ഷേപിക്കുന്നവരെ തിരിച്ചറിയുന്നതിനും പിടികൂടുന്നതിനുമായി നിരീക്ഷണ ക്യാമറകൾ അടിയന്തരമായി സ്ഥാപിച്ച് അവയുടെ പ്രവർത്തനക്ഷമത കാലാകാലങ്ങളിൽ പരിശോധിച്ച് ഉറപ്പു വരുത്തണമെന്നും തോട്ടിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നിയമപ്രകാരമുള്ള കർശന നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| 14 | 82 | തദ്ദേശ സ്വയംഭരണം | തിരുവനന്തപുരം നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ ഖരമാലിന്യ പരിപാലനത്തിന് വേണ്ടിയും ആമയിഴഞ്ചാൻ തോട്ടിൽ അവശിഷ്ടങ്ങൾ കുന്നു കൂട്ടിയിടുന്നത് തടയുന്നതിന് വേണ്ടിയും സ്ഥാപിച്ച നിരീക്ഷണ ക്യാമറകൾ അറ്റകുറ്റപ്പണി ചെയ്ത് പ്രവർത്തന ക്ഷമമാക്കുന്നതിൽ കെൽട്രോണിന്റെ ഭാഗത്തും നഗരസഭ യുടെ ഭാഗത്തും ഗുരുതരമായ വീഴ്ചയുണ്ടായതായി സമിതി വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കാതിരിക്കാനും സ്ഥാപിക്കപ്പെടുന്ന ക്യാമറകൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനും അവയുടെ സുരക്ഷി തത്വം ഉറപ്പു വരുത്തുന്നതിനും കൃത്യമായി അറ്റകുറ്റ പ്പണികൾ നടത്തുന്നതിനും വേണ്ട നടപടിക്രമങ്ങൾ വിട്ടു വീഴ്ച കൂടാതെ നഗരസഭകൾ സ്വീകരിച്ച് ഇതു സംബന്ധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 15 | 83 | തദ്ദേശ സ്വയംഭരണം | കൊല്ലം കോർപ്പറേഷനിലെ കെഎംകെ റോഡ് വീതി കൂട്ടുന്നതിനായി 2009-ൽ നഗരസഭയ്ക്ക് വ്യക്തികളും സ്ഥാപനങ്ങളും സ്വമേധയാ വിട്ടു നൽകിയ ഭൂമി രേഖാമൂലം ഏറ്റെടുക്കുന്നതിൽ നഗരസഭ വരുത്തിയ കാലതാമസം നീതികരിക്കാനാവില്ലെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത വിഷയം അടിയന്തരമായി പരിഹരി ച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 84 | തദ്ദേശ സ്വയംഭരണം | കൊച്ചി നഗരസഭ എ.ഡി.ബി. വായ്പ ഉപയോഗിച്ച് സ്വീവറേജ് പദ്ധതികൾക്കായി വാങ്ങിയ പൈപ്പുകൾ പദ്ധതി നിർത്തിവച്ചതിനെത്തുടർന്ന് ഉപയോഗിക്കാതെ കൂട്ടിയിട്ടിരിക്കുക യാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പൈപ്പുകൾ സ്വീവറേജ് പദ്ധതികൾക്ക് മാത്രമേ ഉപയോഗിക്കാൻ കഴിയൂ എന്നതിനാൽ മറ്റേതെങ്കിലും സ്വീവറേജ് പദ്ധതികളിൽ ഫലപ്രദമായി വിനിയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 85 | തദ്ദേശ സ്വയംഭരണം | മൊബിലൈസേഷൻ അഡ്വാൻസും പലിശയും തിരിച്ചു പിടിക്കുന്നതിൽ നഗരസഭകൾ വീഴ്ച വരുത്തുന്നതായി സമിതി നിരീക്ഷിക്കുന്നു. വിവിധ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ക്രമീകരിക്കാത്ത മൊബിലൈസേഷൻ അഡ്വാൻസുകൾ കരാറുകാരിൽ നിന്നും ഈടാക്കുന്ന തിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.